XIII. നിയമനിർമ്മാണകാര്യം

(a) 1996-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, 1996-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, 1996-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബിൽ പരിഗണനയ്ക്ക് എടുത്തിരിക്കുന്നു.

ശ്രീ. സി. വി. പത്മരാജൻ: സർ, സംസാരിക്കാൻ ഒന്നുമില്ല. കഴിയുന്നതും വേഗം ചർച്ച അവസാനിപ്പിച്ച് അടുത്ത നടപടിയിലേക്ക് കടക്കുന്നതായിരിക്കും എല്ലാവർക്കും സൗകര്യപ്രദം എന്ന അഭ്യർത്ഥന മാത്രമേ എനിക്ക് വയ്ക്കാനുള്ളൂ.

ശ്രീ. പാച്ചേനി കുഞ്ഞിരാമൻ: സർ, ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. അധികാരത്തിൽ വന്നാൽ 100 ദിവസം കൊണ്ട് സാധന വില 1990 ജൂലായിലെ വിലയിലേക്ക് താഴ്ത്തിക്കൊണ്ടുവരുമെന്ന് തിരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളതാണ്. കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ സാധനത്തിന്റെ വിലകളൊന്നും കുറഞ്ഞിട്ടില്ലെന്നു മാത്രമല്ല, വർദ്ധിക്കുകയാണുണ്ടായത്; വില 100-ഉം 150-ഉം ശതമാനം കണ്ട് വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനം നേരിടുന്ന രൂക്ഷമായ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. ഇപ്പോഴും നേരിടുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിന് കേന്ദ്ര പൂളിൽ നിന്നും കൂടുതൽ വൈദ്യുതി ലഭ്യമാക്കാൻ സർക്കാരിനു കഴിഞ്ഞിട്ടില്ല. കേന്ദ്രം ഭരിക്കുന്ന കക്ഷിതന്നെ കേരളം ഭരിച്ചിട്ടും കേരളം നേരിടുന്ന ഒരു പ്രശ്നത്തിനും പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിന് 150 കോടി രൂപയുടെ പദ്ധതിയുമായി കേന്ദ്രത്തിന്റെ മുമ്പിൽ നമ്മുടെ മുഖ്യമന്ത്രി നിവേദനവുമായി ചെല്ലുകയുണ്ടായി. പ്രധാനമന്ത്രി കുറെ ഉറപ്പുകൾ കൊടുത്തു മടക്കി അയച്ചു. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് 30 കോടി രൂപ അടിയന്തിരമായി ലഭിക്കണം എന്നാണ്. അതിനും പ്രധാനമന്ത്രി ഉറപ്പുകൊടുത്തു. അങ്ങനെ കുറെ ഉറപ്പുകൾ മാത്രം നമുക്കിപ്പോൾ മിച്ചമായിട്ടുണ്ട്. സംസ്ഥാനത്തിന്റെ വൈദ്യുതി പ്രശ്നം പരിഹരിക്കാൻ കേന്ദ്രം നടപടി സ്വീകരിക്കുന്നില്ല. അഞ്ചുവർഷത്തെ 'രേണനേട്ടത്തിന്റെ' ഫലമായി വ്യാവസായിക-കാർഷികമേഖല തകർച്ചയെ നേരിടുന്നു. കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

നയത്തിന്റെ ഫലമായി ഉൽപാദനവും ഉൽപ്പാദനക്ഷമതയും കുറഞ്ഞു. നെൽകൃഷി ഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഉല്പാദനക്ഷമത കുറയുന്നു. നാളികേര വികസനത്തിനുവേണ്ടി 215 കോടി രൂപയുടെ പദ്ധതി 1993-ൽ ആവിഷ്ക്കരിച്ചു എങ്കിലും പത്തുതേങ്ങ പോലും അധികമായി ഉല്പാദിപ്പിക്കുവാൻ നമുക്കിവിടെ കഴിഞ്ഞിട്ടില്ല. കാപ്പി, കുരുമുളക്, ഏലയ്ക്ക, ഗ്രാമ്പൂ, മരച്ചീനി എന്നിവയുടെ ഉല്പാദനവും ഇവിടെ കൂടുകയല്ല, കുറയുകയാണുണ്ടായത്. പരമ്പരാഗത വ്യവസായങ്ങളും തകർച്ചയെ നേരിടുന്നു. കശുവണ്ടി തൊഴിലാളികളും പണിയില്ലാതെ പട്ടിണിയിലാണ്. കശുവണ്ടി സംഭരിക്കുന്നതിനും, തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനും സർക്കാർ തയ്യാറാകുന്നില്ല. കഴിഞ്ഞ വർഷം കേവലം 12 ദിവസമാണ് ഇവിടെ തൊഴിലാളികൾക്ക് പണി നൽകിയത്. 12 ദിവസം പണി ചെയ്താൽ എങ്ങനെ ഒരു കുടുംബം പുലർത്താൻ കഴിയും? ആ കുടുംബത്തിൽ ബീഡി വലിക്കുന്ന ഒരാളുണ്ടെങ്കിൽ അയാൾക്ക് ബീഡി വാങ്ങാൻ പോലും ആ വരുമാനം തികയുകയില്ല എന്നത് ഒരു വസ്തുത അല്ലേ? കയർ മേഖലയിൽ കോടിക്കണക്കിന് രൂപയുടെ കയറുല്പന്നങ്ങൾ കെട്ടിക്കിടക്കുന്നു. 10 കോടിയിലധികം ഉറുപ്പികയുടെ ഉല്പന്നങ്ങളാണ് അങ്ങനെ കെട്ടിക്കിടക്കുന്നത്. കൈത്തറി വ്യവസായവും തകരുകയാണ്. കൈത്തറി സംഘങ്ങൾക്ക് നൽകുവാനുള്ള റിബേറ്റ് നൽകുന്നില്ല. നൂലും ചായവും ന്യായവിലയ്ക്ക് നൽകുവാനുള്ള പദ്ധതികൾ ഗവൺമെന്റ് കൈവെടിഞ്ഞു. വ്യവസായ വികസനത്തിനായി നമ്മുടെ വ്യവസായ മന്ത്രി 18-ൽപ്പരം രാജ്യങ്ങൾ സന്ദർശിച്ചു. അഞ്ചു വർഷത്തിനുള്ളിൽ വിദേശ നിക്ഷേപത്തോടെ ആരംഭിച്ച വ്യവസായങ്ങളുടെ എണ്ണം കേവലം രണ്ട് ആണ്. അഞ്ചു വർഷത്തിനിടയിൽ സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിനായി 212 ധാരണാ പത്രങ്ങളിൽ ഒപ്പുവച്ചതിൽ ഇതുവരെ 52 പ്രോജക്ടുകൾ ആരംഭിച്ചിട്ടുണ്ടെന്നാണ് സർക്കാരിന്റെ കണക്ക്. വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് കേന്ദ്രം അനുവദിച്ച 750 ലക്ഷം രൂപ ഇവിടെ ചെലവഴിച്ചിട്ടില്ല. മൈലം ഭൂമി ഇടപാടിൽ സർക്കാരിന് നഷ്ടം 43 ലക്ഷമാണ്. ഖാദി മേഖലയിൽ ഖാദിക്ക് അനുവദിക്കപ്പെട്ട തുക ചെലവഴിച്ചിട്ടില്ല. ആയിരം കോടി രൂപയുടെ പദ്ധതി ഇപ്പോഴും കടലാസ്സിൽ തന്നെ. മലയോര വികസന അതോറിറ്റി രൂപീകരണം അടുത്ത പഞ്ചവൽസര പദ്ധതിയിൽ നടപ്പാക്കാൻ കഴിയുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഓരോ കുടുംബത്തിലും ഒരാൾക്കുവീതം തൊഴിൽ കൊടുക്കുമെന്ന 1992-ലെ ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് ആർക്കെങ്കിലും തൊഴിൽ നൽകിയിട്ടുണ്ടോ? സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിനായി ഒരു നടപടിയും ഈ സർക്കാർ സ്വീകരിച്ചിട്ടില്ല. നിലവിലുള്ള പാതകൾ ഇരട്ടിപ്പിക്കുക, വർഷങ്ങൾക്കുമുമ്പ് സർവ്വേ പൂർത്തിയായ റൂട്ടിൽ പാത നിർമ്മിക്കുക, പ്രധാന പദ്ധതികൾ വൈദ്യുതീകരിക്കുക, കൂടുതൽ യാത്രാ വണ്ടികൾ അനുവദിക്കുക എന്നിവയാണ് കേരളത്തിന്റെ യഥാർത്ഥ ആവശ്യങ്ങൾ. ഇതിനുപകരം ചില സർവ്വേകൾ പ്രഖ്യാപിച്ച് ജനങ്ങളുടെ കണ്ണിൽ പൊടിയിടുകയാണ് ഗവൺമെന്റ്. കായംകുളം-കൊല്ലം പാതയുടെ പണി 1994 മാർച്ചിൽ പൂർത്തിയാക്കേണ്ടതായിരുന്നു; അത് അപൂർണ്ണമായി കിടക്കുകയാണ്. കൊല്ലം-തിരുവനന്തപുരം പാത ഇരട്ടിപ്പിക്കലിനുവേണ്ടി കഴിഞ്ഞ കൊല്ലം 15 കോടി രൂപ അനുവദിച്ചു. 13 കോടിയും ലാപ്സായി. ഷൊർണ്ണൂർ-മംഗലാപുരം പാത ഇരട്ടിപ്പിക്കൽ യാഥാർത്ഥ്യമായിട്ടില്ല. അതുപോലെ മംഗലാപുരം-തിരുവനന്തപുരം പാത ഇരട്ടിപ്പിക്കൽ. ഈ പാത വന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ കേരളത്തിൽ കൊങ്കൺ റെയിൽവെയുടെ പ്രയോജനം ലഭിക്കുകയുള്ളൂ. കോട്ടയം-ശബരിമല പാതയ്ക്കുവേണ്ടി 500 കോടി രൂപയാണ് പ്രഖ്യാപിച്ചത്. ഇത് കേൾക്കാൻ സുഖമുണ്ട്. എന്നാൽ ഒരു പൈസ പോലും ഏതെങ്കിലും കടലാസ്സിൽ വക കൊള്ളിച്ചിട്ടില്ല. ഈ മന്ത്രിമാരും, അവരുടെ കുടുംബാംഗങ്ങളും ഫോൺ വിളിക്കാൻ ചെലവാക്കിയിട്ടുള്ളതിന്റെ ഓരോന്നിന്റേയും കണക്ക് ഞാൻ വായിക്കുന്നില്ല. മൊത്തം ചെലവാക്കിയിട്ടുള്ളത് 10,50.51,000 ഉറുപ്പിക. മന്ത്രിമാർ അവരുടെ ഫോണിനുവേണ്ടി 6,06,25,000 ഉറുപ്പിക ചെലവാക്കിയിട്ടുണ്ട്. അവരുടെ കുടുംബങ്ങൾക്കുവേണ്ടി 3,90,26,000 ഉറുപ്പിക ചെലവായിട്ടുണ്ട്. അങ്ങനെ 10,50,51,000 ഉറുപ്പിക ഫോണിനുവേണ്ടി മാത്രം ചെലവാക്കിയിട്ടുണ്ട്. ഈ തോതിലെങ്കിലും നമ്മുടെ സ.സ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി നമുക്ക് ചെലവാക്കാൻ സാധിച്ചില്ല. 1992-ൽ ഗവൺമെൻറിന്റെ ഒരു പ്രഖ്യാപനം ഉണ്ടായി; ഓരോ മണ്ഡലത്തിലും 25 ലക്ഷം ഉറുപ്പികയുടെ പദ്ധതി നടപ്പിലാക്കും. ആ പദ്ധതി ഏതായിരിക്കണമെന്ന് അതതു മണ്ഡലത്തിലെ എം. എൽ. എ.-മാർ നിർദ്ദേശിക്കണം എന്ന്. അതനുസരിച്ച് ഞാൻ എന്റെ മണ്ഡലത്തിലെ റോഡാണ് എഴുതിക്കൊടുത്തത്. ഇ.റ്റി.സി. പൂമംഗലം, പറപ്പനങ്ങാടി റോഡ് 25 ലക്ഷം ഉറുപ്പികയ്ക്കുള്ളിൽ തീരുകയില്ല, 70 ലക്ഷം ഉറുപ്പിക വേണ്ടിവരും എന്നതിനാൽ സർവ്വേ നടത്തിക്കഴിഞ്ഞപ്പോൾ ഉദ്യോഗസ്ഥൻമാർ പറഞ്ഞു 25 ലക്ഷത്തിൽ ഒതുങ്ങുന്നതു നിർദ്ദേശിക്കണമെന്ന്. അതനുസരിച്ച് ആ റോഡിൽത്തന്നെ ഒരു പാലം പണിയാൻ നിർദ്ദേശിച്ചു. ആ പാലത്തിനു എസ്റ്റിമേറ് കൊടുത്തു. 20 ലക്ഷം രൂപ മാത്രമേ അതിന് ചെലവ് വരികയുള്ളൂ. ആ 20 ലക്ഷത്തിന് പാലം ഉപയോഗയോഗ്യമാക്കാം എന്ന് ബഹുമാനപ്പെട്ട മന്ത്രി സമ്മതിച്ചു. അതേ മന്ത്രി കുറച്ചുകൂടി കഴിഞ്ഞപ്പോൾ ഒരു സർക്കുലർ എല്ലാ എം. എൽ. എ.-മാർക്കും കൊടുത്തു. പി. ഡബ്ല്യു. ഡി.-യിലൂടെ മാത്രമേ ഈ ന്യൂ എം. എൽ. എ. സ്കീമിൽ പ്രവർത്തികൾ ഏറെടുക്കുകയുള്ളൂ; അല്ലാത്ത പഞ്ചായത്ത് റോഡ് ചെയ്യുകയില്ല എന്ന്. അങ്ങിനെ വന്നതോടുകൂടി ഞാൻ നിർദ്ദേശിച്ച റോഡിന്റേയും, പാലത്തിന്റേയും സ്ഥിതി ഗൗരവ പ്രശ്നമായി. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. കെ. കെ. ബാവയെ ആ കാര്യത്തിൽ ഞാൻ നിർബന്ധിച്ച് ആ പാലത്തിന്റെ സ്ഥിതിയും കാര്യവുമൊക്കെ ബോദ്ധ്യപ്പെടുത്തിയതിന്റെ ഫലമായി ആ പാലത്തിന് അനുമതി തന്നു. ഒരു പ്രത്യേക കേസ് എന്ന നിലയിൽ ന്യൂ എം. എൽ. എ. സ്കീമിൽപ്പെടുത്തി വെട്ടിലോട്ട് പാലം പണിയുന്നതിനുള്ള ഭരണാനുമതി തന്നിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം 8-7-1994-ൽ ഉത്തരവ് തന്നു എന്നാൽ ആ പാലത്തിന്റെ ഡിസൈൻ ആയിട്ടില്ലെന്ന് പറഞ്ഞ് അതിന്റെ പണി ഇപ്പോഴും തുടങ്ങിയിട്ടില്ല. അതിനു ശേഷം ആ റോഡിന്റെ പണി ഏറെടുക്കണം എന്നാവശ്യപ്പെട്ട് വീണ്ടും നിരവധി നിവേദനങ്ങൾ, പഞ്ചായത്ത് മെമ്പർമാരും, പഞ്ചായത്ത് പ്രസിഡൻറും ഞാനും ചേർന്ന് കൊടുത്തു. ഞാൻ ഒറ്റയ്ക്കും കൊടുത്തു. അങ്ങനെ ആ റോഡിന്റെ പണി ഏറെടുക്കുന്നതിന്റെ നടപടികൾ നടത്തി. അതിന്റെ ഫലമായി അന്നത്തെ ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പു മന്ത്രി ശ്രീ. പി. കെ. കെ. ബാവ അത് ഏറെടുപ്പിക്കുന്നതിന്റെ റിപ്പോർട്ടിനയച്ചു. ആ റിപ്പോർട്ട് തിരിച്ചുവന്നു. അത് ഏറെടുക്കാനുള്ള റിപ്പോർട്ടാണ് തിരിച്ചുവന്നത്. തിരിച്ചുവന്ന റിപ്പോർട്ട് പ്രകാരം ആ റോഡ് ഏറെടുക്കുന്നത് 1995 മാർച്ച് മാസം 18-ാം തീയതി നിർത്തിവച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു. അപ്പോൾ നാട്ടുകാർ പ്രക്ഷോപണം ആരംഭിച്ചു. ഈ റോഡ് ഏറെടുക്കണം, പാലം പണി ആരംഭിക്കണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞുകൊണ്ടാണ് പ്രക്ഷോപണമാരംഭിച്ചത്. ഞാൻ അതിലും പങ്കാളിത്തം വഹിച്ചു. അങ്ങനെ വന്നപ്പോഴാ അവിടെ പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ ഘട്ടം വന്നു. ഭരണകക്ഷിക്കാർ, പ്രത്യേകിച്ച് മുസ്ലീം ലീഗുകാർ രാഷ്ട്രീയം ഉപേക്ഷിക്കും എന്നുവരെ പരസ്യമായി പ്രഖ്യാപനങ്ങളും നടത്തി. കോൺഗ്രസ്സുകാരാണെങ്കിൽ ഈ തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കും, അവർ വോട്ട് ചെയ്യുകയില്ല എന്നുള്ള നിലപാടും എടുത്തു. അത് അംഗീകരിച്ചുകിട്ടുന്നതിനുള്ള പ്രക്ഷോഭം നാട്ടുകാരുടെ ഭാഗത്തുനിന്നും വന്നു. അങ്ങനെ വന്നപ്പോഴാ ശ്രീ. ബാവ പൊതുമരാമത്തു വകുപ്പുമന്ത്രി അല്ലാതായി. പുതുതായി പൊതുമരാമത്ത് വകുപ്പുമന്ത്രിയായി വന്ന ശ്രീ. സി. ടി. അഹമ്മദ് അലി സാഹിബ് ഒരു കത്ത് കൊടുത്തു; ഈ റോഡ് ഏറെറടുത്തിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട്. അത് അദ്ദേഹത്തിന്റെ പാർട്ടിക്കാരനായ ശ്രീ. മമ്മുവിനാണ്. കത്ത് ഞാൻ ഇവിടെ വായിക്കാം.

പ്രിയപ്പെട്ട മമ്മു സാഹിബ്,

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽപ്പെട്ട ഇ. ടി. സി.—പൂമംഗലം—കാലിക്കടവ്—പുറത്തേക്കാട്—വടക്കാട് റോഡ് പൊതുമരാമത്ത് വകുപ്പ് ഏറെറടുത്തിരിക്കുന്നു.

സി. ടി. അഹമ്മദ് അലി,

ടി. പി. മമ്മു, സെക്രട്ടറി (മണ്ഡലം), മുസ്ലീംലീഗ്,

തളിപ്പറമ്പ്.

ഇതാണ് കത്ത്. 2-8-1995-ൽ ആണ് കത്ത് അയച്ചത്. ഈ കത്ത് ഫോട്ടോസ്റ്റാറ്റ് എടുത്ത് കോൺഗ്രസ്സുകാരേയും ഭരണകക്ഷിക്കാരേയും ഒക്കെ കാണിച്ചു—അങ്ങനെ റോഡ് ഏറെറടുത്തിരിക്കുന്നു; പാലം നേരത്തേ ഏറെറടുത്തിട്ടുണ്ടല്ലോ; ഇനി പ്രശ്നമില്ല. ആ നിലയ്ക്ക് പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞു. ഇത് ഈ നാട്ടുകാർക്കറിയില്ല. ഈ കത്ത് ആരേയും കാണിച്ചിട്ടില്ല. അത് അവരെ മാത്രം കാണിച്ച് അതും വോട്ടാക്കി മാറ്റാൻ ശ്രമിച്ചു. അത് രാഷ്ട്രീയ വഞ്ചനയാണ്. ഇതാണ് എന്റെ ആരോപണം. എന്നാൽ ആ റോഡ് ഏറെറടുക്കുന്നതിനുവേണ്ടി നാട്ടുകാർ സമരം വീണ്ടും തുടർന്നു. പി. ഡബ്ല്യൂ. ഡി. ഓഫീസിനു മുമ്പിൽ ധർണയും സമരവും ഒക്കെ നടന്നു. അതിന്റെ ഫലമായി മുസ്ലീംലീഗുകാർക്ക് പറഞ്ഞു നിൽക്കാൻ പററാത്ത സാഹചര്യം വന്നപ്പോഴാ, പളളിയിലെ വികാരി അടക്കം ഈ സമരത്തിനു അനുകൂലമായി നിന്നപ്പോഴാ, സംഗതിയൊക്കെ വിഷമത്തിലായി. ഈ റോഡ് ഏറെറടുത്തത് ഫെബ്രുവരി മാസം 3-ാം തീയതിയാണ്. 1996 ഫെബ്രുവരി മാസം 3-ാം തീയതിയാണ് റോഡ് ഏറെറടുക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ചത്. സാധാരണ ഒരു റോഡ് ഏറെറടുക്കുമ്പോഴാ അതിനുവേണ്ടി നിവേദനം നടത്തിയ സ്ഥലം എം. എൽ. എ.യ്ക്ക് കത്ത് കൊടുക്കും, അത് ഏറെറടുത്തിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ട്. അങ്ങനെയൊരു കത്ത് എനിക്ക് തന്നില്ല, ഈ കത്തും എന്നെ കാണിച്ചില്ല. എനിക്ക് ഈ ഉത്തരവ് കിട്ടിയപ്പോഴാ ഞാൻ പി. ഡബ്ല്യൂ. ഡി. സെക്രട്ടറിക്ക് ആക്ഷേപം കൊടുത്തു. ഞാനാണ് നിരവധി നിവേദനങ്ങളും കൊടുക്കുകയും അതിനുവേണ്ടി പ്രയത്നം ചെയ്യുകയും ചെയ്തത്; എന്നിട്ട് എന്റെ പേരുപോലും ഇതിനകത്തു വയ്ക്കാതെ നിങ്ങളും ഒരു തീരുമാനം എടുത്ത് അയച്ചത് ശരിയായില്ല എന്നു പറഞ്ഞു. ഇന്നുവരെ അതിന് മറുപടി തന്നിട്ടില്ല. നിങ്ങളും ഇവിടെ പാർട്ടിക്കാർക്കുവേണ്ടി പരാജയം ഏറെറുവാങ്ങുന്ന സന്ദർഭത്തിൽ രാഷ്ട്രീയ വഞ്ചന നടത്തുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

രേഖമാണ് ഇവിടെ നടത്തുന്നത് എന്ന് നിങ്ങൾ മനസ്സിലാക്കണം. ഇതിന്റെ തന്നെ ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. ഇത്രയും വഞ്ചന നടത്തുന്ന ഒരു ഗവൺമെന്റാണ് ഇത് എന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നത്.

ശ്രീ. ഇ. പി. ജയരാജൻ: തടവിൽ കഴിഞ്ഞിരുന്ന തൃശ്ശൂരുള്ള മാധവൻ എന്ന രോഗി കാൻസർ പിടിച്ച് അത്യാസന്ന നിലയിലായി. അത് പോലീസ് ഡിപ്പാർട്ടുമെന്റിലെ ജില്ലാ സെക്രട്ടറിയെ അറിയിച്ചു. 18 ദിവസം ജില്ലാ സെക്രട്ടറിയുടെ മുമ്പിൽ ആ ഫയൽ കിടന്നു. അയാൾ ജയിലിനകത്തുവച്ച് മരിച്ചു. ഇപ്പോഴും തടവിൽ കഴിയുന്ന ആളുകളോട് ഈ ഗവൺമെന്റ് കാണിക്കുന്നത് ക്രൂരതയാണ് എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. പാച്ചേനി കുഞ്ഞിരാമൻ: തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ പിന്നോക്ക പ്രദേശങ്ങളിൽ റോഡുകളും പാലങ്ങളും ഉണ്ടാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ബാവ ഏറെ സഹായം ചെയ്തുകളഞ്ഞു എന്നുള്ള ഒരു നിലപാടാണ് എടുത്തിരിക്കുന്നത്; അതിനുവേണ്ടിയുള്ള പ്രചരണങ്ങളും നടത്തുന്നുണ്ട്. 6 മാസംകൊണ്ട് എന്തൊക്കെയോ മഹാത്ഭുതങ്ങൾ സൃഷ്ടിച്ചിരിക്കുന്നു എന്നൊക്കെയാണ് മന്ത്രിയുടെ പ്രസംഗം. അങ്ങനെയുള്ള രാഷ്ട്രീയ വഞ്ചനയെ ശക്തമായി എതിർക്കുന്നതുകൊണ്ടാണ് ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുന്നത്.

ശ്രീ. പാലോട് രവി: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. 9-ാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനം ഏതാനും മണിക്കൂറുകൾ കഴിയുമ്പോൾ അവസാനിക്കുകയാണ്. ഇത്രയും ശാന്തമായ അന്തരീക്ഷത്തിൽ നിയമസഭാ സമ്മേളനം അവസാനിക്കുന്നതിന് ഉള്ള സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവുമായ ചുറ്റുപാട് കേരളത്തിൽ ഉണ്ടാക്കിയ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. എത്രയോ ഗവൺമെന്റുകൾ ഈ നിയമസഭയ്ക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇങ്ങനെ സംഭവിച്ചിരിക്കുന്നത്. ജനങ്ങളുടെ വിശ്വാസം അതാണ്. ജനങ്ങളുടെ അഭിപ്രായമാണ് ഈ സഭയിൽ പ്രതിഫലിക്കുന്നതെങ്കിൽ ഇത്രയും ശാന്തമായ, അവസരത്തിനൊത്ത് ഇത്രയും ഉയർന്ന, ജയകീയ പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനും ജനകീയ പ്രശ്നങ്ങൾക്ക് മാന്യമായ പരിഹാരം കണ്ടെത്തുന്നതിനും കഴിഞ്ഞിട്ടുള്ള നിയമസഭയാണ് ഇത്. ഇതിന്റെ സമ്മേളനം അവസാനിക്കാൻ പോവുകയാണ്. ഇങ്ങനെ തന്നെ ഈ സമ്മേളനത്തെ അങ്ങയെപ്പോലെയുള്ള ചരിത്രകാരൻമാർ രേഖപ്പെടുത്തും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതെന്തുകൊണ്ടുണ്ടായി? നാലു മാസക്കാലത്തേക്കുള്ള ഉപധനാഭ്യർത്ഥനകൾ ഈ സഭയിൽ അവതരിപ്പിക്കുകയുണ്ടായി. ഞാൻ ഈ സഭയിൽ ഏറ്റവും കൂടുതൽ ബഹുമാനിക്കുന്ന ഒരാളാണ് ശ്രീ. പാച്ചേനി കുഞ്ഞിരാമൻ. അദ്ദേഹം പ്രസംഗിച്ചത് ആരംഭം മുതൽ അവസാനം വരെ വഞ്ചന എന്നു പറഞ്ഞുകൊണ്ടാണ്. ഞാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയെ അടച്ച് ആക്ഷേപിക്കുന്ന ഒരാളല്ല. എത്രകാലം 'ഈ വഞ്ചന' എന്നു പറഞ്ഞു നടക്കും സർ? പ്രതിപക്ഷത്തിരുന്നാൽ വഞ്ചന; ഭരണപക്ഷത്തിരുന്നാൽ എല്ലാം സ്വർഗ്ഗം. ഈ സംസ്ഥാനത്ത് ഇത്രയേറെ യാഥാർത്ഥ്യബോധമില്ലാതെ സാമ്പത്തിക രംഗത്തും സാമൂഹ്യരംഗത്തും ഉണ്ടായിരിക്കുന്ന മാറ്റങ്ങൾ ഉൾക്കൊള്ളാൻ കഴിയാതെ പോയതുകൊണ്ടല്ലേ സാർ, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യൻ പാർലമെൻറിൽ പിൻനിരയിലേക്ക് തള്ളപ്പെട്ടത്? ജവഹർലാൽ നെഹ്റുവിൻെറ തൊട്ടെതിരേ വിരൽ ചൂണ്ടിക്കൊണ്ടാണ് എ.കെ.ജി. ഇരുന്നിരുന്നതെങ്കിൽ ഇന്ന് ആ പാർട്ടിയിൽപ്പെട്ടവരുടെ സ്ഥാനം പിൻനിരയിലേക്ക് തള്ളപ്പെട്ടിരിക്കുകയാണ്. ഈ രാജ്യത്തിൻെറ ചുവരെഴുത്തുകൾ മനസ്സിലാക്കാൻ കഴിയാത്ത വിധത്തിൽ മാർക്സിസ്റ്റു പാർട്ടി അധഃപതിച്ചിരിക്കുകയാണ്. 35 കോടി ജനങ്ങളുണ്ടായിരുന്ന സ്ഥാനത്ത് 100 കോടി ജനങ്ങളുമായി 21-ാം നൂറ്റാണ്ടിലേക്ക് എത്തി നിൽക്കുമ്പോൾ നിങ്ങൾ ആലോചിക്കണ്ടേ, ഈ രാജ്യത്ത് ഉണ്ടായിരിക്കുന്ന മാറ്റങ്ങൾ, ഈ രാജ്യത്ത് ഓരോ രംഗത്തും ഉണ്ടായിരിക്കുന്ന മാറ്റങ്ങൾ, എന്തൊക്കെയാണെന്ന്? ആ മാറ്റങ്ങൾ ഉൾക്കൊള്ളാൻ ഇത്രയും വലിയ ജനസംഖ്യയെ നയിക്കുന്ന ഒരു ദേശീയ പ്രസ്ഥാനം എന്നുള്ള നിലയിൽ, മതേതര പ്രസ്ഥാനം എന്നുള്ള നിലയിൽ, ജനാധിപത്യ പ്രസ്ഥാനം എന്നുള്ള നിലയിൽ കോൺഗ്രസിന് നിങ്ങളുടെ പൂച്ചെണ്ട് ആവശ്യമില്ല. പക്ഷേ അവസരത്തിലും അനവസരത്തിലും നിങ്ങൾ എപ്പോഴും കോൺഗ്രസിനെ കല്ലെറിഞ്ഞിട്ടുണ്ട്. പലപ്പോഴും നിങ്ങൾ കോൺഗ്രസിനെ മാത്രം കല്ലെറിഞ്ഞു വളരാൻ ശ്രമിച്ചിട്ടുണ്ട്. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം കോൺഗ്രസിനെ കല്ലെറിഞ്ഞു കല്ലെറിഞ്ഞു മാത്രം വളരാൻ ശ്രമിച്ച നിങ്ങളുടെ ഇന്നത്തെ പൊസിഷൻ എന്താണെന്ന്? ഇന്ന് രാഷ്ട്രീയത്തിൽ നിങ്ങൾ ഇരുട്ടിൽ തപ്പുകയാണ്. നിങ്ങൾക്ക് ദേശീയ മുന്നണിയുണ്ടോ? നിങ്ങളുടെ ദേശീയ മുന്നണിയുടെ നേതാവാരാണെന്ന്? നിങ്ങളുടെ ദേശീയ മുന്നണിയുടെ നേതാവായ ശ്രീ. എൻ. ടി. രാമറാവുവിൻെറ ഏതു വിഭാഗവുമായിട്ടാണ് നിങ്ങൾ കൂട്ടുകൂടുന്നത്? തമിഴ്നാട്ടിൽ നിങ്ങളുടെ ചങ്ങാതിയായിരുന്ന ശ്രീ. കരുണാനിധി ഇപ്പോൾ നിങ്ങളുടെ മുന്നണിയിൽ ഉണ്ടോ? ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഈ ലോകം കണ്ടിട്ടുള്ള ഏറ്റവും വലിയ ജനാധിപത്യ പ്രസ്ഥാനവും മതേതരപ്രസ്ഥാനവുമായ കോൺഗ്രസ്സിനെ കല്ലെറിഞ്ഞതിൻെറ ശിക്ഷ ഇൻഡ്യൻ ജനങ്ങൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് നൽകാൻ പോവുകയാണ്. അതിൻെറ കേളികൊട്ടാണ് ഇന്ന് കേരളത്തിലും ഇൻഡ്യയിലും രാഷ്ട്രീയ രംഗത്ത് കാണാൻ പോകുന്നത്. പശ്ചിമ ബംഗാളിലേയും സ്ഥിതി ഇതു തന്നെയാണ്. ഒരു ജനകീയ പ്രസ്ഥാനമായി വളർന്നുവന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻെറ, എല്ലാ രംഗത്തും അവസരം കിട്ടിയപ്പോഴെല്ലാം തായ്വേരറുക്കുന്ന ഒരു സമീപനമാണ് നിങ്ങൾ സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ഇത്രയും അധോഗതി ഉണ്ടായത്. നിങ്ങൾക്കറിയാമോ രണ്ടു വർഷം കോൺഗ്രസ് ഇതര ഗവൺമെൻറുകൾ കേന്ദ്രത്തിൽ അധികാരത്തിൽ വന്നു. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഇക്കാലമത്രയും നിങ്ങൾക്ക് ചുവരെഴുതി വയ്ക്കാൻ ഒരു മുദ്രാവാക്യമുണ്ടോ?

നിങ്ങൾ പിൻതാങ്ങിയ ശ്രീ. മൊറാർജി ദേശായിയുടെ ജനതാപാർട്ടി ഗവൺമെൻറ്, നിങ്ങൾ ലോകനേതാവായി അംഗീകരിച്ച ശ്രീ. വി. പി. സിംഗിൻെറ ഗവൺമെൻറ്, ഇതു രണ്ടും ഈ രാജ്യത്തിനു നൽകിയ സംഭാവനകൾ എന്താണെന്നു മാർക്സിസ്റ്റു പാർട്ടിയുടെയോ സി.പി.ഐ.-യുടേയോ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടേയോ ഏതെങ്കിലും ഒരു ചുവരെഴുത്തിൽ നിങ്ങൾക്ക് എഴുതിവയ്ക്കാൻ കഴിയുമോ? നിങ്ങൾ ഇന്ന് അന്ധമായ കോൺഗ്രസ് വിരോധം പ്രകടിപ്പിക്കുന്നു. എന്നിട്ട്

LIBRARY ARCHIVES Kerala Legislative Assembly

എന്തായി സ്ഥിതി? ഇന്ന് ഇൻഡ്യൻ നാഷണൽ കോൺഗ്രസ് എന്നു പറയുന്ന പ്രസ്ഥാനം, ഈ രാജ്യത്തിന്റെ ജനാധിപത്യവും മതേതരത്വവും സാമ്പത്തികരംഗവും തകരാതെ സൂക്ഷിക്കാനുള്ള കാവൽക്കാരായി നിൽക്കുന്നു എന്നാണ് നിങ്ങളോടൊപ്പം നിൽക്കുന്ന തൊഴിലാളികളുടെയും സാധാരണക്കാരുടെയും ഇടത്തരക്കാരുടെയും അന്തഃരംഗം പറയുന്നത്. അതുകൊണ്ടാണ് ഒൻപതാം കേരള നിയമസഭാ സമ്മേളനം അവസാനിക്കുന്ന ഈ വേദി ഇത്രയും ശാന്തമായി മാറിയത്.

ഈ ധനവിനിയോഗ ബില്ലിൽ ഞാൻ ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് കേരളത്തിന്റെ വികസനത്തിന്റെ വേലിയേറ്റം. പലപ്പോഴും ഈ സഭയിൽ അപ്പുറത്തും ഇപ്പുറത്തും ഇരുന്നവർ ചൂണ്ടിക്കാണിക്കുന്നത് അതാണ്. ഞാൻ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് ഒരു കാര്യം പറയുകയാണ്, അങ്ങ് ഒരു പ്രയോറിറ്റി നിശ്ചയിക്കണം. ഈ പണം ഉപയോഗിക്കുന്ന, നാല്യ മാസക്കാലത്തെ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിയിരിക്കുന്ന ഈ നിയമസഭയിൽ അങ്ങ് ഒരു പ്രയോറിറ്റി നിശ്ചയിക്കണം. നമുക്കറിയാം, ഇവിടെ ഏതു ഗവൺമെന്റ് വന്നാല്യം സമയത്തു കർഷകത്തൊഴിലാളി പെൻഷൻ ഇല്ല, വിധവാ പെൻഷൻ ഇല്ല, ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ ഇല്ല. ക്യാൻസർ രോഗികൾക്കുള്ള പെൻഷൻ മുടങ്ങുന്ന കേരളം! ഈ ദുർഗതി ഈ സംസ്ഥാനത്ത് ഉണ്ടാകാതിരിക്കാൻ ഈ ധനവിനിയോഗബില്ലിൽ ഒരു പ്രയോറിറ്റി നിശ്ചയിക്കണം. ധനകാര്യ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ, എല്ലാ ഡിപ്പാർട്ടുമെന്റിലും സ്വാധീനമുള്ള ഒരാൾ എന്നുള്ള നിലയിൽ, എല്ലാ വകുപ്പുകളിലും ഏപ്രിൽ മാസം മുതൽ ഈ അനുവദിച്ചിരിക്കുന്ന തുകയുടെ മൂന്നിലൊന്ന് ഈ മേഖലയിലുള്ള ആളുകൾക്ക് കൃത്യമായിട്ടു കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കണം. അതുപോലെ നമ്മുടെ സംസ്ഥാനത്ത് പരമ്പരാഗത മേഖലയിലുള്ള തൊഴിലാളികൾ, പ്രത്യേകിച്ച് പൊതുമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ, വല്ലപ്പോഴും ഒരു പ്രമേയത്തിൽ ഒതുങ്ങുന്ന സ്ഥിതിയിലേക്ക് നമ്മുടെ കേരളത്തിൽ മാറുകയാണ്. അവരുടെ അവശതകൾ മാറുന്നതിനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനും കശുവണ്ടി മേഖലയിലെ തൊഴിലാളികളായിരുന്നാലും ഈറ മേഖലയിലെ തൊഴിലാളികളായിരുന്നാലും പാറത്തൊഴിലാളികളായിരുന്നാലും തോട്ടം തൊഴിലാളികളായിരുന്നാലും, തൊഴിൽ സമരംകൊണ്ട് വളർന്നുവന്ന ആ പ്രസ്ഥാനങ്ങളുടെ രണഭൂമിയായി മാറിയിരിക്കുന്നു കേരളം. കേരളത്തിലെ തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ, കേരളത്തിലെ തീരപ്രദേശത്തെ തൊഴിലാളികളുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ അത്യാവശ്യമായ പണം കണ്ടെത്തുന്നതിന്, കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ ഈ ധനവിനിയോഗ ബിൽവഴി ലഭിച്ച തുക ഉപയോഗിക്കുമ്പോൾ ആവശ്യങ്ങൾക്ക് ഒരു മുൻഗണനാക്രമം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഒരുപാട് ഗവൺമെന്റുകൾക്ക് സാക്ഷ്യം വഹിച്ച ഒരു സംസ്ഥാനമാണ് കേരളം. ഞങ്ങൾ ആരേയും വെല്ലുവിളിക്കാൻ തയ്യാറല്ല. കാരണം ഞങ്ങൾക്കറിയാം, കേരളത്തിലെ ജനങ്ങൾ പ്രബുദ്ധരാണെന്ന്. ഞങ്ങൾ ഒരു വെല്ലുവിളിയുടെ സ്വരത്തിൽ പറയുകയല്ല. പക്ഷെ കേരളത്തിൽ ഇങ്ങനെ രൂപീകരിച്ചു വന്നിരിക്കുന്ന അന്തരീക്ഷത്തിൽ, ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അഭിമാനത്തോടുകൂടി തലയുയർത്തി നിന്നുകൊണ്ട്, നിരവധി നേട്ടങ്ങളുടെ പൂക്കൂടയുമേന്തിക്കൊണ്ട് കേരളത്തിലെ ജനങ്ങളെ സമീപിക്കും;

LIBRARY ARCHIVES Kerala Legislative Assembly

അതിന് ഈ ഗവൺമെൻറിനു കഴിയും. ഇവിടെ നേരത്തെ സംസാരിച്ച ശ്രീമതി കെ. സി. റോസക്കുട്ടി ചൂണ്ടിക്കാണിച്ചതുപോലെ, ഞങ്ങൾ ജനങ്ങളുടെ മുമ്പിൽ ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിലാണ് വന്നത്. എങ്കിൽ അങ്ങനെ ജനങ്ങളുടെ വോട്ടു വാങ്ങി അധികാരത്തിൽ വന്ന ഒരു ഗവൺമെൻറും ഒരു മുന്നണിയും എന്ന നിലയിൽ ഞങ്ങൾ അഭിമാനത്തോടുകൂടി പറയുന്നു, നിരവധി നേട്ടങ്ങളുടെ പൂക്കൂടയുമായി ഞങ്ങൾ കേരളത്തിലെ ജനങ്ങളെ സമീപിക്കുകയാണ്. തീർച്ചയായും കേരളത്തിലെ ജനങ്ങളുടെ മനസ്സിനകത്ത് ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിനും ഐക്യജനാധിപത്യ മുന്നണിയുടെ അമരക്കാരനായി ഇന്നു ലക്ഷോപലക്ഷം ജനങ്ങളുടെ കൂടപ്പിറപ്പായി മാറിയിരിക്കുന്ന ശ്രീ. എ. കെ. ആൻറണിക്കും സ്ഥാനമുണ്ടാകും എന്നു ഞങ്ങൾക്ക് വിശ്വാസമുണ്ട്. സാമൂഹ്യ രംഗത്തും രാഷ്ട്രീയരംഗത്തുമൊക്കെ ഈ സമൂഹത്തിൽ വന്നിരിക്കുന്ന ഒട്ടനവധി ദുഷ്പ്രവണതകൾക്ക് എതിരായി കേരളത്തിലെ ഐക്യജനാധിപത്യമുന്നണി പ്രസ്ഥാനം വിരൽ ചൂണ്ടിയിരിക്കുകയാണ്. ഇതിനു പരിഹാരമുണ്ടാക്കാൻ ഈ നാലു മാസത്തെ വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിച്ചിരിക്കുന്ന ഒരു ഗവൺമെൻറ് എന്ന നിലയിൽ, സാമ്പത്തിക രംഗത്ത് സുസ്ഥിരമായ ഒട്ടനവധി നിലപാടുകൾ സ്വീകരിച്ച ഒരു ഗവൺമെൻറ് എന്ന നിലയിൽ, കേരളത്തിൻെറ രാഷ്ട്രീയ രംഗവും സാമൂഹ്യരംഗവും വളരെ സമാധാനപരമായി മുന്നോട്ടു കൊണ്ടു പോകാൻ കഴിഞ്ഞ ഒരു ഗവൺമെൻറ് എന്ന നിലയിൽ, ഈ ഗവൺമെൻറ് അവതരിപ്പിച്ച ധനവിനിയോഗബില്ലിനെ ഞാൻ സർവ്വാത്മനാ പിൻതാങ്ങുകയാണ്.

ശ്രീ. വി. വി. രാഘവൻ: സർ, ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിന് ഈ സഭയോടും സഭയിലെ സാമാജികൻമാരോടുമുള്ള സമീപനം കഴിഞ്ഞ അഞ്ചു വർഷക്കാലം എന്തായിരുന്നു എന്നുള്ളതിൻെറ മകുടോദാഹരണത്തോടുകൂടിയാണ് ഇന്ന് ഈ സഭ പിരിയാൻ പോകുന്നത്. സുപ്രധാനങ്ങളായ എത്രയോ ബില്ലുകൾ ഈ സഭയുടെ അജണ്ടയിൽ ഉണ്ടായിരുന്നു. ആ ബില്ലുകളിൻമേൽ തീർപ്പുകൽപ്പിക്കാതെ അവയെ അനിശ്ചിതത്വത്തിൽ വിട്ടുകൊണ്ട് നാം പിരിയുകയാണ്. രണ്ടാഴ്ച മുമ്പെങ്കിലും ഈ സഭ വിളിച്ചുകൂട്ടിയിരുന്നുവെങ്കിൽ ഇപ്രകാരം ഒരു ഗതികേട് ഉണ്ടാകുമായിരുന്നോ? മലബാർ യൂണിവേഴ്സിറ്റി ബിൽ, ഓർഡിനൻസുവഴി മലബാർ യൂണിവേഴ്സിറ്റിക്ക് ജന്മം കൊടുത്ത് ആ ഓർഡിനൻസ് ഈ സഭയിൽ അവതരിപ്പിച്ച് നിയമമാക്കേണ്ടതല്ലേ? 91 വകുപ്പുകളുള്ള ആ ബില്ലിനെപ്പറ്റി ഒരു അഭിപ്രായം പറയണ്ടേ? ഞാൻ ആ വകുപ്പുകളിൽക്കൂടി കണ്ണോടിച്ചപ്പോൾ സർവ്വകലാശാലകളെപ്പറ്റി ഒരു ജനാധിപത്യ വിശ്വാസിക്ക് ഉണ്ടായിരുന്ന എല്ലാ ധാരണകളേയും തകിടം മറിക്കുന്ന വകുപ്പുകളോടുകൂടിയ ബില്ലാണ് അതെന്നു മനസ്സിലായി. ഡോക്ടർ മുനീർ അതു നോക്കിയോ എന്ന് എനിക്ക് അറിയില്ല, ശ്രീ. വി. എം. സുധീരൻ അതു നോക്കിയോ എന്ന് അറിയില്ല, ശ്രീ. പി. പി. തങ്കച്ചൻ നോക്കിയോ എന്നറിയില്ല. ആ യൂണിവേഴ്സിറ്റി ബിൽ ഓർഡിനൻസായി നടപ്പാക്കിയിട്ട് അതൊന്നു യാഥാർത്ഥ്യമാക്കി തീർത്ത് ഈ സഭയുടെ മുമ്പിൽ വരുമ്പോൾ അതു നിയമമാക്കാൻ, അതിനെപ്പറ്റി ഞങ്ങൾക്ക് പറയാനുള്ള അഭിപ്രായം കേൾക്കാൻ സമയം കാണണ്ടേ? എന്നിട്ട് ഇപ്പോൾ നാം പിരിയുന്നു. സഭ നിലനിൽക്കുമെങ്കിലും-അതുപോലെ ഒരു കെയർടേക്കർ ഗവൺമെൻറല്ല എന്നുണ്ടെങ്കിലും, ഈ ഗവൺമെൻറിന് ഇത്ര പ്രധാനമായ ഒരു ബിൽ വീണ്ടും ഓർഡിനൻസായി ഇറക്കാൻ എന്തു ധാർമ്മികമായ അവകാശമുണ്ട്? നാളെ

LIBRARY ARCHIVES Kerala Legislative Assembly

ആരൊക്കെയാണ് ഇവിടെ എത്തുകയെന്ന് ആർക്കും പിടിയില്ല. അങ്ങനെ വരാൻ പോകുന്ന നിയമസഭ മുമ്പാകെ വീണ്ടും ഇതുപോലെ ഒരു ഓർഡിനൻസ് വച്ചുകെട്ടി അതിന് സാധൂകരണം കൊടുക്കുന്നതിന് എന്തു ന്യായമുണ്ട്? ആദ്യന്തം ഈ സഭയോട്, ഈ നിയമ നിർമ്മാണത്തോട്, ഈ ഗവൺമെന്റും ഈ മുന്നണിയും അവലംബിച്ചിരുന്ന സമീപനമാണിത്. രണ്ടാമത് ഒരു ബിൽ ഉള്ളത്, ആദിവാസികളിടെ ഭൂമി വീണ്ടെടുത്ത് കൊടുക്കുന്നത് സംബന്ധിച്ചാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. തങ്കച്ചൻ): മലബാർ യൂണിവേഴ്സിറ്റി ബിൽ ലാപ്സായി പോയാൽ വളരെ ബുദ്ധിമുട്ടാവുകയില്ലേ? പിന്നെ അത് ഓർഡിനൻസാക്കാതെ നിവൃത്തിയുണ്ടോ?

ശ്രീ. വി. വി. രാഘവൻ: അത് എനിക്കറിയാം. അതു ഞാൻ എന്റെ അഞ്ചെട്ടു വർഷത്തെ പരിചയം കൊണ്ട് മനസ്സിലാക്കിയിട്ടുണ്ട്. പക്ഷെ ഈ നിയമസഭ പോകുന്നതോടുകൂടി അഞ്ചു വർഷത്തെ കാലാവധി കഴിഞ്ഞ് ഇപ്പോഴും പിരിയുന്നു.....

ശ്രീ. ഒ. ഭരതൻ: കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്ത് ഓർഡിനൻസ് ബില്ലായി അവതരിപ്പിക്കുകയും ബിൽ പാസ്സാക്കാൻ സാധിക്കാതെ വന്നു വീണ്ടും ഓർഡിനൻസ് ഇറക്കുകയും ചെയ്തതിനെ സംബന്ധിച്ച് അന്നു സ്പീക്കറായിരുന്ന ശ്രീ. വി. എം. സുധീരൻ പറഞ്ഞ ശ്രദ്ധേയമായ അഭിപ്രായം അങ്ങ് ഓർക്കുന്നുണ്ടോ?

ശ്രീ. വി. വി. രാഘവൻ: അതെല്ലാം ഞാൻ അദ്ദേഹത്തിന്റെ മനസ്സാക്ഷിക്ക് വിടുന്നു. ഇപ്പോഴും ഈ സഭ പിരിയുന്നു; വീണ്ടും കൂടുന്നില്ല. ഇനി തെരഞ്ഞെടുപ്പ് കഴിഞ്ഞ് പുതിയ സഭ വരാൻ പോകുന്നു. ആ സഭയുടെ തലയിൽ നിങ്ങളും വീണ്ടും ഒരു ഓർഡിനൻസ് വയ്ക്കുന്നത്? ഇതിന് ഈ നിയമസഭയ്ക്ക് എന്തു ധാർമ്മികമായ അവകാശമാണ് ഉള്ളത്? ഇപ്പോഴും ആ ബിൽ ഇവിടെ ചർച്ച ചെയ്തിരുന്നുവെങ്കിൽ ഈ സഭയ്ക്ക് അതിൽ അവകാശമുണ്ടാകുമായിരുന്നല്ലോ? ഓർഡിനൻസ് വന്നു, ആ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചു. അതുതന്നെ എത്ര മര്യാദകേടാണ്! അതിൽ ഇത്ര അടിയന്തിര സ്വഭാവം എന്തുണ്ട്? ഒരു ഓർഡിനൻസുവഴി ചെയ്യേണ്ട കാര്യമാണോ ഒരു യൂണിവേഴ്സിറ്റി സ്ഥാപിക്കുക എന്നത്? അതാണ് ഞാൻ പറഞ്ഞത്, ഈ സഭയോട്, നിയമനിർമ്മാണത്തോട്, സാമാജികൻമാരുടെ അവകാശങ്ങളോട് ഈ ഗവൺമെന്റിനുള്ള സമീപനത്തിന്റെ മകുടോദാഹരണമാണ് ഇപ്പോഴും നാം ബാക്കിവെച്ചിട്ടു പോകുന്ന നിയമങ്ങൾ. ആദിവാസികൾക്ക് ഭൂമി വീണ്ടെടുത്ത് കൊടുക്കണമെന്ന ഹൈക്കോടതി വിധിയുണ്ടായില്ലേ? ഞാൻ അതിന്റെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കുന്നു. അനേക വർഷം കൈവശം വച്ച ആളുകളിൽനിന്നു അത് വീണ്ടെടുത്ത് ആദിവാസികൾക്ക് തിരിച്ചു കൊടുക്കുകയെന്നു പറഞ്ഞാൽ അതിന്റെ പ്രയാസങ്ങൾ ഞാൻ മനസ്സിലാക്കുന്നു. പക്ഷെ അതിനു പ്രതിവിധി കാണണ്ടേ? ആ വിധി വന്നിട്ട് വർഷം ഒന്നായില്ലേ? ആദിവാസികൾക്ക് ഭൂമി കൊടുത്ത് അവർക്ക് പുനരധിവാസത്തിനുള്ള സംഖ്യയും കൊടുത്ത് കൃഷി ചെയ്യാനുള്ള അവസരമുണ്ടാക്കിക്കൊടുത്ത ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനുള്ള ബാദ്ധ്യതയല്ലേ നിങ്ങൾക്കുണ്ടായിരുന്നത്? അവിടെ സമരം നടക്കുകയല്ലേ? അതാകെ അനിശ്ചിതത്വത്തിലേയ്ക്ക് വിട്ടിട്ടല്ലേ

LIBRARY ARCHIVES Kerala Legislative Assembly

നാം പിരിയുന്നത്? കൈവശക്കാരുടെ ഗതി എന്താണ്? ആദിവാസികളുടെ ഗതി എന്താണ്? അടിയന്തിരമായി ഉത്തരം കിട്ടേണ്ട ഈ പ്രശ്നങ്ങൾക്ക് ഉത്തരമില്ലാതെ നാം പിരിയുകയാണ്.

സർ, നാം പൂർത്തിയാക്കാത്ത നിയമനിർമ്മാണങ്ങളെ സംബന്ധിച്ചിടത്തോളം അക്ഷന്തവ്യമായ ഉത്തരവാദരാഹിത്യമാണ് കാണിക്കുന്നത്. നിയമനിർമ്മാണ സഭയോട്, നിയമനിർമ്മാണ നടപടികളോട്, സാമാജികൻമാരുടെ അവകാശങ്ങളോട് ഈ ഗവൺമെൻറ് കഴിഞ്ഞ അഞ്ചു വർഷമായ് പുലർത്തിപ്പോന്ന സമീപനത്തിൻെറ ഫലമായുണ്ടായ ഈട്ടം വെച്ചുകൊണ്ടാണ് ഈ സഭ പിരിയുന്നത് എന്നുള്ള സ്ഥിതിവിശേഷം നിങ്ങളുടെ മുൻപാകെ ഉണർത്തിക്കുകയാണ്, ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അത്യുഗ്രമായ അവകാശവാദങ്ങളും വെല്ലുവിളികളുമൊക്കെ നടത്തി. അതിനൊന്നും ഞാൻ മറുപടി പറയാൻ ആഗ്രഹിക്കുന്നില്ല. ആ ചെറുപ്പക്കാരൻെറ അപക്വമായ മനസ്സിൽ നിന്നു വന്ന ജൽപ്പനങ്ങളായിട്ട് അവ ഞാൻ തള്ളിക്കളയുകയാണ്. എനിക്ക് ഒന്നേ പറയാനുള്ളു. ബഹുജനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് നിങ്ങളിൽ മതിപ്പുണ്ടാകണം. കേരളത്തിലെ ജനങ്ങളെ എല്ലാം കണ്ടുകൊണ്ടിരിക്കുന്നവരാണ്; എല്ലാം മനസ്സിലാക്കുന്നവരാണ്; പ്രബുദ്ധരാണ്. ആ ജനങ്ങളെ തുലാസിലിട്ടു തൂക്കി ഇപ്പോഴത്തെ വിധി പ്രസ്താവിച്ചു പോകുന്നത് മൗഢ്യമാണെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. ശ്രീ. പാലോട് രവിയും രാഷ്ട്രീയം പറഞ്ഞു. ഞാൻ രാഷ്ട്രീയം പറയാനാഗ്രഹിക്കുന്നില്ല. പക്ഷേ ഞാൻ ചൂണ്ടിക്കാണിക്കട്ടെ, മി. രവി, ഞാൻ നിങ്ങളുടെ മനഃസാക്ഷിയുടെ മുൻപാകെ ഒരു ചോദ്യം ഉണർത്തുന്നു. ശ്രീ. പി. വി. നരസിംഹറാവു ആദ്യന്തം ചെയ്ത നടപടികളെ നിങ്ങൾക്ക് മനഃസാക്ഷിക്കുത്ത് ഉണ്ടാക്കുന്നില്ലേ? പാർലമെൻററി ജനാധിപത്യത്തിനു, ഇൻഡ്യൻ ജനാധിപത്യത്തിനു തീരാത്ത കളങ്കം ചാർത്തിക്കൊണ്ടല്ലേ ആ മഹാൻ അവിടെ ഇരിക്കുന്നത്? അവിശ്വാസപ്രമേയത്തെ നേരിടാൻ എന്തെല്ലാം വൈകൃതങ്ങളാണ് കാട്ടിക്കൂട്ടിയത്! ഇപ്പോൾ നിങ്ങൾ ആളുകളെ ചാക്കിട്ട് പിടിക്കുന്നുണ്ടായിരിക്കാം. പക്ഷേ ഇൻഡ്യൻ ജനത സത്യസന്ധമായി ഒരു കാര്യം മനസ്സിലാക്കിയിരിക്കുന്നു. കോടിക്കണക്കിനു രൂപ കൊടുത്ത്, മദ്യം കൊടുത്ത്, ആളുകളെ വശത്താക്കിക്കൊണ്ടാണ് പി. വി. നരസിംഹറാവു ഗവൺമെൻറ് ഭൂരിപക്ഷം നേടിയത് എന്നുള്ള സത്യം പാർലമെൻററി ജനാധിപത്യത്തിനു കളങ്കമല്ലേ? മി. രവി, ഈ അഞ്ചു കൊല്ലത്തിനിടയിൽ ശ്രീമാൻ നരസിംഹറാവു എന്ന പ്രധാനമന്ത്രിയും കുടുംബാംഗങ്ങളും ഇത്രമാത്രം അഴിമതിയിൽ മുങ്ങിപ്പോയി എന്നുള്ളത് നിങ്ങൾക്ക് മറച്ചു പിടിക്കാനാകുമോ? ഇതെല്ലാം നാടിൻെറ മുമ്പാകെയുള്ള വസ്തുതയല്ലേ? ഏറെവും ഒടുവിൽ സുപ്രീംകോടതി വിധിവരെ വന്നു കഴിഞ്ഞിട്ടും എനിക്ക് നിശ്ചയമില്ല. സ്വന്തം മനഃസാക്ഷിയോട് കൂറുള്ള സത്യസന്ധമായി രാഷ്ട്രീയ പ്രവർത്തനം നടത്താൻ ആഗ്രഹിക്കുന്ന ഒരാൾക്ക് ശ്രീ. പി. വി. നരസിംഹറാവു നയിക്കുന്ന കോൺഗ്രസ് (ഐ) പാർട്ടിയിൽ എങ്ങനെ തുടരാൻ കഴിയുന്നു എന്നുള്ളത് എത്ര ആലോചിച്ചിട്ടും എനിക്ക് പിടികിട്ടുന്നില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. തങ്കച്ചൻ): അങ്ങയുടെ കൂട്ടുകാരെക്കുറിച്ചുള്ള അഭിപ്രായമെന്താണ്? സി. പി. ഐ.-ക്കും സി.പി.എം.-നും കുറെ കൂട്ടുകാരുണ്ടല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. വി. രാഘവൻ: എനിക്ക് ശ്രീമാൻ പി. പി. തങ്കച്ചനെപ്പറ്റി ഒരു പ്രതീക്ഷയുമില്ല. സത്യം പറയുമ്പോൾ ഇങ്ങോട്ട് എന്തെങ്കിലും പറഞ്ഞാൽ മതിയോ? എന്നാൽ സർവ്വശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, പാലോടു രവി, വി. എം. സുധീരൻ, ടി. വി. ചന്ദ്രമോഹൻ തുടങ്ങിയ ചെറുപ്പക്കാരായ സ്നേഹിതരുടെ മനഃസാക്ഷിയോടാണ് എനിക്കഭ്യർത്ഥനയുള്ളത്. താങ്കളെക്കുറിച്ച് എനിക്ക് യാതൊരു പ്രതീക്ഷയുമില്ല. നല്ല മെയ്വഴക്കം കാട്ടി മനഃസാക്ഷി എത്ര വേണമെങ്കിലും നീട്ടി.....
.....

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ): ശ്രീ. പി. പി. തങ്കച്ചന് അധികം പ്രായമില്ല.

ശ്രീ. വി. വി. രാഘവൻ: പ്രായം മാത്രമല്ലല്ലോ. ഓരോരുത്തരേയും കുറിച്ചൊരു വിലയിരുത്തലുണ്ടല്ലോ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് എന്നെക്കുറിച്ച് ദൗർഭാഗ്യകരമായ ഒരു പരാമർശം നടത്തി. ഞാൻ അതിൽ ദുഃഖിക്കുകയാണ്. കാരണം ഒരിക്കലും ഒരു മെമ്പറുടെ പ്രസംഗത്തെ ജൽപ്പനമെന്ന് പറയരുതായിരുന്നു. അങ്ങ് തിരുത്തുമെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ ചോദ്യം അതല്ല, അഴിമതിയെ സംബന്ധിച്ച രണ്ടു അപ്രോച്ചിനെയാണ് ഞാൻ കമ്പാരിസൺ ചെയ്തത്. ഞാൻ വ്യക്തികളെയൊന്നും പറഞ്ഞിട്ടില്ല. ആ അപ്രോച്ചിൽ വ്യത്യാസം കാണുന്നു. അതിൽ മനഃസാക്ഷിയനുസരിച്ച് അങ്ങയുടെ സമീപനമെന്താണ്?

ശ്രീ. വി. വി. രാഘവൻ: ഇവിടെ പ്രശ്നം ഇൻഡ്യൻ നാഷണൽ കോൺഗ്രസ് (ഐ)-യുടെ അദ്ധ്യക്ഷപദവും പ്രധാനമന്ത്രി പദവും കൈവശം വച്ചുകൊണ്ട് നടത്തുന്ന അഴിമതിയെപ്പറ്റിയാണ്. നിങ്ങൾ അതിനു എന്തെങ്കിലും പറഞ്ഞാൽ മതിയോ? ഇൻഡ്യൻ ജനതയുടെ മുമ്പാകെ ഒരു സത്യമായിട്ട് ഉയർന്നു നിൽക്കുകയാണ് അത്. സാങ്കേതികമായി നിങ്ങൾ എന്തെല്ലാം പറഞ്ഞു വച്ചാലും സത്യം മറയ്ക്കാൻ നിങ്ങൾക്ക് കഴിയില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. തങ്കച്ചൻ): വരുന്ന തെരഞ്ഞെടുപ്പിൽ ഹവാല കേസിൽ കുടുങ്ങിയ കക്ഷികളുമായി കൂട്ടു ചേരില്ല, ഒരു തെരഞ്ഞെടുപ്പ് ധാരണയുണ്ടാക്കില്ല എന്നു അങ്ങേയ്ക്കോ, സി.പി.എം.-നോ പറയാമോ?

ശ്രീ. വി. വി. രാഘവൻ: മി. പി. പി. തങ്കച്ചൻ, ഞാൻ ആവർത്തിച്ചു പറയുകയാണല്ലോ. നിങ്ങൾ ശ്രീ. ബൊമ്മൈയുടെ അടുത്തൊന്നും പോകേണ്ട. ശ്രീ. ബൊമ്മൈയെ പ്രസിഡന്റു സ്ഥാനത്തുനിന്ന് പുറത്താക്കിയില്ലേ? നിങ്ങളുടെ പ്രസിഡന്റിനെ നിങ്ങൾ മാറ്റിയോ? വർക്കിംഗ് കമ്മിറ്റി വിളിക്കില്ല എന്നു പറഞ്ഞ് പ്രസിഡന്റിന്റെ കീഴിൽ നിൽക്കുകയല്ലേ? ജനതാദൾ പ്രസിഡന്റിനോട് പറഞ്ഞു ഇറങ്ങി ഇരിക്കാൻ. അതാണ് ആണത്തമുള്ള പാർട്ടി. പിന്നെ ഞാൻ ചോദിക്കട്ടെ, പ്രധാനമന്ത്രി ചെയ്യുന്ന ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് മറ്റാരെങ്കിലുമായി താരതമ്യപ്പെടുത്തിയാൽ എങ്ങനെയാണ് ശരിയാവുക? അതാണ് എന്റെ പോയിന്റ്. പ്രധാനമന്ത്രിപദത്തിലിരുന്നുകൊണ്ട് ചെയ്യുന്ന കാര്യങ്ങളെ സംബന്ധിച്ച് എങ്ങനെയാണ് താരതമ്യം ചെയ്യുക?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി നൂറുദ്ദീൻ: ശ്രീ. ബൊമ്മൈ മാറിയല്ലോ. നിങ്ങൾ നിങ്ങളുടെ പ്രസിഡൻറിനെ മാറ്റുമോ എന്ന ചോദിച്ചല്ലോ. ശ്രീ. ബൊമ്മൈ മാറിയിട്ട് പകരം വന്ന ശ്രീ. ലാലു പ്രസാദ് 600 കോടി രൂപയുടെ അഴിമതിയാരോപണത്തിൽ പെട്ടിരിക്കുന്നു. നിങ്ങൾ ആ പാർട്ടിയുമായി ബന്ധപ്പെടുമോ?

ശ്രീ. വി. വി. രാഘവൻ: അല്ലയോ നൂറുദ്ദീൻ സാഹിബേ! 600 കോടി രൂപയുടെ കളവിൻെറ ആദ്യത്തെ പ്രതി നിങ്ങളുടെ പാർട്ടിയുടെ ഇപ്പോഴത്തെ മന്ത്രിയായിട്ടുള്ള ശ്രീ. മിശ്ര ആണെന്ന് ദയവായി അങ്ങ് മനസ്സിലാക്കിയാലും. ശ്രീ. മിശ്രയുടെ പരിവാരങ്ങളാണ്. ശ്രീ. ലാലുപ്രസാദ് യാദവിനെ സംബന്ധിച്ച് മാത്രമേ നിങ്ങൾക്ക് ബുദ്ധിമുട്ടുള്ളൂ. പക്ഷേ പറഞ്ഞിട്ട് കാര്യമില്ല. 600 കോടി രൂപ കട്ടത് ബീഹാർ മുഖ്യമന്ത്രിയായിരുന്ന ശ്രീ. മിശ്രയാണ്. അതിന് യാതൊരു സംശയവും വേണ്ട.

തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ശ്രീ. ലാലുപ്രസാദ് യാദവിൻെറ കാലത്ത് ഈ പറഞ്ഞ ഒരു അഴിമതിയും ഇക്കാര്യത്തിലുണ്ടായില്ലെന്ന് അങ്ങേഹംപോലും പറയുന്നില്ല. ഉണ്ടായിട്ടില്ല എന്നാണോ അങ്ങ് സമർത്ഥിക്കുന്നത്?

ശ്രീ. വി. വി. രാഘവൻ: മൃഗസംരക്ഷണ വകുപ്പിൽ കോടികളുടെ തട്ടിപ്പിൽ ഒന്നാം പ്രതി ശ്രീ. മിശ്രയാണെന്നേ ഞാൻ പറഞ്ഞുള്ളൂ. ബാക്കി അന്വേഷണം നടക്കുന്നുണ്ട്. ആരൊക്കെ വന്നിട്ടുണ്ടെങ്കിലും ഉപ്പ് തിന്നവൻ വെള്ളം കുടിച്ചോട്ടെ. ബാക്കി കാര്യങ്ങൾ പറയാൻ ഞാൻ ബാദ്ധ്യസ്ഥനാണോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ആ കേസിൽ അവസാനത്തെ പ്രതി അങ്ങയുടെ കൂട്ടുകക്ഷിയുടെ അഖിലേന്ത്യാ പ്രസിഡൻറായ ശ്രീ. ലാലുപ്രസാദ് യാദവ് ആണെന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. വി. വി. രാഘവൻ: അതിനെക്കുറിച്ച് അന്വേഷണം നടത്തുന്നുണ്ട്. അതിൻെറ റിപ്പോർട്ട് വരട്ടെ. ഞാൻ വീണ്ടും പറയുകയാണ്. ശ്രീ. ജഗന്നാഥ് മിശ്ര തുടങ്ങിവച്ച് മുടിച്ച.....

ശ്രീ. ആര്യാടൻ മുഹമ്മദ്: ശ്രീ. ലാലുപ്രസാദ് യാദവ് ആകുമ്പോൾ അന്വേഷണം നടത്തി റിപ്പോർട്ട് വരണം. ശ്രീ. പി. വി. നരസിംഹറാവു ആകുമ്പോൾ ഒരു റിപ്പോർട്ടും വേണ്ട, സ്ഥാനമൊഴിയണം എന്നാണ്. എന്തും പറയാമെന്നല്ലേ?

ശ്രീ. വി. വി. രാഘവൻ: അതാണ് വ്യത്യാസം. ഞാൻ വീണ്ടും ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിനെ ഓർമ്മപ്പെടുത്തുന്നു. പ്രധാനമന്ത്രി സ്ഥാനത്തിരുന്ന് ചെയ്യുന്നതും മറേതെങ്കിലുമായിട്ട് നിങ്ങൾ താരതമ്യപ്പെടുത്തരുത്. ഒരു രാഷ്ട്രത്തിൻെറ പ്രധാനമന്ത്രി, ആ പ്രധാനമന്ത്രി സ്ഥാനത്തിരുന്നുകൊണ്ട് ചെയ്യുമോ? ഇതാണ് ചോദ്യം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ശ്രീ. ജഗന്നാഥ് മിശ്രയുടെ അനുജനാണ് അവിടത്തെ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. വി. രാഘവൻ: ഞാൻ ബഹുമാനപ്പെട്ട അദ്ധ്യക്ഷനെ ബുദ്ധിമുട്ടിക്കാനാഗ്രഹിക്കുന്നില്ല. അതുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനൊന്നും സംശയിക്കേണ്ട. പ്രധാനമന്ത്രിയുടെ—ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഈ വക ചെയ്തികളെല്ലാം ഇന്ന് രാജ്യത്തിന് മുമ്പാകെ സജീവമാണ്. അതിന്റെ കൂട്ടത്തിൽ വിലക്കയറ്റം കൂടി ആകുമ്പോഴേ മി. രാധാകൃഷ്ണന്റെ വഞ്ചി തിരുവഞ്ചൂർതന്നെ നിന്നാൽ നിങ്ങളും ഒട്ടും അത്ഭുതപ്പെടേണ്ടതില്ല. കാരണം എല്ലാം അറിയുന്ന ജനങ്ങളാണ് ഇതിന്റെ വിധാതാക്കൾ. ഒരു വെല്ലുവിളിക്കും അവകാശ വാദത്തിനുമൊന്നും ഞാൻ പോകുന്നില്ല. അതുപോലെതന്നെയല്ലേ നമ്മുടെ പ്രധാനമന്ത്രി അവിടെ ചെയ്യുന്നത്? പ്രധാനമന്ത്രി പാർലമെന്റിൽ ഇപ്പോഴേ എന്തിലാണ് കുടുങ്ങി നിൽക്കുന്നത്? ഇപ്പോഴേ 7000 കോടി രൂപയുടെ എണ്ണ ശുദ്ധീകരണശാല ഉദ്ഘാടനം ചെയ്യണം. അത് ഉദ്ഘാടനം ചെയ്യുന്നതുവരെ തെരഞ്ഞെടുപ്പ് കമ്മീഷനേ തീയതി പ്രഖ്യാപിക്കാൻ വയ്യ. അതുകൊണ്ട് ഉത്തരം കൊടുക്കുന്നില്ല. ഇത് എവിടത്തെ ന്യായമാണ്? അങ്ങനെയുള്ള ചെയ്തികളെ ചെയ്യാൻ വേണ്ടി ജനപ്രാതിനിധ്യ സഭാനിയമത്തിൽ ഓർഡിനൻസ് വഴി ഭേദഗതി വരുത്താൻപോലും ആലോചിക്കുന്നു. നിങ്ങളെ കേട്ടില്ലേ? ഉദ്ഘാടനം കഴിയുന്നതുവരെ നീട്ടിക്കൊണ്ടു പോകാൻ ജനപ്രാതിനിധ്യ നിയമത്തിൽ ഭേദഗതി ചെയ്തുകൊണ്ട് പ്രചാരണത്തിനുള്ള സമയം ഒരുമാസമെന്നുള്ളത് അര മാസമായി ചുരുക്കാനാണ് ആലോചന. കാര്യങ്ങളൊക്കെ നാട്ടുകാർ അറിയാൻ ഒത്തിരി ബുദ്ധിമുട്ടുണ്ട്. ഇതുതന്നെയാണ് അവിടത്തെ സ്ഥിതി.

ശ്രീ. കെ. പി. നൂറുദ്ദീൻ: അതുകൊണ്ട് എന്തു കുഴപ്പമാണ് ഉണ്ടാകുന്നത്?

ശ്രീ. വി. വി. രാഘവൻ: കുഴപ്പമുണ്ട്. നിങ്ങൾക്ക് അതൊന്നും കുഴപ്പമല്ല. പാർലമെന്റ് പ്രൊറോഗ് ചെയ്തതിനുശേഷം ഓർഡിനൻസ്വഴി ജനപ്രാതിനിധ്യ നിയമം തിരുത്തുക, ഭേദഗതി ചെയ്യുക, എന്നിട്ട് ഒരു മാസമെന്നുള്ളത് അര മാസമായി ചുരുക്കുക—എന്തിനുവേണ്ടി? ഉദ്ഘാടനങ്ങൾക്കുവേണ്ടി. അതിന് ഇലക്ഷൻ കമ്മീഷനെപ്പോലും താളം തെറ്റിച്ചു.

ശ്രീ. കെ. പി. നൂറുദ്ദീൻ: ഞങ്ങൾക്ക്.....

ശ്രീ. വി. വി. രാഘവൻ: നിങ്ങൾ വേണമെങ്കിൽ അതിനെക്കുറിച്ച് ആലോചിച്ചാൽമതി, അല്ലെങ്കിൽ ശ്രീ. പി. വി. നരസിംഹറാവുവിനെപോലെ നിങ്ങളും താണുപൊയ്ക്കൊള്ളും. എനിക്ക് യാതൊരു ആക്ഷേപവുമില്ല. ശ്രീ. പി. വി. നരസിംഹറാവുവിനെ പൊക്കിപ്പിടിച്ചതുകൊണ്ട് നിങ്ങൾ രക്ഷപ്പെടാൻ പോകുന്നില്ല; കോൺഗ്രസ് രക്ഷപ്പെടാൻ പോകുന്നില്ല. ഈ ചെയ്തികളൊക്കെ നിങ്ങൾ പാടിപ്പുകഴ്ത്താനാണ് പോകുന്നതെങ്കിൽ നിങ്ങളെക്കുറിച്ച് സഹതപിക്കുകയല്ലാതെ എനിക്കൊന്നും ചെയ്യാനില്ല. ഞാൻ ദീർഘിപ്പിക്കുന്നില്ല. അതുകൊണ്ട് താങ്ങാനാകാത്ത വിലക്കയറ്റത്തിലാണ് ഈ നാട്. അതാണ് മുഖ്യ പ്രശ്നം. 1987 മുതൽ 1991 വരെ ഒരു കിലോഗ്രാം അരിയ്ക്ക് 450 പൈസ വരെയാക്കി വില നിറുത്തിയിട്ടുണ്ടായിരുന്നു. അന്ന് ഓഫീസയിൽ നിന്നോ ആന്ധ്രയിൽ നിന്നോ പഞ്ചാബിൽ നിന്നോ എവിടെ നിന്നായാലും മനുഷ്യർക്ക് ഭക്ഷിക്കാൻ കൊള്ളാവുന്നരി വരുത്തി; പരസ്യ കമ്പോളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു പിടിത്തമുണ്ടാക്കി, കടിഞ്ഞാണിട്ടു. അതുകൊണ്ടാണ് വില കയറാതെ നിന്നത്. നിങ്ങൾക്ക് നിഷേധിക്കാൻ പറ്റുമോ? 1991-ൽ ഞങ്ങൾ ഇറങ്ങുമ്പോൾ 4 രൂപ 50 പൈസയായിരുന്നു ഒരു കിലോ അരിയുടെ വില. ഇപ്പോൾ അത് 12 രൂപയാണ്. 12 രൂപ കൊടുക്കുന്ന ആളുകളുടെ മുമ്പിലേയ്ക്കാണ് ഈ റാവുവിനെയുംകൊണ്ട് നിങ്ങൾ പോകുന്നത്. നാണമില്ലേ? അതുകൊണ്ട് വിലക്കയറാം എന്നുള്ളത്, അഴിമതി എന്നുള്ളത് ഈ നാടിന്റെ മുമ്പാകെ ചൂടുപിടിച്ച് നിൽക്കുകയാണെന്നുള്ള സത്യം മറച്ചുവെച്ചുകൊണ്ട് അവകാശവാദങ്ങളും വെല്ലുവിളികളുമായിട്ട് നിങ്ങൾ വരേണ്ടതില്ലെന്നുമാത്രം ഞാൻ പറയട്ടെ; എനിക്ക് ഒരു കാര്യംകൂടി പറയാനുണ്ട്. അദ്ധ്യക്ഷൻ സമയം അനുവദിക്കാത്തതുകൊണ്ട് ഞാൻ ചുരുക്കി പറയാം. പഞ്ചായത്ത് നിയമവും മുനിസിപ്പൽ നിയമവും നടപ്പിലാക്കുന്നതിന് എന്റെ മാന്യ സുഹൃത്ത് ശ്രീ. പി. കെ. കെ. ബാവ ചട്ടങ്ങളുണ്ടാക്കുമ്പോൾ ആ ചട്ടങ്ങൾ പൂർണ്ണമായി ഉണ്ടാക്കണം. ചട്ടങ്ങൾ ഉണ്ടാക്കുമ്പോൾ ദയവായി ആ ചട്ടങ്ങൾ ഉണ്ടാക്കുന്നതിൽ ഒരു പങ്ക് വഹിക്കാൻ, ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്, വിഷയ നിർണ്ണയ സമിതി വിളിച്ചുകൂട്ടണം. ഒരു കൊല്ലമായി വിളിക്കുന്നില്ല. അങ്ങനെ ചട്ടങ്ങൾ ഇല്ലാതെയുള്ള ത്രിതല പഞ്ചായത്തുകൾ നട്ടംതിരിയുകയാണെന്ന സത്യംകൂടി ഞാൻ ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ട് അവകാശവാദങ്ങളൊന്നും വേണ്ട. ഈ അഞ്ച് കൊല്ലം ലജ്ജിക്കാനുള്ള അഞ്ച് കൊല്ലമായിരുന്നു എന്നുള്ളത് ദയവായി മനസ്സിലാക്കിയാലും.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ശ്രീ. രാജീവ് ഗാന്ധിയുടെ ചരമത്തിന്റെ വികാരത്തിൽ രാജീവിന്റെ ഫോട്ടോ കാണിച്ചുകൊണ്ടാണ് ഈ നിയമസഭയിലേക്ക് ഐക്യ ജനാധിപത്യ മുന്നണിയുടെ എം. എൽ. എ.-മാർ കടന്നുവന്നത്. അഞ്ച് വർഷം പൂർത്തീകരിക്കാൻ പോകുന്ന

6 p. m.] ഈ ഘട്ടത്തിൽ അപ്പുറത്തുനിന്ന് സംസാരിച്ച ആരെങ്കിലും രാജീവ് ഗാന്ധിയുടെ വധവുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ റിപ്പോർട്ടും യഥാർത്ഥ കുറ്റവാളികളെ കണ്ടുപിടിക്കുന്നതിൽ വന്ന കാലതാമസത്തിനെതിരായി ഒരു ശബ്ദവും മുഴക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചു. ജയിൻകമ്മീഷന്റെ മുമ്പിൽ വെളിവാക്കപ്പെട്ട തെളിവുകളിൽ നിന്ന് ചന്ദ്രസ്വാമിയുടെയൊക്കെ പങ്ക് വ്യക്തമായിട്ടുപോലും രാജീവ് ഗാന്ധി വധത്തെ സംബന്ധിച്ചിടത്തോളം യഥാർത്ഥ കുറ്റവാളികളെ കണ്ടെത്താനുള്ള ധാർമ്മിക ബാദ്ധ്യത നിറവേറ്റാൻ ശ്രീ. നരസിംഹറാവുവിനു മാത്രമല്ല ശ്രീ. രാജീവ് ഗാന്ധിയുടെ ചരമത്തിന്റെ പേരിൽ വോട്ട് ലഭിച്ച് നിയമസഭയിൽ എത്തിയിട്ടുള്ള അപ്പുറത്തിരിക്കുന്ന ഓരോരുത്തർക്കുമുണ്ട്. ശ്രീമതി സോണിയാഗാന്ധി ഇതു സംബന്ധിച്ച് വിലപിച്ചപ്പോൾ ആ വിലാപത്തിൽ പങ്ക് ചേരാൻ ശ്രീ. രാജീവ് ഗാന്ധിയുടെ രക്തത്തിലൂടെ കടന്നുവന്ന ഈ നിയമസഭയിലെ ഒരംഗത്തിനും മനസ്സുണ്ടായില്ല എന്നത് സംബന്ധിച്ച് എങ്ങനെ പറയണമെന്ന് എനിക്ക് അറിഞ്ഞുകൂടാ. കഴിഞ്ഞ അഞ്ച് വർഷക്കാലം ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെയും ശ്രീ. കരുണാകരന്റെ പുതിയ അവതാരമായ ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള കഴിഞ്ഞ ഒരു കൊല്ലക്കാലമായുള്ള ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റേയും ചെയ്തികൾ ഓരോന്നും പരിശോധിച്ചാൽ കേരള നിയമസഭയുടേയും ഭരണകൂടത്തിന്റേയും ചരിത്രത്തിൽ കറുത്ത ലിപികളാൽ മാത്രം എഴുതപ്പെടുന്ന ഒരു ഭരണമായിരുന്നു അഞ്ച് വർഷക്കാലമായി ഇവിടെ ഉണ്ടായിരുന്നതെന്ന് കാണാം. ശ്രീ. വി. വി. രാഘവൻ ഇവിടെ ചൂണ്ടിക്കാണിച്ചു, എത്രയെത്ര

LIBRARY ARCHIVES Kerala Legislative Assembly

ബില്ലുകളാണ് നമ്മൾ പാസ്സാക്കുന്നതുപോലെ ഈ മണിക്കൂറുകൾ ക്കുള്ളിൽ പാസ്സാക്കാൻ പോകുന്നത്! ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത മലബാർ സർവകലാശാല നിലനിൽക്കണമെങ്കിൽ വീണ്ടും ഓർഡിനൻസ് റീഇഷ്യൂ ചെയ്യണം. കോടതിവിധികൾ എത്രയോ ഉണ്ട്. നിയമസഭയിൽ ബഹുമാനപ്പെട്ട സ്പീക്കർമാർ ഇത് ആവർത്തിച്ചിട്ടുണ്ട്. ഒരുപക്ഷേ കേരളനിയമസഭയുടെ ചരിത്രത്തിൽ ആദ്യമായിരിക്കും ഇത്രയേറെ ഓർഡിനൻസുകൾ റീഇഷ്യൂ ചെയ്ത ഒരു ഗവൺമെൻറ്. നിയമസഭയെ നോക്കുകുത്തിയാക്കുകയല്ലേ നിങ്ങൾ ചെയ്തത്? നേരത്തെ ആരോ അപ്പുറത്തുനിന്ന് പറയുന്നതുകേട്ടു, ധാരാളം സബ്മിഷനുകൾക്ക് മറുപടി കിട്ടി, ധാരാളം നിവേദനങ്ങൾ നടത്താൻ കഴിഞ്ഞു, ധാരാളം റിപ്പോർട്ടുകൾ ഉണ്ടായി, ദൂരദർശനിലും റേഡിയോയിലും ധാരാളം റിപ്പോർട്ടുകൾ വരുന്നു എന്നൊക്കെ. ഇത് ഒരു മഹാഭാഗ്യം തന്നെയാണ് സർ! സംതൃപ്തിക്ക് ഇനി എന്തുവേണം! അതുപോലെ ഈ രാജ്യത്ത്? ഞാൻ നാല്, അഞ്ച്, ഏഴ്, എട്ട്, ഒൻപത് നിയമസഭകളിൽ അംഗമായിരുന്നു. പ്രതിപക്ഷത്തും ഭരണകക്ഷിയിലും ഇരുന്നിട്ടുണ്ട്. ഞങ്ങളെപ്പോലുള്ള ആളുകളുടെ അനുഭവം എന്താണ്? കഴിഞ്ഞ അഞ്ച് വർഷക്കാലം ആത്മാഭിമാനമില്ലാതെ, ജനാധിപത്യത്തെ സംബന്ധിച്ചിടത്തോളം പറയാൻ അവകാശമില്ലാതെ, ഭരണ–പ്രതിപക്ഷ മെന്ന രീതിയിൽ കാണിക്കപ്പെടേണ്ട മാന്യതപോലും കാണിക്കാതെയുള്ള ഒരു ഭരണമായിരുന്നില്ലേ ഇവിടെ? ശ്രീ. പാച്ചേനി കുഞ്ഞിരാമൻ ഇന്ന് ഇവിടെ കണ്ണീരൊഴുക്കി. സഭയിലെ ഏറ്റവും വയോവൃദ്ധ നാണ്, സ്വാതന്ത്ര്യസമരത്തിൻെറ ജീവിച്ചിരിക്കുന്ന പ്രതീകമാണ് അദ്ദേഹം. അദ്ദേഹത്തിൻെറ നിയോജകമണ്ഡലത്തിലെ റോഡിൻെറ ടേക്കോവറിൻെറ കാര്യം ഇവിടെ വായിച്ചു. ജനാധിപത്യ വ്യവസ്ഥയിൽ അംഗങ്ങൾക്ക് കൊടുക്കേണ്ട മാന്യത കൊടുക്കാത്തതിനു ഒരു തെളിവാണ് ശ്രീ. പാച്ചേനി കുഞ്ഞിരാമൻ ഇവിടെ വായിച്ചത്. ഒരു റോഡിൻെറ കാര്യമായി അതിനെ ചുരുക്കരുത്. അത്തരം രാഷ്ട്രീയം കളിച്ച ഒരു ഗവൺമെൻറായിരുന്നു ഈ അഞ്ചുകൊല്ലം ഇവിടെ ഭരിച്ചത്. ന്യായാധിപൻമാരുടെ മുമ്പിൽ തലകുനിയ്ക്കേണ്ടിവന്നതുകൊണ്ട് പുറത്താക്കപ്പെട്ട മന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഉണ്ട്. ഇപ്പോഴും കോടതിയിൽ പോയി കൈകെട്ടി പ്രതിക്കൂട്ടിൽ നിൽക്കേണ്ട മറെറാരു മന്ത്രി ഈ മന്ത്രിസഭയിൽ തുടരുന്നു. സർവശ്രീ. ആർ. ബാലകൃഷ്ണപിള്ള, കെ. കരുണാകരൻ, ആർ. രാമചന്ദ്രൻനായർ ഇങ്ങനെ മന്ത്രിമാരുടെ പട്ടികയിലെ ഏറെപ്പേർ ഇപ്പോൾ സഭ പിരിയുമ്പോൾ നമ്മളോടൊപ്പം ഇല്ല. ശ്രീ. കരുണാകരന് പോകാനുള്ള കാരണം നമുക്കറിയാം. അന്ന് ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ, ആക്ഷേപങ്ങൾ ഈ ഘട്ടത്തിലും നില നിൽക്കുന്നു. ബഹുമാനപ്പെട്ട വി. എം. സുധീരൻ എസ്റ്റിമേറ്റ്സ് കമ്മിറ്റിക്കുവേണ്ടി കൊടുത്ത റിപ്പോർട്ട് അടക്കം വ്യക്തമായ തെളിവോടുകൂടി ജുഡീഷ്യൽ അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ടിട്ടും അന്വേഷണം നടത്തിയാൽ യഥാർത്ഥ കുറ്റവാളി പുറത്തുവരുമെന്നുള്ളതു കൊണ്ട് അന്വേഷണം നടത്താതിരിക്കുന്നു.

ശ്രീ. വി. എം. സുധീരൻ: ബഹുമാനപ്പെട്ട എ. സി. ഷൺമുഖദാസ് മരുന്ന് ഇടപാടിനെക്കുറിച്ച് ഞാൻകൂടി അംഗമായിരുന്ന എസ്റ്റിമേറ്റ്സ് കമ്മിറ്റി കൊടുത്ത റിപ്പോർട്ടിനെ സംബന്ധിച്ച് ഇവിടെ പരാമർശനം നടത്തുകയുണ്ടായി. എന്താണ് എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ റിപ്പോർട്ട് എന്ന് അങ്ങേയ്ക്ക് അറിയാമല്ലോ? എസ്റ്റിമേറ്റ്സ് കമ്മിറ്റി ശ്രീ. എ. സി. ഷൺമുഖദാസിൻെറ ഭരണകാലമായ 1990–91,

LIBRARY ARCHIVES Kerala Legislative Assembly

1991–92, 1992–93 കാലഘട്ടങ്ങളിലുള്ള കാര്യങ്ങളാണ് പരിശോധിച്ചത് അതിൽ ആരെങ്കിലും പ്രതിയാണെങ്കിൽ ശ്രീ. എ. സി. ഷൺമുഖദാസു പ്രതിയാണെന്നത് മറച്ചുവയ്ക്കാൻ സാധിക്കുമോ?

ശ്രീ. എ. സി. ഷൺമുഖദാസ്: എന്റെ ആക്ഷേപവും അതാണ്. ഞാൻ കുറ്റവാളിയാണെങ്കിൽ, ഈ മന്ത്രിമാർ എന്നെ സംരക്ഷിച്ചുവെങ്കിൽ നിങ്ങൾക്ക് ആര് മാപ്പ് തരും? ഞാൻ കുറ്റവാളിയാണെങ്കിൽ എന്നെ ശിക്ഷിക്കണം. എന്റെ പാർട്ടി ശിക്ഷിക്കും, എന്നെ തെരഞ്ഞെടുത്തു വിടുന്ന ജനങ്ങൾ ശിക്ഷിക്കും, എന്നെ നിയമസഭയിൽ എത്തിച്ച എന്റെ മുന്നണി ശിക്ഷിക്കും. എന്നാൽ ഈ ഗവൺമെന്റ് കുറ്റവാളികളുടെ സംരക്ഷകസങ്കേതമായി മാറി എന്നതാണ് ഞങ്ങളുടെ ആക്ഷേപം. ഞാൻ ഒന്നുകൂടി കടത്തി പറയട്ടെ, ക്രിമിനൽ കുറ്റവാളികളുടെയും ക്രിമിനൽ കുറ്റവാളികളെ സംരക്ഷിക്കുന്നവരുടെയും ഒരു സങ്കേതമായിരിക്കുന്നു ഇന്നത്തെ ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റ്. ഹവാല കേസുമായി ബന്ധപ്പെട്ട് ഇൻഡ്യയുടെ പ്രധാനമന്ത്രി ക്രിമിനൽ കുറ്റവാളികളെ സംരക്ഷിച്ചു എന്നതിനെക്കുറിച്ച് വേറൊരു ചർച്ച നടക്കുന്നു. ഞാൻ ആ ചർച്ചയിലേയ്ക്ക് പോകുന്നില്ല. സ്വാതന്ത്ര്യാനന്തര ഇൻഡ്യയിൽ രാഷ്ട്രീയപ്രവർത്തകർ പൊതുജനമദ്ധ്യേ കളങ്കിതരായതിന്റെ ഉത്തരവാദിത്വത്തെക്കുറിച്ച് നമുക്ക് എല്ലാവർക്കും തലകുനിച്ച് ആലോചിക്കാം. ശ്രീ. സുധീരൻ, ഞാൻ മന്ത്രിയായിരിക്കുമ്പോൾ പഴയ ഗവൺമെന്റിന്റെ കാലത്തുള്ള മരുന്നിടപാടിൽ ക്രമക്കേടുകളുണ്ടെന്ന് ഞാൻ പറഞ്ഞതാണ്. അതുകൂടി നിങ്ങൾ പറയണമായിരുന്നു. നിങ്ങൾ ഭരണകക്ഷിയിലെ തന്നെ ഒരംഗമായിരുന്നപ്പോൾ നിങ്ങൾക്ക് ഒരു ആയുധമായി അത് വരുമെന്ന് ഞാൻ നിങ്ങളോട് പറഞ്ഞിരുന്നതുമാണ്. പക്ഷേ കമ്മിറ്റിയിൽ നിങ്ങൾ അത് പറഞ്ഞില്ല. എന്തിനാണ് ഈ ആത്മവഞ്ചന? എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ റിപ്പോർട്ട് എന്റെ നിരപരാധിത്വം തെളിയിച്ചതാണ്. ഞാൻ ചോദിക്കട്ടെ, ഈ ഗവൺമെന്റ് എന്താണ് ചെയ്തത്? ഈ സംസ്ഥാനത്തിന്റെ രാഷ്ട്രീയസംശുദ്ധി നഷ്ടപ്പെടുത്തി. നമ്മുടെ സംസ്ഥാനത്ത് പുരോഗമനപരമായ മാർഗ്ഗങ്ങൾ നടപ്പാക്കുന്നതിന് ഞങ്ങൾ പല നടപടികളും സ്വീകരിച്ചിരുന്നു. എന്നാൽ ഈ ഗവൺമെന്റ്, കേരളപ്പിറവിക്കുശേഷം നമ്മൾ അംഗീകരിച്ചു നടപ്പാക്കിയിട്ടുള്ള ഓരോ പുരോഗമനപരമായ നടപടിയേയും തകർക്കുകയായിരുന്നു. പിന്നോട്ടു വലിക്കുകയായിരുന്നു. വിദ്യാഭ്യാസരംഗത്തും വ്യാപാരരംഗത്തും വ്യവസായരംഗത്തുമൊക്കെയുള്ള സ്ഥിതി ഇതാണ്. എന്തിനേറെ പറയുന്നു, ധർമ്മാശുപത്രി എന്നുപറഞ്ഞാൽ എന്താണ്? ധർമ്മാശുപത്രി എന്നു പറഞ്ഞാൽ സാമ്പത്തികശേഷി ഇല്ലാത്തവർക്ക് ചികിൽസയ്ക്കായി രാജാവ് തുടങ്ങിവച്ചതാണ്. ആ ധർമ്മാശുപത്രിയുടെ സങ്കൽപ്പത്തിനുമാറ്റം വരുത്തിയവരാണ് നിങ്ങൾ. പ്രൈമറി വിദ്യാഭ്യാസം സ്വതന്ത്രവും സൗജന്യവും ഭരണഘടനയിൽ വിവക്ഷിക്കുന്നതുപോലെ സൗജന്യവുമായിരിക്കണം എന്ന ചിന്താഗതി മാറ്റി സ്വകാര്യ മേഖലയിൽ ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊടുത്തവരാണ് നിങ്ങൾ. ഇവിടെ അരി ഉണ്ടോ, വെള്ളമുണ്ടോ, വൈദ്യുതി ഉണ്ടോ, ഭരണരംഗത്ത് പ്രവർത്തനം നടക്കുന്നുണ്ടോ? ഈ രാജ്യത്ത് ബ്യൂറോക്രസിക്കു അടിമപ്പെട്ട ഒരു ഭരണമായിരുന്നില്ലേ? നമ്മുടെ സംസ്ഥാനത്ത് ഭരണഘടനാപരമായുള്ള ചില സംവിധാനങ്ങളുണ്ട്—പബ്ലിക് സർവീസ് കമ്മീഷനെപ്പോലുള്ള പരമപ്രധാനമായ ഉന്നത സമിതികൾ. അതിന്റെ ചെയർമാൻ സ്ഥാനത്തേയ്ക്ക് ഒരു നീതിന്യായ കോടതിയിൽ നിന്നോ മറ്റുപടി പറയേണ്ട ഒരാളെ കണ്ടെത്താനേ നിങ്ങൾക്ക് കഴിഞ്ഞുള്ളൂ. എന്റെ

LIBRARY ARCHIVES Kerala Legislative Assembly

സുഹൃത്ത് ശ്രീമാൻ എ. കെ. ആൻറണിയുടെ നേതൃത്വത്തിൽ ചേർന്ന മന്ത്രിസഭായോഗം അത് തീരുമാനിച്ചുവെന്ന് അറിഞ്ഞദിവസം വേദനിച്ച് വികാരംകൊണ്ടവനാണ് ഞാൻ. അത്തരത്തിൽ പബ്ലിക് സർവീസ് കമ്മീഷനെപ്പോലെ പരിപാവനമായ ഒരു സ്ഥാപനത്തിലേയ്ക്ക് വേറൊരാളെ കണ്ടുകിട്ടാനില്ലായിരുന്നോ? സമുദായം വേണമെങ്കിൽ, ഗ്രേഡ് വേണമെങ്കിൽ, യോഗ്യത വേണമെങ്കിൽ അര ഡസൻ ആളില്ലേ ഇവിടെ? എന്തുകൊണ്ട് നിങ്ങൾ നിർബന്ധം പിടിച്ചു? അത്രയധികം ബ്യൂറോക്രസിക്ക് അടിമപ്പെട്ട ഒരു ഗവൺമെൻറ്! ഈ നാട്ടിലെ ജനങ്ങളുടെ താൽപ്പര്യങ്ങളെ മറന്ന ഒരു ഗവൺമെൻറ്. പ്രഖ്യാപിത രാഷ്ട്രീയ ലക്ഷ്യങ്ങളിൽ നിന്ന് അകന്നുപോയ ഒരു ഗവൺമെൻറ്.

സർ, അവസാനമായി ഞാൻ പറയട്ടെ, നാലുമാസത്തെ ചെലവിനു വേണ്ടിയാണ് ഇപ്പോൾ അനുവാദം ചോദിക്കുന്നത്. 2100 കോടി രൂപ പദ്ധതിയിൽ കാണുന്നു എന്നാണ് പറയുന്നത്, ഞാൻ ഇന്നലെ ബഹുമാനപ്പെട്ട മന്ത്രിയുടെ മുന്നിൽ ഒരു പോയിൻറ് ഓഫ് ഓർഡർ ഉന്നയിച്ചു; അബദ്ധജഡിലമാണ്, രേഖ മഴുവൻ തെറ്റാണ് എന്നായിരുന്നു പറഞ്ഞത്. അതിന് ഇന്നലെ മറുപടി പറഞ്ഞില്ല. ഇന്നെങ്കിലും അതിന് മറുപടി പറയണം. ഇറിഗേഷൻ ആൻറ് പവ്വർ—അതിനുവേണ്ടി നീക്കിവച്ച സംഖ്യയെ—സ ബന്ധിച്ചിടത്തോളം ഞങ്ങൾക്ക് തന്ന ബഡ്ജറ്റ് രേഖകൾ അങ്ങ് പരിശോധിച്ചോ? ഈ ബഡ്ജറ്റ് രേഖ കൃത്രിമമാണ്. ഈ സഭയുടെ ചരിത്രത്തിൽ ഇത്രയേറെ കൃത്രിമം നിറഞ്ഞ ഒരു ബഡ്ജറ്റ് ഉണ്ടായിട്ടില്ല. ഇവർ ചെയ്ത പാപം ഇവർ തന്നെ തിരുത്തേണ്ടിവരും. ഇന്ന് അപ്രോപ്രിയേഷൻ ബിൽ അല്ല യു. ഡി. എഫ്. ഗവൺമെൻറിൻെറ അനുശോചന പ്രമേയമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ അനുശോചന പ്രമേയത്തിൽ എൻെറ ദുഃഖവും ഞാൻ രേഖപ്പെടുത്തുന്നു. ഇതിൽ പങ്കാളികളായ നല്ലവരായ ചില ആളുകളുണ്ട്. അവരോട് എനിക്ക് സഹതാപമുണ്ട്. നിങ്ങൾക്ക് ഇത് അനുവേഗിക്കേണ്ടി വന്നല്ലോ എന്ന് ദുഃഖവുമുണ്ട്. ഏതായാലും ഈ ബിൽ അദ്ദേഹം ഇപ്പോൾ പിൻവലിക്കണം എന്ന് അഭ്യർത്ഥിക്കുന്നു; ഈ ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. സി. എഫ്. തോമസ്: സർ, ഒരു അനുശോചനവുമില്ല; വളരെ അഭിമാനത്തോടും നല്ല സംതൃപ്തിയോടും തികഞ്ഞ പ്രതീക്ഷയോടും കൂടിയാണ് ശ്രീ. ആൻറണിയുടെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് വീണ്ടും ജനങ്ങളെ സമീപിക്കാൻ പോകുന്നത്. ശ്രീ. എ. സി. ഷൺമുഖദാസും ശ്രീ. ബേബിജോണും ശ്രീ. കെ. ചന്ദ്രശേഖരനുമൊക്കെ ഏതെങ്കിലും ഒരു മന്ത്രിയെക്കുറിച്ച് എന്തെങ്കിലും പരാതി പറയാനുണ്ടോ? ശ്രീ. സി. വി. പത്മരാജൻ, എന്താണ് അദ്ദേഹം ചെയ്തത്? നിങ്ങൾക്ക് എന്തെങ്കിലും പറയാനുണ്ടോ? ട്രഷറിയുടെ കാര്യമെടുക്കാം. നിങ്ങളുടെ കാലത്ത് ശ്രീ. വിശ്വനാഥമേനോൻ എത്ര പ്രാവശ്യം ട്രഷറി പൂട്ടി? ശ്രീ. സി. വി. പത്മരാജൻ പുത്തൻ ചരിത്രമുണ്ടാക്കിയിരിക്കുന്നു; കേരളത്തിൽ സാമ്പത്തിക സുസ്ഥിരതയ്ക്ക് അടിത്തറയിട്ടിരിക്കുന്നു. ശ്രീ. വി. എം. സുധീരൻ ഇപ്പുറത്തിരിക്കുന്നു. കേരളത്തിലെ ജനങ്ങൾ ഹെൽത്ത് ഡിപ്പാർട്ടുമെൻറിനെക്കുറിച്ച് വിധിയെഴുതിയത് എന്താണ്? അന്യാധീനപ്പെട്ട രോഗികൾക്ക് അഭയമില്ലാതെ, ജനങ്ങൾക്ക് ആശ്രയമില്ലാതെ കിടന്നിരുന്ന ആശുപത്രികളെ നേരെയാക്കി. കഴിഞ്ഞ ദിവസങ്ങളിൽ നിയമസഭയിൽ വന്ന പ്രഖ്യാപനങ്ങളുണ്ടല്ലോ. അത് പ്രഖ്യാപനം മാത്രമാണോ?

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് ആശുപത്രികളുടെ കാര്യങ്ങളെക്കുറിച്ച് ചോദിക്കാനും പറയാനും ആളുണ്ട്. രോഗികൾക്ക് ആശുപത്രികളിൽ ചെല്ലാം; അവിടെ മരുന്നുണ്ട്; മരുന്ന് വാങ്ങിക്കാൻ പണമുണ്ട്. ഓപ്പറേഷൻ നടക്കുന്നുണ്ട്; എക്സ്റേ പ്ലാന്റ് ഉണ്ട്; എക്സ്റേ ഫിലിമുണ്ട്. ഇതൊന്നും ശ്രീ. എ. സി. ഷൺമുഖദാസിന്റെ കാലത്ത് നടന്നില്ലെങ്കിൽ ശ്രീ. വി. എം. സുധീരന്റെ കാലത്ത് നടത്തുന്നുണ്ട്. അതിൽ വിഷമിച്ചിട്ട് കാര്യമില്ല. ശ്രീ. പി. പി. തങ്കച്ചൻ ഇവിടെയിരിക്കുന്നുണ്ട്. ഇൻഡ്യയിലെ ഏത് സംസ്ഥാനത്തുണ്ട് എല്ലാ പഞ്ചായത്തുകളിലും മൃഗാശുപത്രി? കേരളത്തിൽ 25 കാർഷികവിളകൾക്ക് വിള ഇൻഷ്യറൻസ് ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളെക്കൊണ്ട് സാധിച്ചോ? ശ്രീ. വി. വി. രാഘവൻ ഇപ്പോൾ അവിടെയില്ല. അദ്ദേഹത്തിന് മൃഗാശുപത്രി കൊണ്ടുവരാമായിരുന്നില്ലേ? വിള ഇൻഷ്യറൻസ് കൊണ്ടുവരാമായിരുന്നില്ലേ? അതിന് സാധിച്ചില്ല. കേരളത്തിൽ ചൂഷണം ചെയ്യപ്പെടുന്ന മേഖല—ഇനിയും കേരളത്തിൽ വികസിപ്പിക്കേണ്ട മേഖലയാണ് നമ്മുടെ മൽസ്യക്കൃഷി മേഖല. ആ മേഖലയിലേക്ക് ഒരു പുത്തൻ നയമുണ്ടോക്കി. കേരളത്തിന്റെ അഭിവൃദ്ധിക്ക് രണ്ട് അടിസ്ഥാന ഘടകങ്ങളായി മാറാൻ പോകുന്നു മൽസ്യക്കൃഷിയും ടൂറിസവും. ആ രണ്ട് മേഖലയ്ക്കും ഭാവനയോടുകൂടിയാണ് ശ്രീമതി എം. ടി. പത്മയും ശ്രീ. ആര്യാടൻ മുഹമ്മദും നയങ്ങൾ കൊണ്ടുവന്നത്. എന്താണ് നിങ്ങളുടെ ഭരണമെന്ന് പറയുന്നത്? നിങ്ങളുടെ ഭരണം ഞങ്ങൾ 1980—ൽ കണ്ടതല്ലേ? 1987—ൽ നിങ്ങളുടെ ഭരണം കണ്ടില്ലേ? കേരളത്തിന്റെ അടിസ്ഥാന പുരോഗതിക്ക് വേണ്ടി എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ, എന്തെങ്കിലും നടപടി നിങ്ങൾക്ക് കൊണ്ടുവരാൻ കഴിഞ്ഞോ? ഈ ഗവൺമെന്റ് വ്യവസായനയം, കൃഷിനയം, ജലനയം, പാർപ്പിടനയം, മൽസ്യനയം ഇതൊക്കെ കൊണ്ടുവന്നു. നയത്തിന്റെ അടിസ്ഥാനത്തിൽ പരിപാടികൾ കൊണ്ടുവന്നു. 62,000 വ്യവസായങ്ങൾ വന്നു. അതിന് മറുപടി പറയാനുണ്ടോ? കേരളത്തിലെ കാർഷിക മേഖലയിൽ..... ..(ബഹളം) ..... പ്രതിപക്ഷത്തെ മുൻനിരയിലിരിക്കുന്ന ആളുകൾ സംസാരിച്ചപ്പോൾ പറയേണ്ടത് ഈ ഗവൺമെന്റിന്റെ അഞ്ചുവർഷത്തെ ഭരണത്തെക്കുറിച്ചായിരുന്നു. ശ്രീ. വി. വി. രാഘവൻ എന്താണ് പറഞ്ഞത്? ഈ ഭരണത്തെക്കുറിച്ച് പറഞ്ഞോ? ശ്രീ. ആൻറണിയെക്കുറിച്ച് പറഞ്ഞില്ല. തന്ത്രപൂർവ്വം ഒഴിഞ്ഞു മാറി. ശ്രീ. സി. വി. പത്മരാജനെക്കുറിച്ച് പറഞ്ഞില്ല; ശ്രീ. വി. എം. സുധീരനെക്കുറിച്ച് പറഞ്ഞില്ല; ശ്രീ. കെ. എം. മാണിയെക്കുറിച്ച് പറഞ്ഞില്ല. ശ്രീ. ടി. എം. ജേക്കബിനെക്കുറിച്ച് പറയാൻ താൽപ്പര്യമുണ്ടെങ്കിൽ അത് പറഞ്ഞോ? ഞങ്ങൾ മറുപടി പറയാം ..... (ബഹളം) .....ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റിന് നല്ല അഭിമാനമുണ്ട്. ഞാൻ ഇന്നലെ ഈ നിയമസഭയിൽ റവന്യൂ കണക്ക് ഉദ്ധരിച്ചു. ഓരോ കാർഷിക വിളകളുടെയും ഉൽപ്പാദനക്ഷമത വർദ്ധിച്ചതിന്റെ കണക്ക് ഉദ്ധരിക്കുകയുണ്ടായി. എന്നിട്ടുപോലും രേഖകൾ ഇല്ലാതെ ഇന്ന് ആദ്യം പ്രസംഗിച്ച മാർക്സിസ്റ്റ് പാർട്ടിയിലെ ബഹുമാന്യനായ മെമ്പർ പോലും പറഞ്ഞത് ഈ സംസ്ഥാനത്ത് ഒരു നാളികേരം പോലും കൂടുതലായി ഉൽപ്പാദിപ്പിക്കാൻ സാധിക്കാത്ത ഗവൺമെന്റ്. ഇതാണ് എന്നാണ്. ഉൽപ്പാദനക്ഷമതയുടെ കണക്ക് നോക്കിയാൽ നിങ്ങൾക്കാർക്കും പറയാൻ ഒന്നുമില്ല. കഴിഞ്ഞ അഞ്ചുവർഷമായി ഈ സംസ്ഥാനത്ത് വികസനവിരുദ്ധമായിരുന്നു ഈ ഗവൺമെന്റ് നടപ്പിലാക്കിയിരുന്നത്. നിങ്ങളുടെ നിയോജകമണ്ഡലത്തിലെ എല്ലാ ഉൾപ്രദേശങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും പട്ടണപ്രദേശങ്ങളിലേയും മുഖച്ഛായ കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് മാറിയിട്ടുണ്ട്. ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആൻറണി നേതൃത്വം കൊടുക്കുന്ന ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറാണ് കേരളത്തിലുടനീളം അതിന് അടിസ്ഥാന മിട്ടത്. ഞങ്ങൾക്ക് തെരഞ്ഞെടുപ്പിനെ നേരിടാൻ യാതൊരു ഭയവുമില്ല. സംശുദ്ധമായ രാഷ്ട്രീയ പ്രവർത്തനത്തിൻെറ, ശൈലിയുടെ, ഉടമയായ ശ്രീ. ആൻറണിയുടെ നേതൃത്വത്തിൽ സ്വതാര്യമായ ഭരണശൈലിയുമായി കേരളത്തിലെ ജനങ്ങളെ ഞങ്ങൾ സമീപിക്കും. കേരള ജനതയുടെ മനഃസാക്ഷിക്കുമുന്നിൽ ഞങ്ങളുടെ ചെയ്തികൾ വയ്ക്കുന്നു. ചിരായ നിരോധനത്തെവരെ എതിർത്തവരല്ലേ നിങ്ങൾ? ഇതൊക്കെ ഞങ്ങൾ ജനങ്ങളുടെ മുന്നിൽ തുറന്ന് പറയാൻ പോവുകയാണ്. ഈ മന്ത്രിസഭയിലുള്ള 19 മന്ത്രിമാർ ഈ സംസ്ഥാനത്തിനുവേണ്ടി ചെയ്ത കാര്യങ്ങൾ, ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ചുകൊണ്ട്, ഓരോന്നായി പരിശോധിച്ചുകൊണ്ട് കേരളത്തിൻെറ അടിസ്ഥാനമേഖലയ്ക്ക് യു. ഡി. എഫ്. ഗവൺമെൻറ് കൊണ്ടുവന്ന സുപ്രധാനമായ മാറ്റങ്ങളും പുരോഗതികളും ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ചുകൊണ്ട് ഞങ്ങൾ വോട്ട് പിടിക്കാൻ തയ്യാറാണ്. അതിനെക്കുറിച്ച് പറയാൻ ധൈര്യമുണ്ടെങ്കിൽ ഇനി പ്രസംഗിക്കുന്ന ആളുകൾ കണക്കുകൾവച്ച് പറഞ്ഞുകൊള്ളുക, ഞങ്ങൾ അതിന് മറുപടി പറയാൻ തയ്യാറാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അഞ്ച് കൊല്ലത്തെ ഭരണത്തിൽ ഒരു മുഖ്യമന്ത്രി ഇവിടെനിന്ന് പോയി. പിന്നെ കുറെ പാവങ്ങൾ പിന്നാലെ ഇരിക്കുന്നു. എന്തായിരുന്നു ഇങ്ങനെയൊരു മാറ്റം വന്നത്?

ശ്രീ. സി. എഫ്. തോമസ്: സർ, ഞാൻ പറഞ്ഞത് ഇവിടത്തെ 19 മന്ത്രിമാരെക്കുറിച്ചും നിങ്ങൾ പറയണം എന്നാണ്. ഏത് മന്ത്രിയെക്കുറിച്ചും ജനങ്ങളുടെ മുന്നിൽ നിന്നുകൊണ്ട് ഈ തെരഞ്ഞെടുപ്പ് കാലത്ത് ധൈര്യമായി പ്രസംഗിക്കാൻ നല്ല റിക്കാർഡുകളുമായി, നല്ല കണക്കുകളുമായിട്ടാണ് ഞങ്ങൾ പോകുന്നത്. ഞങ്ങളുടെ ശൈലിയെക്കുറിച്ചും ഞങ്ങൾ ജനങ്ങളോട് പറയും. ഈ ഗവൺമെൻറിൻെറ ശൈലി വീണ്ടും ഈ സംസ്ഥാനത്ത് വരണമെന്നും ഈ പ്രവർത്തനരീതിയിൽ ഗവൺമെൻറ് അടുത്ത പ്രാവശ്യവും ഭരിക്കണമെന്നും കേരളത്തിലെ ജനങ്ങൾ വിധി എഴുതുമെന്നുമുള്ള നല്ല പ്രതീക്ഷ ഞങ്ങൾക്കുണ്ട്. യു. ഡി. എഫ്.-നെ കേരളത്തിലെ ജനങ്ങൾ അധികാരത്തിലേറ്റുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ജനങ്ങളുടെ മനഃസാക്ഷിക്ക് മുന്നിൽ ഞങ്ങൾ ഈ പ്രശ്നം വിടുന്നു. ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. പി. എം. മാത്യു: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. മുടിഞ്ഞ തറവാട്ടിലെ നശിച്ച കാരണവരെപ്പോലെ 24 മണിക്കൂറും പിറുപിറുക്കുകയും ശപിക്കുകയും ചെയ്യുന്ന ഒരു പാരമ്പര്യത്തിൻെറ ഉടമകളായി ഇവിടത്തെ ഇടതുപക്ഷം അധഃപതിച്ചിരിക്കുന്നു. ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിലെ ധനകാര്യ വകുപ്പ് മന്ത്രി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടും ബഡ്ജറും സത്യസന്ധമാണ്. രാഷ്ട്രപിതാവായ മഹാത്മാഗാന്ധി പറഞ്ഞിട്ടുള്ളത് മുൻഗണന തെറ്റിച്ചുള്ള പൊതുമുതലിൻെറ ഏത് വിനിയോഗവും അഴിമതിയാണെന്നാണ്. ഇവിടെ മുൻഗണന നിശ്ചയിച്ചുകൊണ്ട് തന്നെ സാമ്പത്തിക ബുദ്ധിമുട്ട് ഏറിയ ഒരു കാലഘട്ടത്തിൽ കേരളത്തിൻെറ സാമ്പത്തിക ചക്രവാളത്തിൽ ശോഭ മങ്ങാതെ വികസന പ്രവർത്തനങ്ങൾക്ക് അവധി കൊടുക്കാതെ എല്ലാവിധ പ്രതിപക്ഷ അക്രമസമരങ്ങളേയും അതിജീവിച്ചുകൊണ്ട് മുന്നേറിയ ഒരു ഗവൺമെൻറാണ് ആൻറണി ഗവൺമെൻറ്. പ്രതിപക്ഷങ്ങളോട് ഞങ്ങൾക്ക് പറയാനുള്ളത് നിങ്ങൾ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

വന്ന അന്നുമുതൽ ഇന്നുവരെ എടുത്ത സമീപനം സംബന്ധിച്ചാണ്. യാഥാർത്ഥ്യബോധത്തോടുകൂടിയ സമീപനം ഒരുരംഗത്തും നിങ്ങൾക്ക് എടുക്കാൻ കഴിഞ്ഞില്ല. ഈ നിയമസഭാ തെരഞ്ഞെടുപ്പിനു മുമ്പ് നിങ്ങളെ ഞങ്ങൾ വെല്ലുവിളിച്ചു പറയുന്നു, 1987 മുതൽ 1991 വരെ നാലുകൊല്ലം ഭരിച്ച നായനാർ ഗവൺമെൻറിൻെറ കാലത്ത് 140 നിയോജകമണ്ഡലങ്ങളിൽ നിങ്ങൾ നടത്തിയ വികസനപ്രവർത്തനങ്ങൾ നിങ്ങൾക്ക് നിരത്തിവയ്ക്കാമോ? 1991 മുതൽ 1996 വരെയുള്ള അഞ്ചുകൊല്ലം, നിങ്ങൾ നടത്തിയതിൻെറ അഞ്ചിരട്ടി കണക്കുള്ള വികസന പ്രവർത്തനങ്ങൾ ഞങ്ങൾ നിരത്തിവയ്ക്കാം. കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ വിധിയെഴുതട്ടെ. 1957-ലും 1967-ലും 1980-ലും 1987-ലും, ഇവിടെ ക്രമസമാധാനം എന്തായിരുന്നു? സിഗറേറ്റ് കൂടിൻെറ പുറത്ത് എഴുതിയ നിയമനങ്ങൾ— സൽഭരണം. പോലീസ് ഉദ്യോഗസ്ഥൻമാർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല.

ഇന്ന് ശ്രീ. എ. കെ. ആൻറണിയുടെ പോലീസിൻെറ മുൻപിൽ മദ്ധ്യവർത്തികളില്ല, ഇടപെടലുകളില്ല, സെൽഭരണമില്ല, ബൂത്ത് കമ്മിറ്റികളുടെ ഭരണമില്ല, ഈ കേരളത്തിലെ ഏത് പൗരനും ഇന്ന് നീതിക്കുവേണ്ടി ഇടത്തരക്കാരില്ലാതെ നമ്മുടെ സംസ്ഥാനത്തെ ഏത് പോലീസ് സ്റ്റേഷനിലേക്കും കടന്നുചെല്ലാം. അതുകൊണ്ടാണ് നിങ്ങളിപ്പോൾ പോലീസ് മർദ്ദനമെന്ന മുറവിളി നടത്താത്തത്; നിങ്ങൾ പോലീസ് സ്റ്റേഷൻ മാർച്ച് നടത്താത്തത്. വികസനപ്രവർത്തനങ്ങളിൽ ജനങ്ങളുടെ പങ്ക് അവർക്ക് ബോദ്ധ്യമുള്ളതുകൊണ്ടാണ് മാർക്സിസ്റ്റ്പാർട്ടി നടത്തിയ എല്ലാ സമരങ്ങളും പരാജയപ്പെടുത്താൻ ഇന്നാട്ടിലെ ജനങ്ങൾ കൂട്ടുനിന്നത്. കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിലെ സി. പി. എം.-കാർ ആവിഷ്ക്കരിച്ച ഒരൊറ്റ സമരത്തിനു പോലും ഇന്നാട്ടിലെ ജനങ്ങളുടെ പിന്തുണ കിട്ടിയിട്ടില്ല. നിങ്ങൾക്കുവേണ്ടി 40 കൊല്ലക്കാലം ചോര ചീന്തിയ ശ്രീ. എം. വി. രാഘവനെ ഇല്ലാതാക്കാൻവേണ്ടി നിങ്ങൾ നടത്തിയ സമരമടക്കം ഒരൊറ്റസമരത്തിനു ഈ കേരളത്തിലെ ജനങ്ങൾ നിങ്ങൾക്ക് പിന്തുണ നൽകിയിട്ടുണ്ടോയെന്ന കാര്യം നിങ്ങളാലോചിക്കണം. നിങ്ങളുടെ സമരകോലാഹലങ്ങൾക്കൊന്നും ഇന്നാട്ടിലെ ജനങ്ങളുടെ ഹൃദയത്തിൽ സ്ഥാനം നേടാനായിട്ടില്ല എന്നതല്ലേ വസ്തുത? അതുകൊണ്ടുതന്നെ നിങ്ങളുടെ പരാജയപ്പെട്ട സമരങ്ങളുടെ ശവക്കൂമ്പാരത്തിൽനിന്ന് നിങ്ങൾക്കിവിടെ മൽസരിക്കേണ്ടിവരുമെന്ന കാര്യം നിങ്ങൾ വിസ്മരിക്കരുത്. അതുകൊണ്ട് നിരാശ ബാധിച്ച, അധികാരത്തിമിരം ബാധിച്ച ഇവിടത്തെ പ്രതിപക്ഷത്തിന് ഞങ്ങൾ എല്ലാ അനുശോചനങ്ങളും രേഖപ്പെടുത്തുന്നു. ഇനിയുള്ള നേരത്തെങ്കിലും മാനസാന്തരപ്പെട്ട് പ്രത്യേകിച്ചും ഇപ്പോൾ കരയിൽ ഉള്ളവരെങ്കിലും തിരിച്ചുവരേണമേ എന്ന അപേക്ഷയോടുകൂടി മൽസരിക്കാൻ തയ്യാറാവണമെന്ന് പറഞ്ഞുകൊണ്ട് ഐക്യജനാധിപത്യമുന്നണി നിങ്ങൾക്ക് ഒരു സൂചി കയറാനുള്ള വിടവുപോലും തരാതെ പാണ്ഡവസൈന്യത്തെപോലെ ഈ വരുന്ന തെരഞ്ഞെടുപ്പിൽ മൽസരിച്ച് ഇവിടെ വീണ്ടും ഭരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സമർത്ഥനായ മുഖ്യമന്ത്രി ഇവിടെ ഉണ്ടാവും, പ്രഗൽഭരായ മന്ത്രിമാർ ഉണ്ടാവും, അതുകൊണ്ട് പ്രതിപക്ഷത്തിരുന്ന് വീണ്ടും വിലപിക്കാതെ അടുത്ത അഞ്ചുകൊല്ലം ഒരു നല്ല പ്രതിപക്ഷം ആകാനുള്ള രാഷ്ട്രീയ പരിശീലനം നേടണമെന്ന് അപേക്ഷിച്ചുകൊണ്ട്, ഉപദേശിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മുഹമ്മദാലി: സർ, ഈ സഭയുടെ അവസാന സമ്മേളനം കഴിഞ്ഞ് ഇന്ന് നാം പിരിയുകയാണ്. ചരിത്രാർത്ഥത്തോടും അഭിമാനത്തോടുംകൂടി ജനമദ്ധ്യത്തിലേക്ക് പോകുവാൻ കഴിയുമെന്ന ആത്മവിശ്വാസം ഈ സഭയിൽ നടന്നിട്ടുള്ള ചർച്ചകളിൽ നിന്നുതന്നെ പ്രകടമാവുന്നതാണ്. ഉറങ്ങിക്കിടക്കുന്ന ആളുകളെ നമുക്ക് വിളിച്ചുണർത്താൻ കഴിയും, പക്ഷേ ഉറക്കം നടിച്ചുകിടക്കുന്ന ആരേയും വിളിച്ചുണർത്താൻ കഴിയില്ല. ഇവിടെ അപ്പുറത്തിരുന്ന് സംസാരിച്ച ബഹുമാന്യരായ നേതാക്കൻമാരെ ഇക്കഴിഞ്ഞ അഞ്ചുകൊല്ലക്കാലം ഈ സംസ്ഥാനത്ത് നടന്ന വികസനപ്രവർത്തനങ്ങളെക്കുറിച്ച് ഏത് നിലയിൽ വിശദീകരിച്ച് അവരെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചാലും അവർക്കത് ബോദ്ധ്യപ്പെടില്ല എന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാകുമെന്ന് തോന്നുന്നില്ല. ഈ സഭയിൽ അപ്പുറത്ത് ഇരിക്കുന്ന പല അംഗങ്ങൾക്കും ഇവിടെ സഭയുടെ പുറത്ത് നിൽക്കുന്ന ജനങ്ങൾക്കും ഇത് അറിയാവുന്ന കാര്യമാണ്. ഈ സംസ്ഥാനത്തെ വിവിധ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ആളുകളാണ് അപ്പുറത്തിരിക്കുന്നവരിൽ പലരും. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. ഷൺമുഖദാസ് വളരെ ആവേശത്തോടുകൂടി കുടിവെള്ളക്ഷാമത്തെക്കുറിച്ച് സംസാരിക്കുന്നത് ഞാനിവിടെ ഇരുന്ന് കേൾക്കുകയുണ്ടായി. മുൻപ് അദ്ദേഹം ഇവിടെ കുടിവെള്ളം നൽകുന്ന വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയായിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് ഈ സംസ്ഥാനത്ത് എത്ര പ്രോജക്ടുകൾ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കൊണ്ടുവന്നു? എത്രപേർക്ക് അതിൽനിന്നും വെള്ളംകിട്ടി എന്നതൊക്കെ ഇവിടത്തെ എല്ലാ ജനങ്ങൾക്കും അറിയാവുന്ന കാര്യങ്ങളാണ്. എല്ലാ കാര്യങ്ങളോടും നിഷേധാത്മകമായ സമീപനമാണ് അന്നെല്ലാം അവർ സ്വീകരിച്ചത്. എന്തായാലും ഞാൻ അക്കാര്യങ്ങളിലേക്ക് സമയക്കുറവുകൊണ്ട് വിശദമായി പോകുന്നില്ല. അതെല്ലാം ഇവിടെ വിശദമായി ചർച്ച ചെയ്തുകഴിഞ്ഞ കാര്യങ്ങളാണ്. ഇവിടെ കുടിവെള്ളമില്ല, വൈദ്യുതി ഇല്ല എന്നൊക്കെ പലരും പറഞ്ഞു കേട്ടു. കുടിവെള്ളത്തിന്റെ കാര്യത്തിൽ ധാരാളം പ്രശ്നങ്ങളുണ്ട്, പ്രയാസങ്ങളുണ്ട്, അത് ഈ സംസ്ഥാനത്ത് പൊതുവായിട്ടുള്ള പ്രശ്നങ്ങളിലൊന്നാണ്. എങ്കിലും 40 ശതമാനം പേർക്ക് ഇന്ന് നഗര പ്രദേശങ്ങളിൽ കുടിവെള്ളപ്രശ്നത്തിൽ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ഉള്ള കാര്യം തന്നെ എടുക്കാം. ഞാൻ നിയമസഭാ സാമാജികനായ സമയത്ത് 30 ശതമാനം ജനങ്ങൾക്കു പോലും എന്റെ നിയോജകമണ്ഡലത്തിൽ കുടിവെള്ളം കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഇന്ന് കുടിവെള്ളത്തിന്റെ കാര്യത്തിൽ അവിടെ നൂറുശതമാനവും പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നതാണ് വസ്തുത. ചില മേഖലകളിൽ അതിന് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ലായെന്നതും ഒരു വസ്തുതയാണ്. അതിന് പ്രായോഗികമായ ചില ബുദ്ധിമുട്ടുകളൊക്കെയുണ്ട്. ചിലയിടങ്ങളിൽ സാങ്കേതികമായ പ്രശ്നങ്ങളൊക്കെയുണ്ടാകാം; പ്രോജക്ടുകൾ കൊണ്ടുവരുന്നതിനുള്ള ബുദ്ധിമുട്ടുകളുണ്ടാകാം. ഞാൻ പറഞ്ഞുവരുന്നത് അവിടെ അപ്പുറത്തിരിക്കുന്ന ശ്രീ. ബേബിജോണിനെപ്പോലെയുള്ള ആളുകളും ഈ വകുപ്പ് കൈകാര്യം ചെയ്തിട്ടുള്ളവരാണ്. അന്ന് ഈ പ്രശ്നത്തോട് അന്നത്തെ ഗവൺമെന്റ് സ്വീകരിച്ച സമീപനം, ഗവൺമെന്റ് സ്വീകരിച്ച നിലപാട് എന്തായിരുന്നുവെന്ന കാര്യം ആർക്കെങ്കിലും മറക്കാൻ കഴിയുമോ? ഞാൻ പൊതുവായി ചില കാര്യങ്ങൾ പറയാം. ഇവിടെ വികസന പ്രവർത്തനങ്ങളുടെ കാര്യം എടുത്താൽ ഇന്ന് എന്തൊക്കെ വികസന പ്രവർത്തനങ്ങൾ എത്തെല്ലാം മേഖലകളിൽ നടന്നിട്ടുണ്ടെന്ന കാര്യം പരിശോധിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

നമുക്കത് വ്യക്തമാകും. കഴിഞ്ഞ കാലഘട്ടങ്ങളിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് ഞങ്ങളെല്ലാം സാമാജികൻമാരായി ഇവിടെ ഇരുന്നവരാണ്. അന്ന് വികസനപ്രവർത്തനങ്ങൾ നടത്തുന്ന കാര്യത്തിൽ നിങ്ങൾ സ്വീകരിച്ചിരുന്ന നിലപാട് എന്തായിരുന്നുവെന്ന് ഞങ്ങൾക്കൊക്കെ നന്നായിട്ടറിയാം. എന്നാൽ ഞാൻ പറയുന്നു, അന്ന് നിങ്ങളുടെ ഗവൺമെന്റ് സ്വീകരിച്ചിരുന്ന ആ സമീപനമല്ല, ആ നിലപാടല്ല ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഇന്ന് സ്വീകരിച്ചിട്ടുള്ളത്. അന്ന്, നിങ്ങളുടെ കാലത്ത്, പ്രതിപക്ഷത്തുള്ള അംഗങ്ങളുടെ മണ്ഡലങ്ങളിലേക്ക് നടത്തേണ്ട വികസന പ്രവർത്തനങ്ങളിൽ ഒരു പ്രവൃത്തിപോലും അവിടെ നടത്തിക്കാത്ത വിധത്തിലുള്ള നിഷേധാത്മകമായ ഒരു സമീപനം ആയിരുന്നു നിങ്ങൾ സ്വീകരിച്ചിരുന്നത്. അതിന് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ഞാൻ പറയാം. എന്റെ നിയോജകമണ്ഡലത്തിൽ ഒരു പാലത്തിന് ഭരണാനുമതി ലഭിച്ചു, ടെൻഡർ ചെയ്തു. ആ വർക്ക് ചെയ്യിക്കേണ്ട സമയംവന്നപ്പോൾ കരാറുകാരനെ അന്നത്തെ പൊതുമരാമത്തു വകുപ്പുമന്ത്രി വിളിപ്പിച്ച് പറഞ്ഞു, ഞാൻ ആ പണി ഏറ്റെടുത്താൽ തന്നെ പണിയൊന്നും ചെയ്യിപ്പിക്കില്ലായെന്ന്. അങ്ങനെയുള്ള ഒരു സമീപനമായിരുന്നു അന്ന് നിങ്ങൾ സ്വീകരിച്ചിരുന്നത്. എന്നാൽ ഇപ്പോൾ എങ്ങിനെയാണെന്ന് നിങ്ങൾക്കെല്ലാവർക്കുംതന്നെ അറിയാമല്ലോ. ഇന്ന് ഈ നിയമസഭ പിരിയാൻപോകുന്ന സന്ദർഭത്തിൽപ്പോലും അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ളവരുമൊക്കെത്തന്നെ അവരുടെ മണ്ഡലങ്ങളിലെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഭരണാനുമതി നേടിയെടുക്കുന്നതിനുവേണ്ടി മൽസരിക്കുകയാണ്. ആരോടും നിഷേധാത്മകമായ സമീപനം ഇക്കാര്യത്തിൽ സ്വീകരിക്കുന്നില്ലായെന്നതാണ് വസ്തുത. അതല്ലേ നിങ്ങൾക്കൊക്കെ കാണാൻ കഴിഞ്ഞത്? പൊതുമരാമത്തുവകുപ്പ് മന്ത്രി ആയാലും മറ്റു മന്ത്രിമാരായാലും ശരി, എല്ലാവരുടെയും നിയോജകമണ്ഡലങ്ങളിലെ വികസനപ്രവർത്തനങ്ങൾക്ക് അനുമതി നൽകികൊണ്ടിരിക്കുകയാണ്. അങ്ങനെ വിശാലമായ ഒരു സമീപനമാണ് അക്കാര്യത്തിലൊക്കെ ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ഭരണരംഗത്തായാലും, രാഷ്ട്രീയരംഗത്തായാലും ഒരു പുതിയ ശൈലി ആരംഭിച്ചിരിക്കുകയാണ്. ആ ശൈലി ഈ കേരളത്തിലെ ജനങ്ങളാ്രഹിക്കുന്നതാണ്, ആ ശൈലിയുടെ ഭാഗമാണ് ഇന്ന് ഈ സഭയിൽ സംസാരിച്ച പല ബഹുമാനപ്പെട്ട അംഗങ്ങളും പ്രകടിപ്പിച്ച വികാരത്തിന് പ്രചോദനമായിട്ടുള്ളത്. ആ ശൈലിയാണ് ഈ സംസ്ഥാനത്തിന് ആവശ്യം. ഇവിടെ അഴിമതിയെക്കുറിച്ച് എല്ലാവരും പറയാറുണ്ട്. അഴിമതിയാരോപണങ്ങൾ എല്ലാമുണ്ടായപ്പോൾ അതിനെ എങ്ങിനെ സ്വീകരിച്ചു എന്നുള്ള കഥകളൊക്കെ നമുക്കെല്ലാവർക്കുമറിയാം. എന്നാൽ ഞാൻ പഴയ കഥകളിലേയ്ക്കൊന്നും പോകാനാ്രഹിക്കുന്നില്ല. ഇവിടെ പലരും ദേശീയ രാഷ്ട്രീയത്തെക്കുറിച്ചൊക്കെ പറഞ്ഞു. നിങ്ങൾ എല്ലാവരും ഇപ്പോൾ പറയുന്നത് ഹവാല പ്രശ്നമാണ്. ഹവാലാ പ്രശ്നത്തിന്റെ പേരിൽ പ്രധാനമന്ത്രി നരസിംഹറാവുവിനെ കുരിശിൽ കയറ്റുവാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടക്കുകയാണ്. അദ്ദേഹം എന്തു തെറ്റാണ് ചെയ്തത്? ഇവിടെ അഴിമതി പ്രശ്നം ഉയർന്നുവന്നപ്പോൾ നിയമം നിയമത്തിന്റെ വഴിക്ക് പോകട്ടെ എന്ന സമീപനമല്ലേ അദ്ദേഹം സ്വീകരിച്ചത്? അദ്ദേഹത്തെ ഇതിനകത്ത് ബന്ധപ്പെടുത്തുവാൻവേണ്ട ശ്രമങ്ങളൊക്കെ നടത്തി. എന്നിട്ട് നിങ്ങൾക്ക് ആ ശ്രമത്തിൽ വിജയിക്കാൻ കഴിഞ്ഞോ? നിങ്ങൾക്ക് ആ രംഗത്തേക്ക് മാത്രമേ മുന്നോട്ടുപോകാൻ കഴിയൂ. നിയമപരമായ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ വേണ്ട

LIBRARY ARCHIVES Kerala Legislative Assembly

സമീപനം സ്വീകരിച്ച പ്രധാനമന്ത്രി ശ്രീ. നരസിംഹറാവു ഇന്ത്യൻ രാഷ്ട്രീയ സംസ്ക്കാരത്തിന്റെ തുടക്കം കുറിച്ചിരിക്കുകയാണ്. ആ തുടക്കം ഇന്ന് അനിവാര്യമാണ്. സാമൂഹ്യ-രാഷ്ട്രീയ രംഗത്ത് നിലനിൽക്കുന്ന പല ദുഷിച്ച പ്രവണതകൾക്കുമെതിരായി കരുത്തുറ്റ നിലപാട് സ്വീകരിക്കാൻ കഴിയണമെങ്കിൽ അതിന് അനിവാര്യമായ നേതൃത്വമുണ്ടാകണം. നമുക്കറിയാമല്ലോ, ഇവിടെ കഴിഞ്ഞ കാലഘട്ടങ്ങളിലെല്ലാംതന്നെ എന്നും നിങ്ങൾ കോൺഗ്രസിന് എതിരായ നിഷേധാത്മകമായ സമീപനമാണ് സ്വീകരിച്ചത്. കഴിഞ്ഞകാലങ്ങളിൽ ഇന്ത്യയിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ ഇവിടെ നാം എതിർത്ത വിധ്വംസകഗ്രൂപ്പുകളെ, അധികാരത്തിൽ വരുത്താനുള്ള, ഭരണത്തിൽ പങ്കാളിത്തം സ്വീകരിക്കാനുള്ള രാഷ്ട്രീയരംഗത്തെ മുഖ്യധാരയിൽ കടന്നുവരാൻവരെയുള്ള ഒരു സാഹചര്യം ഈ നിഷേധാത്മകമായ സമീപനം ഉണ്ടാക്കിയതെന്ന കാര്യം നിങ്ങൾക്ക് മറക്കാൻ കഴിയുമോ? 1977-ൽ ബി.ജെ.പി.-യെ ഭരണരംഗത്ത് കൊണ്ടുവന്നതിനുശേഷം ശ്രീ. വി. പി. സിംഗിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിൽ ബി.ജെ.പി.-യുടെ സഖ്യം ഉണ്ടാക്കിയതിന് ഉത്തരവാദികൾ നിങ്ങളാണ്. അതിന്റെയെല്ലാം ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറുവാൻ നിങ്ങൾക്ക് കഴിയുമോ? ദേശീയരംഗത്ത് നിങ്ങൾ ആശ്രയിച്ച നേതൃത്വം ഇന്നും സ്വീകരിക്കുന്ന സമീപനവും അതുതന്നെയാണ്. ആങ്ങോട്ടുതന്നെയാണ് പോയിക്കൊണ്ടിരിക്കുന്നത്. ഇന്ത്യൻ രാഷ്ട്രീയത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് പ്രതികൂലമായ സാഹചര്യം നിങ്ങൾ സൃഷ്ടിക്കുന്നു എന്നുപറഞ്ഞാൽ അത് വസ്തുതയല്ലേ എന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ചാരായനിരോധനത്തിന് ഗവൺമെന്റ് മുന്നോട്ടുവന്നു. മദ്യനിരോധനത്തിന്റെ ആദ്യഘട്ടമെന്ന നിലയിലാണ് ചാരായനിരോധനം ഏർപ്പെടുത്താനായി തീരുമാനിച്ചിട്ടുള്ളത്. ഇന്ന് നമുക്കെല്ലാവർക്കുമറിയാവുന്ന ഒരു കാര്യമാണ് നമ്മുടെ രാജ്യത്തെ രാഷ്ട്രീയ, സാമൂഹിക രംഗത്ത് കൊടികുത്തിവാഴുന്ന മദ്യലോബിയെ സംബന്ധിച്ച്. ആ മദ്യലോബിയ്ക്കെതിരെ കർശനമായ നടപടി, നിലപാട് സ്വീകരിച്ചു എന്നതുകൂടി ഈ രംഗത്തിന്റെ പ്രത്യേകതയായി എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ കുടുംബഭദ്രത നിലനിർത്തുകയെന്നുള്ളത് മാത്രമല്ല ഇവിടെ കുടുംബങ്ങളുടെ സുരക്ഷിതത്വം നിലനിർത്തുകയെന്നുള്ള സംഗതികൂടി കണക്കിലെടുത്തുകൊണ്ടാണ് മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്.

ശ്രീ. എം. എം. ഹസ്സൻ: ഒരുകാലത്ത് കേരളത്തിലെ പാട്ടക്കുടിയാൻമാർക്കുവേണ്ടി നിരന്തരം വാദിച്ചിരുന്ന മാർക്സിസ്റ്റ് പാർട്ടി ഇപ്പോൾ കേരളത്തിലെ പാട്ട കുടിയൻമാർക്കുവേണ്ടിയാണ് വാദിക്കുന്നതെന്നുള്ള കാര്യം, ചാരായനിരോധനത്തെക്കുറിച്ച് പറയുന്ന അവസരത്തിൽ ബഹുമാനപ്പെട്ട മെമ്പർ ഓർക്കുമോ?

ശ്രീ. കെ. മുഹമ്മദാലി: സർ, അക്കാര്യം കേരളത്തിലെ ജനങ്ങൾ വളരെ വ്യക്തമായി മനസ്സിലാക്കികഴിഞ്ഞിരിക്കുകയാണ്. അബ്കാരി കോൺട്രാക്ടർമാരെ സംരക്ഷിക്കുന്ന നിലയിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയും മാർക്സിസ്റ്റ് പാർട്ടിയും പ്രവർത്തിക്കുന്നതെന്ന കാര്യം കേരളത്തിലെ ജനങ്ങൾ കാണുന്ന വസ്തുതയാണ്. നിങ്ങളുടെകൂടെ നിൽക്കുന്ന സഹോദരിമാർവരെ ചാരായനിരോധനത്തിന്റെ കാര്യത്തിൽ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് അനുകൂലമായ നിലപാടാണ് എടുക്കുക. മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി എടുത്ത

LIBRARY ARCHIVES Kerala Legislative Assembly

നിലപാടിനോട് അനുകൂലമായ നിലപാടാണ് അവർക്കുള്ളത്. വരുന്ന തെരഞ്ഞെടുപ്പിൽ അവരുടെ ഈ നിലപാട് അവർ തങ്ങളുടെ സമ്മതിദാനാവകാശത്തിലൂടെ വെളിവാക്കുമെന്നാണ് എന്റെ പ്രതീക്ഷ. അവർ ഐക്യജനാധിപത്യമുന്നണിക്ക് അനുകൂലമായി തെരഞ്ഞെടുപ്പിൽ വിധിയെഴുതുമെന്ന കാര്യത്തിൽ യാതൊരു സംശയത്തിനും വകയില്ല.

ശ്രീ. ജോർജ്ജ് ഈഡൻ: ഈ ഗവൺമെന്റിന്റെ ചായനിരോധനം സ്വാഗതം ചെയ്തുകൊണ്ട് അടുത്ത തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ പോകുന്ന ഇടതുപക്ഷമുന്നണി പ്രവർത്തകൻമാരുടെ ഭാര്യമാരെ അവർ വീടുകളിൽ പൂട്ടിയിടാൻ തീരുമാനിച്ച വിവരം അങ്ങേയ്ക്കറിയാമോ?

ശ്രീ. കെ. മുഹമ്മദാലി: ഇക്കാര്യത്തിൽമാത്രം ഭർത്താക്കൻമാർ പറയുന്നത് കേൾക്കാൻ അവർ തയ്യാറല്ല എന്നുള്ള നിലപാടാണ് അവർ സ്വീകരിച്ചിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മെമ്പർക്കറിയില്ലേ? ഇന്ന് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ സാമൂഹ്യ രാഷ്ട്രീയ രംഗത്ത് ആധിപത്യം പുലർത്തിവരുന്ന അബ്കാരി ലോബികൾക്കെതിരായിട്ടുള്ള കർശനമായ നിലപാട് ഉണ്ടാകണം. ഇവിടെ ഈ നടപടികൾ ഒരു തുടക്കം മാത്രമായി നമുക്ക് കാണാൻ കഴിയും എന്നതാണ് വസ്തുത. മദ്യനിരോധനത്തിന്റെ ആദ്യഘട്ടം മാത്രമായിട്ടേ അതിനെ കാണാൻ കഴിയൂ. നമ്മുടെ സാമൂഹ്യ, രാഷ്ട്രീയരംഗത്ത് പല ദുഷിച്ച പ്രവണതകളുമുണ്ട്. ആ പ്രവണതകൾക്കെതിരെ പോരാടുവാൻ ഒരു ഭാഗത്തു നിൽക്കുന്ന ആളുകൾ മാത്രമല്ല ശ്രമിക്കേണ്ടത്, നമ്മളെല്ലാവരും ശ്രമിക്കേണ്ടതാണ്. അതിന്റെ ഭാഗമായി നാം അതിനെ കാണണം, അതല്ലാതെ അതിനുപകരം ഇവിടെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടും, അല്ലെങ്കിൽ മറ്റു രീതിയിലുള്ള പ്രയാസങ്ങളുണ്ടാകും, വിദേശ മദ്യവിൽപ്പന വർദ്ധിക്കും എന്നുള്ള ഞൊട്ടുമുട്ട് ന്യായങ്ങൾ പറഞ്ഞുകൊണ്ട് അതിനെതിരായി പുറംതിരിഞ്ഞുനിൽക്കുന്ന സമീപനം ഈ സംസ്ഥാനത്തെ ജനങ്ങൾ അംഗീകരിക്കുകയില്ലായെന്നുള്ള കാര്യത്തിൽ തീർത്തും സംശയമില്ല. ഇവിടെ ഞാൻ വളരെയേറെ ബഹുമാനിക്കുന്ന ശ്രീ. വി. വി. രാഘവന്കുറെ കാര്യങ്ങൾ പറഞ്ഞു. എന്നാൽ അദ്ദേഹം പറഞ്ഞ കാര്യങ്ങളിൽ ഒരുകാര്യം മാത്രം അദ്ദേഹം സത്യസന്ധമായിട്ട് പറഞ്ഞു. കേരളത്തിലെ ജനങ്ങൾ പ്രബുദ്ധരാണെന്ന് അദ്ദേഹം പറഞ്ഞു, ആ പ്രബുദ്ധത ഇവിടത്തെ ജനങ്ങൾ തെളിയിക്കാൻ പോവുകയാണ്. ഈ വരാൻപോകുന്ന തെരഞ്ഞെടുപ്പിൽ ജനങ്ങൾ അവരുടെ പ്രബുദ്ധത തെളിയിക്കും, ഈ ഗവൺമെന്റ് തന്നെ ഇനിയും ഇവിടെ അധികാരത്തിൽ വരും. ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇവിടെ അധികാരത്തിൽ തിരിച്ചുവരുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. കേരളത്തിലെ ജനങ്ങളുടെ മനസ്സിൽ ഈ ഗവൺമെൻറും എ. കെ. ആൻറണിയും നിലനിൽക്കുന്നിടത്തോളംകാലം ഞങ്ങൾ ബഹുഭൂരിപക്ഷത്തോടെ ഈ സഭയിൽ തിരിച്ചുവരും, ആ തിരിച്ചുവരവിനുവേണ്ടി കാതോർത്തുനിൽക്കുന്ന ജനങ്ങളുടെ മദ്ധ്യത്തിലേക്ക് നാം നീങ്ങുകയാണ്. ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ഇന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി യു. പി. യിലെ അമേഠിയിൽ ഏഴായിരം കോടി രൂപ ചെലവുവരുന്ന ഒരു പദ്ധതിയുടെ ശിലാസ്ഥാപനം നിർവ്വഹിക്കുകയാണ്. അതിനെ സ്പർശിച്ച് പത്രറിപ്പോർട്ടുകളെല്ലാം ഉണ്ടായിട്ടുണ്ട്. ഞാൻ അതിലേക്ക് കൂടുതൽ കടക്കാൻ ഉദ്ദേശിക്കുന്നില്ല. ഏതാനും ആഴ്ചക്കുമുമ്പ് ആന്ധ്രാ

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശിൽ നന്ദ്യാലിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഏതാണ്ട് 3000 കോടി രൂപ ചെലവുവരുന്ന ഒരു വ്യവസായ സ്ഥാപനത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിക്കുകയുണ്ടായി. നമ്മുടെ പ്രധാനമന്ത്രി ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലേയ്ക്കും പോയി ഇത്തരത്തിലുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുകയാണ്. അടുത്തുതന്നെ ഒരുദിവസം നമ്മുടെ പ്രധാനമന്ത്രി ഈ സംസ്ഥാനത്തേയ്ക്ക് വരുന്നുണ്ടെന്ന് ഇന്ന് പത്രറിപ്പോർട്ട് കണ്ടു. ഒരു രാഷ്ട്രീയ റാലിയിൽ പങ്കെടുക്കാനാണ് അദ്ദേഹം വരുന്നത്. ഈ സംസ്ഥാനത്ത് കേന്ദ്ര വ്യവസായ സ്ഥാപനങ്ങൾ ഒന്നുംതന്നെ തുടങ്ങേണ്ടതില്ലെന്നാണ് കേന്ദ്രഗവൺമെൻറിന്റെ തീരുമാനം. ആ തീരുമാനത്തോടു യോജിക്കുന്ന ഒരു ഗവൺമെൻറാണ് ഈ കഴിഞ്ഞ അഞ്ചുകൊല്ലം ഈ സംസ്ഥാനം ഭരിച്ചത്. ഈ അഞ്ചുകൊല്ലം കാണാൻ സാധിച്ചത് എന്താണെന്ന് ഇംഗ്ലീഷിൽ പറയുകയാണെങ്കിൽ–A poverty of new Central Projects and Industries—ആണ്. കേന്ദ്ര പ്രോജക്ടുകളോ കേന്ദ്ര വ്യവസായ സ്ഥാപനങ്ങളോ ഒന്നുംതന്നെ ഈ സംസ്ഥാനത്ത് വരാത്ത ഒരു ദരിദ്രസ്ഥിതിയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. തീർച്ചയായും ഈ സ്ഥിതിക്ക് വ്യത്യാസമുണ്ടാകണമെങ്കിൽ നമുക്ക് വൈദ്യുതി ഉണ്ടാകണം, വെള്ളമുണ്ടാകണം. ഇതൊന്നുംതന്നെ ഈ സംസ്ഥാനത്ത് വേണ്ടത്രയില്ല. ഈ കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്തിലുണ്ടായിട്ടുള്ള അനുഭവങ്ങളിൽ മറെറാരു കടുത്ത അനുഭവം, നമ്മുടെ സംസ്ഥാനത്തിലെ സാധാരണ ജനങ്ങളുടെ കുടിവെള്ള പ്രശ്നമാണ്. കേരളാ വാട്ടർ അതോറിറ്റി എന്ന സ്ഥാപനത്തിന്റെ സമ്പൂർണ്ണ പരാജയമാണ് അതിൽ കാണുന്നത്. ഇത്തരത്തിൽ കേരള വാട്ടർ അതോറിറ്റി മുമ്പൊരിക്കലും പ്രവർത്തനരഹിതമായിട്ടില്ല. ഇപ്പോഴത്തെതുപോലെ വളരെയധികം ദുഷ്ടരീതിയിലുള്ള, തെറ്റായ രീതിയിലുള്ള, അഴിമതി നിറഞ്ഞ രീതിയിലുള്ള ഒരു പ്രവർത്തനം ഈ കേരള വാട്ടർ അതോറിറ്റി ഇതുവരെ നടത്തിയിട്ടില്ല. ഒരുതരത്തിൽ. അതിനു മന്ത്രിയാണ് ഉത്തരവാദി. മന്ത്രി എന്താണ് പറഞ്ഞത്? വളരെയധികം പൈപ്പുകൾ 1992 മുതൽ വാങ്ങേണ്ടി വന്നു. ആ പൈപ്പുകൾ വാങ്ങാൻ അദ്ദേഹം എഞ്ചിനീയർമാരെ ഏൽപ്പിച്ചു. അദ്ദേഹം ഒരു ഉത്തരവാദിത്വവും നിർവ്വഹിക്കുകയുണ്ടായില്ല. കാരണം എന്താണെങ്കിലും അഴിമതിയാരോപണം വന്നാലോയെന്ന് അദ്ദേഹം പറയുകയുണ്ടായി. ഒരു കണക്കിന് നോക്കുമ്പോൾ അത് ശരിയാണെന്ന് തോന്നിപ്പോകും. മറെറാരു കണക്കിന് നോക്കുമ്പോൾ ഇതിലും വലുതായ തെറെറില്ല. എഞ്ചിനീയർമാർ ചെയ്യുന്ന തെറെറിന് മന്ത്രിയാണ് ഉത്തരവാദി. ആ രീതിയിൽ കാര്യങ്ങൾ നിർവ്വഹിക്കാൻ പഴുതുകളുണ്ടാക്കുന്ന രീതിയിൽ, ഉപാധികളുണ്ടാക്കുന്ന രീതിയിൽ അദ്ദേഹത്തിന്റെ കൽപ്പന അദ്ദേഹം പുറപ്പെടുവിച്ചിട്ടില്ല എന്ന കാരണത്താൽ ഒന്നുകിൽ അദ്ദേഹത്തെ മറികടന്ന് എഞ്ചിനീയർമാർ തെറെറായ തീരുമാനങ്ങൾ എടുത്തു; അല്ലെങ്കിൽ അദ്ദേഹത്തിന്റെ അറിവോടുകൂടി ചെയ്തു. ആ അറിവിന്റെ പിന്നിൽ എന്തെല്ലാം ഉണ്ടായിരിക്കുമെന്ന് എനിക്കറിഞ്ഞുകൂടാ. ബഹുമാനപ്പെട്ട നാണുമാസ്റർ ഇന്നു രാവിലെ നാലഞ്ച് പദ്ധതികളുടെ കാര്യം ഉന്നയിച്ചു. ആ നാലഞ്ച് പദ്ധതികളെ സംബന്ധിച്ച് ശ്രീ. ടി. എം. ജേക്കബിന്റെ മറുപടി എല്ലാ പദ്ധതികളും തീർന്നു. പക്ഷെ പൈപ്പുകളെല്ലാം പൊട്ടലാണ് പൈപ്പുകളുടെ ജോയിൻറ്, പൊട്ടലാണ്, അതിനാൽ വെള്ളം കൊണ്ടുപോകാൻ നിവൃത്തിയില്ല, റിപ്പയർ ചെയ്തുവരികയാണ്. എത്രസമയം പിടിക്കുമെന്ന് പറയാൻ സാധിക്കുകയില്ല എന്നാണ്, ഇതാണ് എഞ്ചിനിയർമാരും പറയുന്നത്. ഈ സംസ്ഥാനത്തു മുഖ്യമന്ത്രിയുടെ പതിനഞ്ചിന പരിപാടിയിൽ 83 പദ്ധതികളിൽ ഒൻപത് പദ്ധതികൾ ഡിസംബർ–30ന് മുൻപ് തീർക്കും,

LIBRARY ARCHIVES Kerala Legislative Assembly

ബാക്കിയുള്ള പദ്ധതികളും മാർച്ച് 31–നു മുൻപ് പൂർത്തീകരിക്കുമെന്നാണ് പറഞ്ഞത്. ഞാൻ പറയുകയാണ്, ആ 83 പദ്ധതികളിൽ ഒരൊറ്റയെണ്ണം കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല, സാധിക്കുകയുമില്ല, ഈ 83 എണ്ണത്തിൽ ബഹുഭൂരിപക്ഷവും തീർന്നിട്ടുണ്ടെങ്കിൽക്കൂടി പമ്പിങ്ങ് ചെയ്യാൻ നിവർത്തിയില്ല, വാട്ടർ ടാങ്കിലേയ്ക്ക് വെള്ളംകൊണ്ടുപോകാൻ നിവർത്തിയില്ല. പട, പടേന്ന് പൊട്ടലാണ്. എവിടെയാണ് വാട്ടർ സോഴ്സ്; ആ വാട്ടർ സോഴ്സിലേയ്ക്ക് വെള്ളം തിരിച്ചൊഴുകുകയാണ്. അത്തരത്തിലുള്ള ഒരു സ്ഥിതിവിശേഷം ഇന്നു നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. ഞാൻ ഇതിനു മന്ത്രിയുടെ പേരിൽ കുറ്റാരോപണം കൊണ്ടുവരികയാണ്. ഈ കഴിഞ്ഞ അഞ്ചു കൊല്ലക്കാലം കേരളാ വാട്ടർ അതോറിറ്റിയിൽ ഇത്ര മോശമായ രീതിയിലുള്ള പ്രവർത്തനം ഉണ്ടാക്കിയതിനു, ഇഷ്ടം പോലെ പൈപ്പുകളും വാങ്ങിക്കൂട്ടി, ഇഷ്ടം പോലെ കോർത്തിണക്കി, ഇഷ്ടം പോലെ ലീക്കുകളും ഉണ്ടാക്കുന്ന സ്ഥിതിവിശേഷമുണ്ടാക്കിയതിനു മന്ത്രി ഉത്തരവാദിയാണ്, ഗവൺമെൻറ് ഉത്തരവാദിയാണ്. അന്വേഷിച്ചേ മതിയാകൂ. ഒരു അന്വേഷണ കമ്മീഷനെ നിശ്ചയിച്ച് ഈ കാര്യം അന്വേഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, ഈ കഴിഞ്ഞ അഞ്ചുകൊല്ലത്തെപ്പോലെ ഉദ്യോഗസ്ഥൻമാരുടെ ഇടയിൽ അഴിമതിയും കൈക്കൂലിയും വർദ്ധിച്ചിട്ടില്ല. ഈ അഞ്ചു കൊല്ലങ്ങളിൽ നാലു കൊല്ലത്തിന് ഒരു കാരണം, ഒരു കൊല്ലത്തിന് മറെറാരു കാരണം. നാലുകൊല്ലത്തിൻെറ കാരണമെന്താണ്? ഉദ്യോഗസ്ഥൻമാരെ ബഹുമാനപ്പെട്ട കരുണാകരൻ മൂക്കുകയറൂരി വിട്ടിരിക്കുകയാണ്. പോലീസുകാർക്ക് എന്തും ചെയ്യാം. എകസൈസ് ബഹുമാനപ്പെട്ട കരുണാകരനല്ലേ കൈകാര്യം ചെയ്തിരുന്നത്? എകസൈസിൻെറ മന്ത്രി വേറെയായിരുന്നു. അവരെയെല്ലാം കയറൂരിവിട്ടുവെന്ന കാരണത്താൽ അവരെല്ലാം കൈക്കൂലിയുടേയും അഴിമതിയുടേയും ആളായി. ഈ കഴിഞ്ഞ ഒരു കൊല്ലത്തെ കാരണമെന്താണ്? ഈ കഴിഞ്ഞ ഒരു കൊല്ലത്തെപ്പൊലെ ഇത്ര ദുർബലമായ ഒരു ഗവൺമെൻറ് ഈ സംസ്ഥാനത്തുണ്ടായിട്ടില്ല. ദുർബലമായ ഗവൺമെൻറിനെ ഉദ്യോഗസ്ഥൻമാർ ഭയപ്പെടുന്നില്ല. ഉദ്യോഗസ്ഥൻമാർ മുമ്പിലത്തെപ്പോലെതന്നെ കൈക്കൂലിക്കും അഴിമതിക്കും വിധേയരായി പ്രവർത്തിച്ചു. മറെറാരുവശം, ഉദ്യോഗസ്ഥൻമാർ ചെയ്യേണ്ട കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട കരുണാകരൻ സ്പീഡ് പ്രോഗ്രാമിലൂടെയും ബഹുമാനപ്പെട്ട എ. കെ. ആൻറണി ജനസമ്പർക്ക പരിപാടിയിലൂടെയും ചെയ്തു. ഇതെല്ലാം ചെയ്തതിൻെറ ഫലമായി പ്രത്യേകിച്ചും ഉയർന്ന ഉദ്യോഗസ്ഥൻമാർ, ജില്ലാ നിലവാരത്തിലുള്ള ഉയർന്ന ഉദ്യോഗസ്ഥൻമാർ നിഷ്ക്രിയരായിത്തീർന്നിരിക്കുകയാണ്.

ബഹുമാനപ്പെട്ട ലല്ലുപ്രസാദ് യാദവിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. അദ്ദേഹത്തെപ്പറ്റി പറയുമ്പോൾ ഒരു കാര്യം ഓർക്കേണ്ടതുണ്ട്. അദ്ദേഹത്തിനു യാതൊരുതരത്തിലുള്ള നേരിട്ടുള്ള ഇടപാടും കാലിത്തീറ്റ വാങ്ങിയതിൽ ഇല്ല. ആരാണ് ഇത് ചെയ്തത്? ഇത് ചെയ്തത് കേന്ദ്ര മന്ത്രി രാംരത്തൻ സിംഗാണ്. അദ്ദേഹം നരസിംഹറാവുവിൻെറ മന്ത്രിസഭയിലെ അംഗമാണ്. അദ്ദേഹത്തിൻെറ മകളുടെ ഭർത്താവ് മൃഗസംരക്ഷണ വകുപ്പിലെ റീജിയണൽ ഡയറക്ടർ ശ്രീ. കാശിനാഥ് സിംഗായിരുന്നു. മറെറാരാൾ ആരാണ്? ജഗന്നാഥമിശ്രയുടെ ഉറ്റബന്ധുവാണ്. എന്താണ് ശ്രീ. ലല്ലുപ്രസാദ് യാദവ് ചെയ്തത്? ലല്ലുപ്രസാദ് യാദവ് അതു കണ്ടുപിടിച്ചു. ലല്ലുപ്രസാദ് യാദവ് ഇവരെ ബുക്ക് ചെയ്തു;

LIBRARY ARCHIVES Kerala Legislative Assembly

ലല്ലുപ്രസാദ് യാദവ് ഇവരെ സസ്പെൻഡ് ചെയ്തു. ശ്രീ. ലല്ലു പ്രസാദ് ബീഹാറിലെ മുഖ്യമന്ത്രിയല്ലായിരുന്നുവെങ്കിൽ, ജനതാദളിന്റെ ഗവൺമെന്റ് ബീഹാറിൽ ഉണ്ടായില്ലായിരുന്നുവെങ്കിൽ ഈ 600 കോടി രൂപ യുടെ സ്കാം കണ്ടുപിടിക്കാൻ സാധിക്കുകയില്ലായിരുന്നു. കോൺഗ്രസ് അവിടെ ഭരിച്ചിരുന്നുവെങ്കിൽ ഈ 600 കോടി രൂപയുടെ സ്കാമിന്റെ കൂടെ ഇവരുമുണ്ടായിരിക്കുമായിരുന്നുവെന്നുള്ള നഗ്നമായ സത്യമാണ് ഇവർ മനസ്സിലാക്കേണ്ടത്. അതിനെ മറച്ചുവയ്ക്കാൻ ആവേശത്തോടു കൂടി ആരെങ്കിലും എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അത് ശരിയല്ല. സർ, ഇന്ന് സി.ബി.ഐ -ക്ക് കൊടുത്തിരിക്കുകയാണ്. ആരാണ് ഈ രാജ്യത്തെ സി.ബി.ഐ.-ക്കാർ? സി.ബി.ഐ.-യെ ചാരവൃത്തിക്കേസ്സിൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. നരസിംഹറാവുവിന്റെ ബന്ധു അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫിലുണ്ട് എന്ന കാരണത്താൽ, അദ്ദേഹത്തിനു ബന്ധപ്പെട്ട ചിലർ ഈ ചാരവൃത്തിക്കേസ്സിൽ പെട്ടു എന്ന കാരണത്താൽ, ചാരവൃത്തിക്കേസ്സ് പോയി എന്ന് പത്ര റിപ്പോർട്ടു കളും പറയുകയുണ്ടായി. സി.ബി.ഐ. ഇന്നു രാജ്യത്ത് ക്രെഡിബിലിറ്റി നഷ്ടപ്പെട്ട ഒരു സ്ഥാപനമാണ്. ക്രെഡിബിലിറ്റി നഷ്ടപ്പെട്ടതിന്റെ ഉത്തമ ഉദാഹരണമാണ് സി.ബി.ഐ.-യെ കൺട്രോൾ ചെയ്യുന്നത് ഇൻഡ്യയിലെ സുപ്രീം കോർട്ടാണ് എന്നുള്ളത്. ഇത്രയധികം അധഃപതിച്ച ഒരു സ്ഥാപനത്തെക്കൊണ്ട് ഇത് അന്വേഷിപ്പിക്കുന്നതു തന്നെ അപമാനകരമാണ്. ലല്ലുപ്രസാദ് യാദവ് കാലിത്തീറ്റക്കേസ് കണ്ടുപിടിച്ച ആളാണ്; കുറ്റക്കാരെ ശിക്ഷിച്ച ആളാണ്. ലല്ലുപ്രസാദ് ആരാണ് എന്നുള്ളത് ഇന്നലെ പാറ്റ്നയിൽ വിളിച്ചു പറയുകയുണ്ടായി. ജനകോടികളാണ് ലല്ലുപ്രസാദ് യാദവിന്റെ റാലിയിൽ പങ്കെടുത്തത്. ആ ജനകോടികളുടെ പിന്തുണയുള്ള ജനനേതാവിനെപ്പറ്റി ഈ കൊച്ചു നിയമസഭയിലെ ചില കൊച്ചാളുകൾ എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ, അത് അദ്ദേഹത്തെ സ്പർശിക്കുകയില്ല എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി 1991–1993 കാലഘട്ടങ്ങളിൽ മരുന്നുവാങ്ങിയതിനെ സംബന്ധിച്ച് ചില ശുപാർശകൾ നടത്തിയിരുന്നു. ആ ശുപാർശയിൽ പറയുന്നത് ഇപ്രകാരമാണ്. പൊതുമുതൽ ചെലവുചെയ്യുമ്പോഴുണ്ടാകുന്ന ജാഗ്രത ഇക്കാര്യത്തിൽ പാലിച്ചു കാണുന്നില്ല എന്നുള്ളത് അൽഭുതകരമായിട്ടാണ് സമിതി വീക്ഷിക്കുന്നത്. വേണ്ടത്ര ശ്രദ്ധയോടെ ഈ പ്രശ്നം കൈകാര്യം ചെയ്തിരുന്നെങ്കിൽ കോടിക്കണക്കിനു രൂപയുടെ നഷ്ടം ഗവൺമെന്റിനു ഒഴിവാക്കാമായിരുന്നു. കമ്മിറ്റി ഈ നിഗമനത്തിൽ എത്തിയത് 1990–91, 1991–92, 1992–93 എന്നീ വർഷങ്ങളിലെ മരുന്നു ഇടപാടിനെ സംബന്ധിച്ച് പരിശോധിച്ചതിനുശേഷമാണ്. ആ കമ്മിറ്റിയിൽ അഞ്ച് അംഗമായിരുന്നു. ഞാൻ അംഗമായിരുന്നു. ഈ സഭയിലെ പലരും അംഗങ്ങളായിരുന്നു. സാധാരണ നമ്മുടെ നിയമസഭയിൽ പല കമ്മിറ്റികളിലും അംഗങ്ങളായവർ പിൽക്കാലത്ത് മന്ത്രിമാരായിട്ടുണ്ട്. ഇവിടെ എത്രയോ സമിതികളുടെ റിപ്പോർട്ടുകൾ വന്നിട്ടുണ്ടെങ്കിലും ആ റിപ്പോർട്ടുകളെ ഒന്നും ബാധിക്കാതെ 1991–1993–ലെ എസ്റ്റിമേറ്റ്സ് കമ്മിറ്റി മരുന്നു ഇടപാടിനെ സംബന്ധിച്ചുള്ള ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ടിട്ട് അതിൽ അംഗമായിരുന്ന ശ്രീ. സുധീരൻ മന്ത്രിയായിക്കഴിഞ്ഞപ്പോൾ നിലപാട് മാറി എന്നു പറഞ്ഞ് ചില പരാമർശങ്ങൾ സഭയിലുണ്ടായി. പല പരാമർശനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടെങ്കിലും അതിലൊന്നും ഞാൻ പ്രതികരിക്കാൻ പോയില്ല. പക്ഷെ ഇവിടത്തെ ബഹുമാന്യ സുഹൃത്ത് എന്റെ മുൻഗാമികൂടിയായ എ.സി. ഷൺമുഖദാസ് ഇന്ന് സഭയിൽ നടത്തിയ ഒരു പരാമർശനമാണ് ഇതു സംബന്ധിച്ച് വിശദീകരണം നൽകാൻ എന്നെ പ്രേരിപ്പിച്ചത്. സർ, എന്താണ് പ്രശ്നം? ഇവിടെ പലരും പല സന്ദർഭത്തിലും നിയമസഭയ്ക്കകത്തും പുറത്തും ഒറ്റപ്പെട്ടാണെങ്കിലും പറഞ്ഞിട്ടുള്ളതുപോലെ ഇതു ഏതെങ്കിലും തരത്തിലുള്ള അഴിമതി ആരോപണമായിട്ടല്ല; മറിച്ച് ജാഗ്രത കുറവുകൊണ്ട് സർക്കാരിനു നഷ്ടമുണ്ടായി എന്നതാണ് സത്യം. അല്ലാതെ ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ച് ഒരു പ്രത്യേകമായ അഴിമതി ആരോപണം വ്യക്തമായി പറഞ്ഞ രീതിയിൽ അല്ല കമ്മിറ്റിയുടെ ശുപാർശ. അതിനെ തെറ്റിദ്ധരിപ്പിക്കാൻ പലരും ശ്രമിക്കുന്നുണ്ട്.

ശ്രീ. ബേബിജോൺ: ക്ലിയർ ആകാൻ വേണ്ടി ചോദിക്കുകയാണ്; ജുഡീഷ്യൽ അന്വേഷണം വേണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തിരുന്നോ?

ശ്രീ. വി. എം. സുധീരൻ: ഉണ്ടല്ലോ. അതു ഞാൻ വായിച്ചല്ലോ. അതുകൊണ്ടാണ് അതിനെപ്പറ്റി ജുഡീഷ്യൽ അന്വേഷണം വേണമെന്നുപറഞ്ഞത്. ആ പോയിന്റു വച്ചുകൊണ്ട് ജുഡീഷ്യൽ അന്വേഷണം വേണമെന്നു പറഞ്ഞല്ലോ. ഞാൻ മന്ത്രിയായി വന്നതിനുശേഷം ആ പ്രശ്നം എന്റെ മുമ്പിൽ പരിഗണനയ്ക്കു വന്നു. അപ്പോഴാണ് അതിന്റെ റിപ്പോർട്ട് വന്നത്; 1984 മുതൽ തുടർന്നുവരുന്ന പർച്ചേസ് പോളിസിയുടെ ഭാഗമായിട്ടാണ് മരുന്നുവാങ്ങിയിട്ടുള്ളതെന്ന്. അതായത് പൊതുമേഖലയിൽ നിന്നാണ് കൂടുതൽ മരുന്നു വാങ്ങിയത്. അതുകൊണ്ട് ആ നയത്തിന്റെ ഭാഗമായിട്ടാണ് നഷ്ടമുണ്ടായത് എന്ന രീതിയിൽ നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റിക്ക് മറുപടി നൽകുന്നതിന് ഒരു കരട് എന്റെയടുത്തുവന്നു. മന്ത്രി എന്ന നിലയിൽ എന്റെ മുന്നിൽ വന്നത് പുതിയ ഒരു പോയിന്റായിരുന്നു. മന്ത്രി എന്നുള്ള രീതിയിൽ വരുന്ന അവസരത്തിൽ ഏതു പുതിയ പ്രശ്നം വന്നാലും പരിശോധിക്കണ്ടേ? അതുകൊണ്ടുതന്നെ ഈ പ്രശ്നം ഞാൻ നിയമവകുപ്പിനു വിട്ടു. നിയമ വകുപ്പിന്റെ അഭിപ്രായം ആരായുന്നതിനുവേണ്ടി നിയമ വകുപ്പ് സെക്രട്ടറിക്ക് ഫയൽ അയച്ചു. നിയമ വകുപ്പ് സെക്രട്ടറി പറഞ്ഞത് ഇക്കാര്യം സംബന്ധിച്ച് 1984 മുതൽ തുടർന്നുവരുന്ന പർച്ചേസ് പോളിസിയുടെ ഭാഗമാണെന്നുള്ള പോയിന്റ് എസ്റ്റിമേറ്റ്സ് കമ്മിറ്റിയിൽ ഫലപ്രദമായി ഉന്നയിച്ചതായി കാണുന്നില്ല; ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും ഹാജരായ ഒഫീഷ്യൽസിന്റെ ഭാഗത്തുനിന്നും അങ്ങനെ ബ്രീഫ് ചെയ്തതായി പ്രൊപ്പറായി കാണുന്നില്ല; ഈ പോയിന്റ് വന്നിരുന്നെങ്കിൽ കമ്മിറ്റിയുടെ നിഗമനം ഈ തരത്തിലാകുമായിരുന്നില്ല; അതുകൊണ്ട് വീണ്ടും ഇത് എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പരിഗണനയ്ക്കും പരിശോധനയ്ക്കും അയയ്ക്കുന്നതാണ് നല്ലത് എന്നാണ്. സർ, in fairness, ഏതുകാര്യം ചെയ്യുന്നതും ധൃതി ഒഴിവാക്കിക്കൊണ്ട് അതിന്റെ എല്ലാ വശങ്ങളും പരിശോധിച്ചായിരിക്കണം. അതിൽ യാതൊരു വിധത്തിലുള്ള തിരക്കുപിടിച്ച തീരുമാനവും പാടില്ല; നീതി ഉറപ്പു വരുത്തണം, എന്നുള്ളതുകൊണ്ടുതന്നെ ഞാൻ ഈ പ്രശ്നം വച്ചുകൊണ്ട് നിയമസഭയിൽ പറഞ്ഞു, ബന്ധപ്പെട്ട എസ്റ്റിമേറ്റ്സ് കമ്മിറ്റിതന്നെ പരിശോധിക്കട്ടെയെന്ന്. പക്ഷെ എസ്റ്റിമേറ്റ്സ് കമ്മിറ്റി പരിശോധിച്ച് എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ തീരുമാനം എന്താണോ അതുപോലെ നടപടി സ്വീകരിക്കുന്നതായിരിക്കും ഉചിതമെന്നും

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ എന്റെ അഭിപ്രായം അതിൽ വ്യക്തമാക്കുകയും ചെയ്തു. അത് പ്രകാരം എസ്റ്റിമേറ്റ്സ് കമ്മിറ്റിക്ക് അയച്ചു. ഇതു സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണംതന്നെ വേണമെന്ന് ആവശ്യപ്പെട്ടു. അല്ലാതെ എനിക്ക് യാതൊരു തീരുമാനവുമില്ല. ഒരു നിയമസഭാ കമ്മിറ്റി അത് ആവശ്യപ്പെട്ടതുകൊണ്ട് ഇതിൽ ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നാണ് പറഞ്ഞത്. കാരണം ഇതു സംബന്ധിച്ച് യാതൊരു തരത്തിലുള്ള തെറ്റിദ്ധാരണയും ജനങ്ങളുടെ മനസ്സിലുണ്ടാകരുത്, ദുർവ്യാഖ്യാനം ചെയ്യാൻ അവസരമുണ്ടാകരുത് എന്നുള്ളതുകൊണ്ടുതന്നെ ഇത് സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന എന്റെ അഭിപ്രായം, ആരോഗ്യവകുപ്പിന്റെ അഭിപ്രായം, ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയും മന്ത്രിസഭയുടെ ഒരു സബ് കമ്മിറ്റി ഈ പ്രശ്നം വിശദമായി പരിശോധിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. മന്ത്രിസഭാ സബ് കമ്മിറ്റി പരിശോധിച്ച് യുക്തമായ ഒരു തീരുമാനം അക്കാര്യത്തിൽ എടുക്കുന്നതാണ്. ഇത് ഏതെങ്കിലും തരത്തിൽ മറച്ചുവയ്ക്കുന്ന പ്രശ്നമില്ല. തന്നെയുമല്ല ഇക്കാര്യം സംബന്ധിച്ച് വളരെ ഫെയറായി പോകുകയല്ലാതെ മറിച്ച് നടപടിക്രമത്തിനു യാതൊരു വ്യത്യാസവുമുണ്ടായിട്ടില്ല. രണ്ടാമത് ചിലരെങ്കിലും വ്യാഖ്യാനിക്കുന്നതു പോലെ ഇത് ഏതെങ്കിലും വ്യക്തികൾക്ക് എതിരായ പ്രശ്നമല്ല. തന്നെയുമല്ല ഏതെങ്കിലുമൊരു പ്രത്യേക ഗവൺമെന്റിനെമാത്രം ബാധിക്കുന്ന പ്രശ്നവുമല്ല. 1990-91, 1991-92, 1992-93 എന്നു പറയുമ്പോൾ രണ്ടുവർഷം ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ കാലവും, ഒരു വർഷം ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലവുമാണ്. ഇതിനെ സംബന്ധിച്ചിടത്തോളം നീതിപൂർവ്വമായി കാര്യങ്ങൾ നടക്കുക എന്നുള്ളതല്ലാതെ മറ്റ് യാതൊരു തരത്തിലുമുള്ള നടപടികളുമില്ല. ഒരു കാര്യം പറയാനുണ്ട്. എന്റെ അഭിപ്രായം ഇക്കാര്യത്തിൽ വളരെ വ്യക്തമായ അഭിപ്രായമാണ്. മറ്റൊന്നും കൊണ്ടല്ല. ഇതു സംബന്ധിച്ച ഒരു തെറ്റിദ്ധാരണ ഉണ്ടാകരുത്. ആവശ്യമില്ലാതെ പ്രചരണപരമായിപ്പോലും ഇതു ഉപയോഗിക്കരുതെന്ന ഒരൊറ്റ കാരണം കൊണ്ടുതന്നെ ഒരു നിയമസഭാ കമ്മിറ്റി വീണ്ടും പറഞ്ഞ സാഹചര്യത്തിൽ ഒരു ജുഡീഷ്യൽ അന്വേഷണം വേണമെന്നാണ് എന്റെ അഭിപ്രായം. അത് കാബിനറ്റ് സബ് കമ്മിറ്റിയുടെ പരിഗണനയിലാണ് എന്ന കാര്യം ഞാൻ സഭയുടെ മുമ്പിൽ സമർപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. ശിവദാസമേനോൻ: ആ എസ്റ്റിമേറ്റ്സ് കമ്മിറ്റിയിൽ ഞാനും ബഹുമാനപ്പെട്ട മന്ത്രി സുധീരനും ഒക്കെ മെമ്പർമാരായിരുന്നു. ഇതിൽ അവസാനത്തെ വാചകം ജീവൻരക്ഷാ മരുന്നുകൾക്കുപോലും പണം കാണാതെ ആശുപത്രിയിൽ വിഷമിക്കുന്ന അവസരത്തിൽ ഇത്രയും വലിയൊരു നഷ്ടം സംഭവിച്ചത് അക്ഷന്തവ്യമായ കുറ്റമാണ്; അതുകൊണ്ട് ഇതിന്റെ പിന്നിലുള്ളത് എന്താണ് എന്ന് വെളിച്ചത്ത് കൊണ്ടുവരണം; ഇതു കൊണ്ടുവരാൻ വേണ്ടിയാണ് ഒരു ജുഡീഷ്യൽ അന്വേഷണം വേണമെന്നു പറഞ്ഞത്. ഞങ്ങൾക്ക് ജുഡീഷ്യൽ അന്വേഷണം വേണമെന്ന് തോന്നി. പിന്നെ ഫയൽ വന്നപ്പോൾ ..... (തടസ്സം) ശ്രീ. ടി. എം. ജേക്കബിന്റെ സമീപനമല്ല ശ്രീ. വി. എം. സുധീരന്. ശ്രീ. വി. എം. സുധീരന് ചിലതൊക്കെ നടക്കണമെന്നുണ്ട്. രണ്ടാമതു വന്നപ്പോൾ അദ്ദേഹം ലാ ഡിപ്പാർട്ടുമെന്റിനു ഫയൽ അയച്ചു. ലീഗലായി പരിശോധിക്കാൻ തീരുമാനിച്ചു. ലാ ഡിപ്പാർട്ടുമെന്റിൽ ഫയൽ എത്തി. ഇൻഫെയർനെസ്സും ഒന്നുകൂടി പരിശോധിച്ചു

LIBRARY ARCHIVES Kerala Legislative Assembly

അതുകഴിഞ്ഞ് രണ്ടാമത് വന്നപ്പോഴ he has examined. ലാ ഡിപ്പാർട്ടുമെൻറിനു വിട്ടു. ഫയൽ കിട്ടി. In all fairness, ഒന്നുകൂടി പരിശോധിക്കട്ടെ എന്നു തീരുമാനിച്ച് എസ്റ്റിമേറ്റ്സ് കമ്മിറ്റിക്ക് വിട്ടു. ശ്രീ. സക്കറിയാ സേട്ടാണ് ആ കമ്മിറ്റിയുടെ ചെയർമാൻ. ആ കമ്മിറ്റിയും പരിശോധിച്ചു. ജുഡീഷ്യൽ അന്വേഷണം വേണമെന്നുള്ളതിൽ തന്നെ നിന്നു. രണ്ടാമതും കമ്മിറ്റികൂടി, ജുഡീഷ്യൽ അന്വേഷണം വേണമെന്നുപറയാൻ. പിന്നെ ഒരു സബ് കമ്മിറ്റിക്ക് ഇതിലെ റെലവൻസ് എന്താണ്?

ശ്രീ. വി. എം. സുധീരൻ: സർ, അങ്ങ് ഈ സംസ്ഥാനത്ത് മന്ത്രിസഭയിലുണ്ടായിരുന്ന ആൾ തന്നെയാണല്ലോ. ഏത് നിയമസഭാ കമ്മിറ്റിയോ ആകട്ടെ, ജുഡീഷ്യൽ അന്വേഷണമാകട്ടെ, ഏത് കമ്മീഷൻ വന്നാലും അതിനെക്കുറിച്ച് മന്ത്രിസഭ പരിശോധിക്കണം. അതിന് ആവശ്യമാണെങ്കിൽ ഉപസമിതിയെ വയ്ക്കും. അത് പുതിയ കാര്യമാണോ? ഏത് റിപ്പോർട്ട് വന്നാലാണ് പരിശോധിക്കാത്തത്? എന്തിനാണ് കൃഷ്ണൻകുട്ടി ആവേശം കൊള്ളുന്നത്? ഇതിനകത്ത് ആവശ്യമില്ലാത്ത തെറ്റിദ്ധാരണ വേണ്ട. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് 1990-91, 1991-92 ..... ഞാൻ അത് പറയണ്ടെന്നു വിചാരിച്ചിരിക്കുകയായിരുന്നു. എന്നെക്കൊണ്ട് പറയിപ്പിച്ചതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഞാൻ ഇവിടെ പറഞ്ഞത് എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ റിപ്പോർട്ട് വന്നു സാധാരണ നിയമസഭ ചേരുന്നതുകൊണ്ട് ആ കമ്മിറ്റിയുടെ റിപ്പോർട്ട് ചർച്ച ചെയ്യാൻ നമുക്ക് സാവകാശമുണ്ടായിരുന്നു. സാധിക്കുമെങ്കിൽ അര മണിക്കൂർ അതിനുവേണ്ടി നീക്കിവക്കാൻ കഴിയുമെങ്കിൽ ഇതിന്റെ വസ്തുതകളൊക്കെ വെളിച്ചത്തു വരും. ബഹുമാനപ്പെട്ട സുധീരൻ ഒരു കാര്യം പറഞ്ഞു, 1984 മുതലുണ്ടായിരുന്നത് സ്വകാര്യമേഖലയ്ക്ക് കൊടുത്തിരുന്നുവെങ്കിൽ അതിനെക്കാൾ ലോവസ്റ്റ് റേറ്റ് കിട്ടുമായിരുന്നുവെന്നു പറഞ്ഞു. അതാണെങ്കിൽ രാഷ്ട്രീയമായി ആലോചിക്കണ്ടേ? അന്ന് ഇതൊന്നും പഠിച്ചില്ല. പിന്നീടാണ് പഠിച്ചത്. അപ്പോൾ സ്ഥാനം മാറുമ്പോൾ പഠിക്കും.

ശ്രീ. വി. എം. സുധീരൻ: സർ, ഇപ്പോൾ ബഹുമാനപ്പെട്ട ഷൺമുഖദാസ് പറഞ്ഞത് അതിൽ ഒരു പ്രശ്നവുമില്ലെന്നാണ്.

ജലസേചനവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ ഒരു ക്ലാരിഫിക്കേഷൻ പറയാൻവേണ്ടിയാണ് നിൽക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട ചന്ദ്രശേഖരന്റെ പ്രസംഗമദ്ധ്യേ അദ്ദേഹം രണ്ടുകാര്യം സൂചിപ്പിച്ചു. ഒന്ന്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 15 ഇന പരിപാടിയിൽപ്പെടുന്ന 83 സ്കീമുകളുടെ സ്ഥിതിയെന്തായി; ഒന്നും തീർന്നിട്ടില്ലെന്നു പറഞ്ഞു. ഇതിനോടകം ഏകദേശം 50 സ്കീമുകൾ തീർക്കാൻ കഴിഞ്ഞിട്ടുണ്ട്. മാർച്ച് 31-ാം തീയതിയോടുകൂടി 83 സ്കീംസ് പൂർത്തിയാക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് 12 കോടി രൂപ ക്യാബിനറ്റ് അനുവദിച്ചത്. അതിനു പുറമേ നാലുകോടി രൂപകൂടി അതിന് ചെലവഴിക്കപ്പെടേണ്ടിവരുമെന്ന് കണക്കാക്കികൊണ്ട് ആ പണം കൊടുക്കുന്നതിനുള്ള ക്രമീകരണവും ചെയ്തിട്ടുണ്ട്. എന്താണെങ്കിലും മാർച്ച് 31-ാം തീയതി കഴിഞ്ഞ് എത്ര സ്കീമുകളാണ് ഇതിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതെന്ന് സഭയിൽ പറയാൻ നിവൃത്തിയില്ലാത്തതുകൊണ്ട് പത്രങ്ങൾ മുഖേന ജനങ്ങളെ അറിയിക്കാനാഗ്രഹിക്കുകയാണ്. രണ്ടാമത്തെ വിഷയം അദ്ദേഹം ഇവിടെ സ്കീം

LIBRARY ARCHIVES Kerala Legislative Assembly

തീർന്നതിനെക്കുറിച്ച് പറഞ്ഞു. ഈ സഭയിൽതന്നെ നൽകിയിരിക്കുന്ന ഉത്തരങ്ങൾ ..... ഒരിക്കലും നിയമസഭാവേദിയിൽ സത്യവിരുദ്ധമായിട്ടുള്ള മറുപടികൾ മന്ത്രിമാർ പറയാറില്ലെന്ന് മന്ത്രിയായിരുന്ന ചന്ദ്രശേഖരന് അറിയാം. ഇവിടെ കൊടുത്തിരിക്കുന്ന കണക്കനുസരിച്ചു തന്നെ എഴുനൂറിലേറെ സ്കീമുകൾ കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ തീർന്നിട്ടുണ്ട്. അതിന് കൃത്യമായ കണക്ക് സഭയിലെ ചോദ്യത്തിന് മറുപടിയായി കൊടുത്തിട്ടുണ്ട്. ഇരുപത്തിയേഴുലക്ഷത്തിലേറെ ആളുകൾക്ക് കൂടുതലായി ശുദ്ധജലം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വർഷം ജലവർഷം എന്നുള്ള നിലയിൽ 247 സ്കീമുകൾ തീർക്കുമെന്ന് പറഞ്ഞു. ആ 247 സ്കീമുകളും തീർത്തിട്ടുണ്ട്. അത് നിയമസഭയിൽ ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞിട്ടുണ്ട്. പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള ആളുകൾ ഇവിടെ ഉണ്ട്. എനിക്ക് ഒരു കാര്യം അഭിമാനത്തോടുകൂടി പറയാൻ കഴിയും, ഈ ഗവൺമെൻറിന്റെ 5 വർഷത്തെ പ്രവർത്തനത്തിനിടയിൽ അപ്പുറമെന്നോ ഇപ്പുറമെന്നോ നോക്കാതെ ഓരോ പ്രദേശത്തിന്റെയും ആവശ്യകതയനുസരിച്ച് ശുദ്ധജല വിതരണ പദ്ധതികളടക്കമുള്ള കാര്യങ്ങൾ എം.എൽ.എ.മാർക്ക് ചെയ്തുകൊടുത്തിട്ടുണ്ട്. അതിനകത്ത് രാഷ്ട്രീയ വിവേചനം കാണിച്ചിട്ടില്ലെന്ന് എനിക്ക് പറയാൻ കഴിയും. ഒരു കാര്യം പറയാനുള്ളത്, 140 നിയോജകമണ്ഡലങ്ങളെ സംബന്ധിച്ചുള്ള മാപ്പ് എല്ലാ എം.എൽ.എ.മാരുടെ കൈയിലുമുണ്ട്. എക്സിസ്റ്റിംഗ് സ്കീമുകൾ എത്രയുണ്ട്, എത്ര സ്കീം ഇൻവെസ്റ്റിഗേഷനിലിരിക്കുന്നു, എത്ര സ്കീമിന്റെ പണികൾ നടന്നുവരുന്നുണ്ട്, ഇതിന്റെ കൃത്യമായിട്ടുള്ള സ്ഥിതിവിവരക്കണക്കുകൾ ഈ സഭയിലെ 140 എം.എൽ.എ.മാർക്കും ഞാൻ നൽകിയിട്ടുണ്ട്. അതിൽ കൂടുതലൊന്നും ഒരു ഡിപ്പാർട്ടുമെൻറിന് ചെയ്യാൻ സാദ്ധ്യമല്ല. പിന്നെ ബഹുമാനപ്പെട്ട ചന്ദ്രശേഖരനോട് എല്ലാ ബഹുമാനത്തോടുംകൂടി ഞാൻ പറയട്ടെ, അങ്ങയുടെ നിയോജകമണ്ഡലത്തിലെ ആഗ്മെൻറേഷൻ സ്കീം അങ്ങ് കഴിഞ്ഞ മന്ത്രിസഭയിൽ വിദ്യാഭ്യാസ മന്ത്രിയായിരുന്ന അവസരത്തിൽപ്പോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ള വസ്തുത വിസ്മരിക്കരുത്. ആ സ്കീം എങ്ങനെയെങ്കിലും ഈ മാർച്ച് 31-ന് മുമ്പ് പൂർത്തിയാക്കി വെള്ളം കൊടുത്ത് അങ്ങയുടെ നിയോജകമണ്ഡലത്തിലെ ആളുകളെക്കൂടി തൃപ്തിപ്പെടുത്തുവാൻ ഞാൻ പ്രയത്നിച്ചുകൊണ്ടിരിക്കുന്നു. അത് നടക്കുമെന്ന വിശ്വാസമുണ്ടെന്നും ഞാൻ അങ്ങയെ അറിയിക്കാനാഗ്രഹിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, എനിക്ക് പറയാനുള്ള രണ്ട് വാക്ക് ഞാൻ മൂന്നാം വായനയിൽ പറയാം.

1996-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകൾ

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, 1996-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കി തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. സി. വി. പത്മരാജൻ: 9-ാം നിയമസഭയിലെ അവസാനത്തെ ധനകാര്യ നടപടിയെന്നുള്ള നിലയ്ക്ക് ഈ ബിൽ അവതരിപ്പിച്ച് ശാന്തവും സമാധാനപരവുമായ ഒരു അന്തരീക്ഷത്തിൽ ജനങ്ങളെ സമീപിക്കാനുള്ള ഒരു സാഹചര്യമുണ്ടായതിൽ എനിക്ക് വളരെ ചാരിതാർത്ഥ്യമുണ്ട്. അതിന്റെ ബഹുമതി ഞങ്ങൾക്ക് മാത്രം അവകാശപ്പെട്ടതല്ല; ഈ സഭയ്ക്ക് മുഴുവൻ അവകാശപ്പെട്ടതാണ്. അതിലേക്ക് കടക്കുന്നതിനുമുമ്പ് ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. 'Budget in Brief' എന്ന ബുക്കിലെ പിശകിനെപ്പറ്റി കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട എ. സി. ഷൺമുഖദാസ് പറയുകയുണ്ടായി. ഇന്നലെ ഞാൻ അതിന് മറുപടി പറയാൻ തയ്യാറായിരുന്നു. പക്ഷേ നിർഭാഗ്യവശാൽ അത് വിട്ടു പോയി. റിക്കാർഡിലുള്ള ഒരു പിശക് തിരുത്താൻവേണ്ടി മാത്രം ഞാൻ പറയുകയാണ്. Table 24 Page 29 of Budget in Brief—The figures given ഇതിൽ Irrigation and power എന്ന് കൊടുത്താണ് പത്തൊമ്പതിനായിരത്തി അറുനൂറ്റി പതിനാറ് ലക്ഷം കാണിച്ചിട്ടുള്ളത്. അതിനു തൊട്ട് പുറകുവശത്തുള്ള 28-ാം കളർ പേജിലും അതുപോലെത്തന്നെ ഇറിഗേഷൻ ആൻഡ് പവർ എന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ പേജ് 30-ലേക്ക് വരുമ്പോൾ അത് 19,616 ലക്ഷം എന്ന് കാണിച്ചിരിക്കുന്നത് Same figure തന്നെയാണ്. ഇറിഗേഷൻ എന്നുള്ളതു മാത്രമാണ്. ഇത് ഒരു മിസ്റ്റേക്കാണ്. അത് ഇപ്പോൾ വന്നതല്ല. കഴിഞ്ഞ കുറെക്കാലങ്ങളായി ഇറിഗേഷൻ ആൻഡ് പവർ എന്ന ഹെഡ്ഡിംഗിലാണ് ആദ്യന്തം വന്നിട്ടുള്ളതു കൊണ്ടിരിക്കുന്നത്. ആ മിസ്റ്റേക്ക് വരാൻ പാടില്ല എന്നുള്ള അഭിപ്രായത്തോടെ ഞാൻ യോജിക്കുന്നു. അതിൽ എനിക്ക് ഖേദമുണ്ട്. പക്ഷേ വർഷങ്ങളായി തുടർന്നുവന്ന ഒരു എർപ്പാടാണ്. ഈ പ്രാവശ്യമാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത്. യഥാർത്ഥത്തിൽ ഇറിഗേഷൻ ആൻഡ് പവർ എന്നായിരുന്നില്ല വേണ്ടത്, ഇറിഗേഷൻ ആൻഡ് ഫ്ളഡ് കൺട്രോൾ എന്നാണ് വേണ്ടിയിരുന്നത്. അത് ഒരു മിസ്റ്റേക്ക് വന്നുപോയതാണ്. അത് ചൂണ്ടിക്കാണിച്ചതിൽ ബഹുമാനപ്പെട്ട മെമ്പറോട് എനിക്ക് കൃതജ്ഞതയുണ്ട്. ആ തെറ്റ് തിരുത്തുന്നതാണ്. മറ്റ് കാര്യങ്ങളിലേക്ക് ഇപ്പോൾ കടക്കുന്നില്ല. ഇന്ന് ഈ ചർച്ചയിൽ മുഴുവൻ രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

മായിട്ടുള്ള കാര്യങ്ങളാണ് കേട്ടത്. സ്വാഭാവികമായിട്ട് രാഷ്ട്രീയത്തിന്റെ അതിപ്രസരവും രാഷ്ട്രീയമായ സമീപനവും കാണും. അതിന്റെ മറുപടിയായിട്ടൊക്കെ പറയുന്നത് ഈ സന്ദർഭത്തിൽ ഉചിതമാണെന്ന് എനിക്ക് തോന്നുന്നില്ല. പക്ഷേ ഒരു കാര്യം, 1956-ൽ കേരളമുണ്ടായതിനുശേഷം ഇവിടെ പല മന്ത്രിസഭകളുമുണ്ടായിട്ടുണ്ട്. മാർക്സിസ്റ്റ് നേതൃത്വത്തിൽ, സി. പി. ഐ-യുടെ നേതൃത്വത്തിൽ, സി. പി. ഐ.-ഉം ഞങ്ങളും അപ്പുറത്തിരിക്കുന്നവരുമൊക്കെകൂടി ചേർന്നുള്ള മന്ത്രിസഭ, ഐക്യജനാധിപത്യ മുന്നണി മന്ത്രിസഭ—ഇതൊക്കെയുണ്ടായിട്ടുണ്ട്. പക്ഷേ കേരളത്തിന്റെ ചരിത്രമെടുത്തുനോക്കിയാൽ കാലാവധി തികയ്ക്കാൻ കഴിഞ്ഞിട്ടുള്ള മൂന്ന് മന്ത്രിസഭകളേയുള്ളൂ. (1) ശ്രീ. സി. അച്യുതമേനോന്റെ രണ്ടാമത്തെ മന്ത്രിസഭ, അതിന്റെ ക്രെഡിറ്റ് നമുക്കും മുൻപിലുള്ള ചില ആളുകൾക്കും കൂടി അവകാശപ്പെട്ടതാണ്. (2) ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള 1982-ലെ മന്ത്രിസഭ. (3) ശ്രീ. കെ. കരുണാകരന്റേയും ശ്രീ. എ. കെ. ആന്റണിയുടേയും നേതൃത്വത്തിലുള്ള ഐക്യജനാധിപത്യമുന്നണി മന്ത്രിസഭ. പക്ഷേ ഇപ്പോഴും ചരിത്രം തെളിയിക്കുന്നത് കോൺഗ്രസ്സിന്റെ നേതൃത്വത്തിലോ, കോൺഗ്രസ്സിന്റെ പങ്കാളിത്തത്തിലോ ഉള്ള മന്ത്രിസഭയിലല്ലാതെ മറെറാരു മന്ത്രിസഭയ്ക്കും ഈ കേരളം കാലാവധി മുഴുവൻ ഭരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

ശ്രീ. ടി. ശിവദാസമേനോൻ: സർ, ഹെയ്ലി സെലാസി രാജാവ് എത്യോപ്യ ഭരിച്ചത് എത്ര കൊല്ലമാണ്? ഫ്രാങ്കോ സ്പെയിൻ എത്ര വർഷമാണ് ഭരിച്ചത്? ഭരണത്തിന്റെ നീളമാണ് കാര്യം.

ശ്രീ. സി. വി. പത്മരാജൻ: സർ, ഹെയ്ലി സെലാസി എന്ന് ഉദ്ദേശിച്ച കൂട്ടത്തിൽ ശ്രീ. ബേബി ജോണും വി. വി. രാഘവനുമൊക്കെ ഉൾപ്പെടുമോ?

ശ്രീ. ടി. എം. ജേക്കബ്: സർ, ശ്രീ. ശിവദാസമേനോന്റെ അറിവിലേക്കുവേണ്ടി പറയുകയാണ്, സോവിയറ്റ് റഷ്യയിൽ ഒരുപാട് കാലം കമ്മ്യൂണിസ്റ്റ് പാർട്ടി ഭരിച്ചല്ലോ, ഇപ്പോൾ എവിടെയുണ്ട് സോവിയറ്റ് റഷ്യ?

ശ്രീ. സി. വി. പത്മരാജൻ: സർ, ഞാൻ ഒരു വാദപ്രതിവാദത്തിനോ, വെല്ലുവിളിക്കോ ഒന്നും തുനിയുകയല്ല. ഒരു യാഥാർത്ഥ്യം ചൂണ്ടിക്കാണിക്കുകയാണ് ചെയ്തത്.

ശ്രീ. ടി. ശിവദാസമേനോൻ: റഷ്യയുടെ സ്ഥിതി എന്തായിയെന്നു ചോദിച്ചവർ ഒരു കാര്യം ഓർക്കണം റഷ്യൻ പാർലമെന്റിൽ റഷ്യൻ പാർട്ടിയുടെ സുഖിനോവ് വന്നു. ജൂണിലെ പ്രസിഡൻറ് 7 p. m.] ഇലക്ഷനിൽ gallup poll has determined Communist party to return in power. മനസ്സിലായോ? അതുപോലെ കേരളത്തിൽ ഇടതുപക്ഷജനാധിപത്യമുന്നണി നിങ്ങളെ തവിടുപൊടിയാക്കി കൊണ്ട് അധികാരത്തിൽ വരും.

ശ്രീ. ടി. എം. ജേക്കബ്: സോവിയറ്റ് റഷ്യയെന്നു പറയുന്ന രാജ്യം തന്നെ ഇപ്പോൾ ഇല്ല.

ശ്രീ. ബേബി ജോൺ: ഇന്നത്തെ ഇൻഡ്യയുടെ വളർച്ചയ്ക്ക് കാര്യമായ സംഭാവന ചെയ്തിരുന്ന ഒരു രാജ്യമായിരുന്നു സോവിയറ്റ് റഷ്യയെന്ന വസ്തുത മറക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു ഒരു ഗവൺമെൻറും 5 വർഷം ഭരിച്ചിട്ടില്ലെന്ന്. കഴിഞ്ഞ ഞങ്ങളുടെ ഗവൺമെൻറ് 5 വർഷം തികയ്ക്കാതിരുന്നത് ഇലക്ഷനു പോകാൻ ഞങ്ങളാ സ്വയം തീരുമാനിച്ചതുകൊണ്ടാണ്.

ശ്രീ. സി. വി. പത്മരാജൻ: ഒന്നുകിൽ തങ്ങളെക്കൊണ്ട് കഴിയുകയില്ലെന്നു തോന്നി; ഇല്ലെങ്കിൽ തങ്ങളാ പോയാലും കുറെക്കൂടി ശക്തിയോടുകൂടി തിരിച്ചു വരാമെന്നു നിങ്ങളുടെ കൂട്ടത്തിലുള്ള ചിലർക്കെങ്കിലും മിഥ്യാബോധമുണ്ടായതുകൊണ്ടാണ്. ചരിത്രമാണ് യാഥാർത്ഥ്യം, കാരണങ്ങളല്ല. അതുകൊണ്ട് കേരളത്തിലെ ജനങ്ങളാ വിലയിരുത്തുന്നത് ആർക്കാണ് സ്റ്റെബിലിറ്റിയുള്ള ഭരണം നൽകാൻ കഴിയുന്നതെന്നാണ്. അഭിപ്രായവ്യത്യാസങ്ങളും എതിർപ്പുകളും ഉണ്ടെങ്കിലും ഐക്യജനാധിപത്യമുന്നണി ഇന്ന് കാലാവധി പൂർത്തിയാക്കിക്കൊണ്ട് തിരഞ്ഞെടുപ്പിലേക്ക് പോകുന്ന ഈ അവസരത്തിൽ ഇതവതരിപ്പിക്കുന്നതിൽ സന്തോഷമുണ്ട്. എല്ലാ അംഗങ്ങളാക്കും ഹൃദയംഗമമായ നന്ദി പറയുന്നു. നന്ദി, നന്ദി.

ശ്രീ. ടി. ശിവദാസമേനോൻ: ഞങ്ങളാ 1991-ൽ കാലാവധി പൂർത്തിയാക്കിയില്ലെന്നു പറഞ്ഞു. 1983-ൽ നടത്താത്ത പഞ്ചായത്ത് തെരഞ്ഞെടുപ്പ് 1988-ൽ നടത്തി. 1991-ൽ പാർലമെൻറ് ഇലക്ഷൻ വന്നു. അത് ഞങ്ങളുടെ കുറ്റം കൊണ്ടല്ല. അതിൻെറ കൂടെ നടത്തിയില്ലെങ്കിൽ 1992-ൽ അസംബ്ലി ഇലക്ഷൻ പ്രത്യേകം വയ്ക്കണം. 1993-ൽ വീണ്ടും പഞ്ചായത്ത് ഇലക്ഷൻ വരികയാണ്. എല്ലാ വർഷവും ഓണവും വിഷുവും പോലെ ഇത് ആണ്ടുതോറും വേണ്ടെന്നു വിചാരിച്ചിട്ടാണ് അതിനൊപ്പം ഒരു അസംബ്ലി ഇലക്ഷൻകൂടി വയ്ക്കാമെന്നു കരുതിയത്. പക്ഷേ ശ്രീ. രാജീവ് ഗാന്ധിയെ, നിങ്ങളാ വിലയായി കൊടുക്കുമെന്നു ഞങ്ങളാ കരുതിയില്ല; അദ്ദേഹത്തോട് ഈ പണി ചെയ്യുമെന്നും ഞങ്ങളാ കരുതിയില്ല. അദ്ദേഹത്തെ തട്ടിയില്ലേ സർ?

ശ്രീ. വി. എസ്. അച്യുതാനന്ദൻ: 1982 മുതൽ 1987 വരെയും അവർ 5 കൊല്ലം തീർത്തവരായിരുന്നില്ലേ.

ശ്രീ. ബേബി ജോൺ: സർ, ...

ശ്രീ. ടി. എം. ജേക്കബ്: ഈ ഹൗസിൽ ഒരു കീഴ്വഴക്കമുണ്ട്. അപ്രോപ്രിയേഷൻ ബില്ലിൻെറ 3-ാം വായനയിൽ ആര്യം.....

ശ്രീ. ബേബി ജോൺ: കീഴ്വഴക്കമറിഞ്ഞുകൊണ്ടുതന്നെ പറയുകയാണ്. അദ്ദേഹം പറഞ്ഞതുപോലെ ഈ നിയമസഭയുടെ അവസാനമാണ്. എല്ലാ രംഗങ്ങളിലും വിജയിച്ചുവെന്ന് അവകാശപ്പെടുന്ന ഒരു ഗവൺമെൻറ്, ഒരു നല്ല ചിത്രം വരച്ചു കാണിക്കാൻ ശ്രമിച്ച ഒരു ഗവൺമെൻറ്, ... ഞാൻ സമ്മതിക്കുന്നു. പക്ഷേ വസ്തുത എന്താണെന്ന് നാം മനസ്സിലാക്കണം. യാഥാർത്ഥ്യബോധത്തോടുകൂടി നാം പ്രശ്നങ്ങളാ കാണണം. ഈ ഗവൺമെൻറ് ഈ സംസ്ഥാനത്തിന് ചെയ്ത ദ്രോഹം എന്താണെന്ന് അറിയാമോ? സാമുദായിക ചേരിതിരിവിനുവേണ്ടി പ്രേരണനൽകി. അങ്ങനെ ഈ നാടിന് ഏറ്റവും വലിയ ദ്രോഹമാണ് ഈ ഗവൺമെൻറ് ചെയ്തത്.

മി. സ്പീക്കർ: 1996-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.....

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. ശിവദാസമേനോൻ: ഞാൻ പോകം ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി:

അനുകൂലിക്കുന്നവർ—67

1. [ശ്രീ. കെ. പി. എ. മജീദ്
2. ,, എ. വി. അബ്ദുറഹിമാൻ ഹാജി
3. ,, കെ. കെ. അബു
4. ,, ഇ. എം. അഗസ്തി
5. [ശ്രീമതി അൽഫോൺസാ ജോൺ
6. [ശ്രീ. എ. കെ. ആൻറണി
7. ,, കെ. ബാബു
8. ,, പി. ബാലൻ
9. ,, പി. കെ. കെ. ബാവ
10. ,, ടി. വി. ചന്ദ്രമോഹൻ
11. ,, ഡേവിഡ് പിൻഹീറോ
12. ,, ഡൊമിനിക് പ്രസന്റേഷൻ
13. ,, പി. പി. ജോർജ്
14. ,, ജോർജ് ഈഡൻ
15. ,, ജോർജ് ജെ. മാത്യു
16. ,, ജോർജ് മസ്ക്രീൻ
17. ,, എ. വി. ഗോപിനാഥൻ
18. ,, എം. എം. ഹസ്സൻ
19. ,, ഇസ്ഹാക്ക് കുരിക്കൾ
20. ,, ടി. എം. ജേക്കബ്
21. ,, ജോണി നെല്ലൂർ
22. ,, കെ. സി. ജോസഫ്
23. ,, പി. ജെ. ജോയി
24. ,, ജോയി എബ്രഹാം
25. ,, പി. കെ. കുഞ്ഞാലിക്കുട്ടി
26. ,, കെ. കുട്ടി അഹമ്മദ്കുട്ടി
27. ,, പുനലൂർ മധു
28. ,, മാമ്മൻ മത്തായി
29. ,, എ. കെ. മണി
30. ,, പി. എം. മാത്യു
31. ,, മാത്യു സ്റ്റീഫൻ
32. ,, ആര്യാടൻ മുഹമ്മദ്
33. ,, കല്ലടി മുഹമ്മദ്
34. ,, കെ. മുഹമ്മദാലി
35. ,, ഇ. ടി. മുഹമ്മദ് ബഷീർ
36. ,, പി. വി. മുഹമ്മദ്
37. ,, എം. കെ. മുനീർ
38. ,, എം. മുരളി
39. ,, കെ. നാരായണക്കുറുപ്പ്
40. ,, കെ. എസ്. നാരായണൻ നമ്പൂതിരി
41. ,, കെ. പി. നൂറുദ്ദീൻ
42. ,, ഉമ്മൻ ചാണ്ടി

LIBRARY ARCHIVES Kerala Legislative Assembly

43. ശ്രീമതി എം. ടി. പത്മ
44. ശ്രീ. സി. വി. പത്മരാജൻ
45. ,, തച്ചടി പ്രഭാകരൻ
46. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
47. ,, എം. വി. രാഘവൻ
48. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
49. ,, എൻ. രാമകൃഷ്ണൻ
50. ,, പാലോട് രവി
51. ശ്രീമതി റോസമ്മ ചാക്കോ
52. ശ്രീ. കടവൂർ ശിവദാസൻ
53. ശ്രീമതി ശോഭനാ ജോർജ്
54. ശ്രീ. കെ. എം. സൂപ്പി
55. ,, നാലകത്ത് സൂപ്പി
56. ,, പന്തളം സുധാകരൻ
57. ,, വി. എം. സുധീരൻ
58. ,, എ. സുജനപാൽ
59. ,, സി. എം. സുന്ദരം
60. ,, എം. പി. താമി
61. ,, പി. പി. തങ്കച്ചൻ
62. ,, സി. എഫ്. തോമസ്
63. ,, കെ. കെ. തോമസ്
64. ,, തോമസ് ചാഴിക്കാടൻ
65. ,, കെ. പി. വിശ്വനാഥൻ
66. ,, എ. യൂനസ് കുഞ്ഞ്
67. ,, എം. ജെ. സഖറിയ

പ്രതികൂലിക്കുന്നവർ—36

1. ശ്രീ. വി. എസ്. അച്യുതാനന്ദൻ
2. ,, ബേബി ജോൺ
3. ,, വി. കെ. ബാബു
4. ,, സി. പി. ബാലൻ വൈദ്യർ
5. ,, ഒ. ഭരതൻ
6. ,, സി. കെ. ചന്ദ്രപ്പൻ
7. ,, കെ. ചന്ദ്രശേഖരൻ
8. ,, ടി. ചാത്തു
9. ,, ടി. കെ. ഹംസ
10. ,, ഇ. പി. ജയരാജൻ
11. ,, എ. കണാരൻ
12. ,, വി. കേശവൻ
13. ,, കെ. കൃഷ്ണൻകുട്ടി
14. ,, പാച്ചേനി കുഞ്ഞിരാമൻ
15. ,, ലോനപ്പൻ നമ്പാടൻ
16. ,, കെ. പി. മമ്മു മാസ്റ്റർ
17. ,, ടി. നാണുമാസ്റ്റർ
18. ,, സി. പി. നാരായണൻ
19. ,, എം. നാരായണൻ (ഹോസ്ദുർഗ്)
20. ,, എം. നാരായണൻ (കുഴൽമന്ദം)

LIBRARY ARCHIVES Kerala Legislative Assembly

21. ശ്രീ. എ. പത്മകുമാർ
22. ,, കെ. പ്രകാശ് ബാബു
23. ശ്രീമതി എൻ. കെ. രാധ
24. ശ്രീ. വർക്കല രാധാകൃഷ്ണൻ
25. ,, ബി. രാഘവൻ
26. ,, പി. രാഘവൻ
27. ,, വി. വി. രാഘവൻ
28. ,, എൻ. രാജൻ
29. ,, പി. രാജു
30. ,, ഇ. ശങ്കരൻ
31. ,, എസ്. ശർമ്മ
32. ,, സത്യൻ മൊകേരി
33. ,, എ. സി. ഷൺമുഖദാസ്
34. ,, ടി. ശിവദാസമേനോൻ
35. ,, വി. ജെ. തങ്കപ്പൻ
36. ,, പിണറായി വിജയൻ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—67

പ്രതികൂലിക്കുന്നവർ—36

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചു. ബിൽ സഭ പാസ്സാക്കി.

(b) സബ്ജക്ടകമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെ പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(1) 1996-ലെ കേരള പഞ്ചായത്ത്രാജ് (ഭേദഗതി) ബിൽ

(2) 1996-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കെ. ബാവ): സർ, സബ്ജക്ട കമ്മിറ്റി റിപ്പോർട്ട് ചെയ്ത 1996-ലെ കേരള പഞ്ചായത്ത്രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പ് മന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സബ്ജക്ട കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1996-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly